# AVALON 08

# തുള്ളികൾ



# താളുകളിലൂടെ....


| | | |
|---|---|---|
| 1. | കാലാവധി | ASWATHY VIJAYAN |
| 2. | തൻമാത്ര | NAYANA K |
| 3. | ആഗോളീകരണം: പ്രശ്നങ്ങളും പ്രതിവിധികളും | SHAFEEQ |
| 4 | SOLITUDE | VYSAGHAN |
| 5 | ജൂനിയേഴ്സിനെയും കാത്ത്... | NEETHU |
| 6. | WINNER | Md. JAVED CHAND |
| 7. | പ്രതീക്ഷയോടെ.... | DARSANA |
| 8. | ഈ പുഴയും കടന്ന്. | SAMEER ALI |
| 9. | മഴയുടെ ഉത്തരം തേടി | ANIL SEBASTIAN |
| 10 | AN IDEA OF HAPPINESS | BINCY K.V. |
| 11. | ഒരു പ്രാണിപിടുത്തത്തിന്റെ കഥ | JOSNA JOSE |
| 12. | ക്യാംപസ് | NANU P.A. |
| 13 | വെളുത്താരം കല്ലുകളുടെ കഥ | RESHMIKA P.K. |

| | | |
|---|---|---|
| 14 | साहरना एक गुनाह या जुर्म | ASHIQUE T.K. |
| 15 | നെരിപ്പോടുകൾ | MITHU ANTO |
| 16 | LOVE FROM HEART | NITHIN K |
| 17 | സെപ്തംബർ 11 ന്റെ ഓർമ്മയ്ക്ക് | BASILA C.C. |
| 18 | വിട പറയുമ്പോൾ | MINNU SEBASTIAN |
| 19 | മരണമണി | JANCY |
| 20 | क्या हम दोहराएँगे वही इतिहास? | SULAKSHANA RAO |
| 21 | അഗ്നിസാക്ഷി | SAJEERA C |
| 22 | പറയാൻ ബാക്കിവച്ചത് | JINCY JOSEPH |
| 23 | REMINISCENCE | MANJU ROSHNI |
| 24 | സൃഷ്ടി | SHAMNA N |
| 25 | ഭാരതപര്യടനം | ASWATHY HARSHAN |
| 26 | മകൻ പ്രണയിനി. | MRUTHUL |
| 27 | വിധിവിളക്ക് | ANJU GEORGE |
| 28 | വിലക്ക | DRISYA VIJAYAKUMAR |
| 29 | ഒരു നിലാപക്ഷിയുടെ തേങ്ങൽ | ISNA KARIMBAN |
| 30 | അവൾ | RUBEENA M |

| | | |
|---|---|---|
| 31 | LIFE | SREE REMYA |
| 32 | LIFE IS DEATH. DEATH IS LIFE | RASMI RANJAN |
| 33 | IN THE NAME OF ALLAH | DANISH CHOUDHARI |
| 34 | NO ONE'S ALONE | JUSTINA P. JOHN |
| 35 | ഇൻസ്പിരേഷൻ | SRUTHY V. MENON |
| 36 | ഓർമ്മ | SAEED |
| 37 | नाज | PRADEEP KUMAR |
| 38 | बच्चा | ABHISHEK KUMAR |
| 39 | ശേഷം സ്ക്രീനിൽ | RESHMA M.R. |
| 40 | ഒരു COH ഡയറിക്കുറിപ്പ് | SURYA VIJAYAN |
| 41 | തെരുവിന്റെ സ്വപ്നങ്ങൾ | JOSENA JOSE |
| 42 | എന്റെ മാസ്റ്റർ | NAJIYA SAMAD |
| 43 | WAY TO HORTI | RIJITH P |
| 44 | നിശബ്ദത | ANILA M.A. |

EDITOR :

NITHIN K.

SUB EDITOR:

NAYANA K

WRITTEN BY

BABITHA P.S

JANCY J

TEENA S

NEETHU T.M

ARTS :

SHAMNA N

RESHMA M.R.

THANKS TO:

ALL

AVALON 08 STARTING UP.....

# സമർപ്പണം



സാമൂഹിക വ്യവസ്ഥയിലെ
പൊരുത്തക്കേടുകളോട് പ്രതികരി
ക്കാനാവാതെ ചരിത്രത്തിന്റെ
ഓർമ്മത്തെറ്റുകളായി മാറിയ ഇവ-
രുടെ നൊമ്പരങ്ങൾക്കു മുമ്പിൽ
സമർപ്പിച്ചുകൊണ്ട് ....

എഡിറ്റർ

# കാലാവധി

കുമിഞ്ഞു കൂടിയ ഇരുട്ടിലേക്കാണ്
കൺതുറന്നത്.
ശാഠ്യം പിടിച്ചുകരയുന്ന കുട്ടി
പുറത്ത്, മഴ തിമർക്കുകയാണ്
വെളിച്ചത്തെ ഭയന്നെന്നോണം
മിന്നലിൽ ഇരുട്ട് -
മൂലകളിലേക്ക് പതുങ്ങുന്നു.
പോളകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന
ഉറക്കം തിരുമ്മിക്കളഞ്ഞ്,
അവൾ നടന്നു; അടുക്കളയിലേക്ക്.
പൊള്ളയായ ഗ്യാസ് സിലിണ്ടർ
അവളുടെ കൈയ്യിലെ -
തിളയ്ക്കാൻ കൊതിക്കുന്ന
വെള്ളത്തെ നോക്കി കൈമലർത്തി.

അടുപ്പിൽ,
ചിണുങ്ങിക്കരയുന്ന കുട്ടിയെപ്പോലെ.
പുകഞ്ഞു കൊണ്ടിരിക്കുന്ന വിറക്.
ചോറ്റുകലത്തിൽ തന്നെ -
പുൽകാൻ വരുന്ന
തീനാളത്തെയും സ്വപ്നം കണ്ടുറങ്ങുന്ന വെള്ളം.

7 ലേക്കോടിയെത്തിയ
മണിക്കൂർ സൂചിയുടെ കിതപ്പ്
ഘടികാരത്തിൽ മണിയടിയായി മുഴങ്ങി.
അപ്പോൾ,
8 ന് പടിയ്ക്കലെത്തുന്ന
സ്കൂൾ ബസ്സിന്റെ
വലിയ ചക്രങ്ങൾ
അവളുടെ മസ്തിഷ്കത്തിലൂടെ
കടന്നുപോയി.
ഇരുട്ടിൽ തപ്പിത്തടഞ്ഞ്
കയ്യിൽ കിട്ടിയത്
കാലാവധി കഴിഞ്ഞെന്നു കരുതിയ
പഴയ ഒരു തുണ്ട് കടലാസ്
വക്കുകൾ ചിതലരിച്ചതെങ്കിലും
മഷി മങ്ങാത്ത
അവളുടെ ഒരു കവിത
ഉറങ്ങിക്കിടപ്പുണ്ടായിരുന്നതിൽ

അവളുടെ വാക്കുകളിൽ നിന്നുത്ഭവിച്ച
ചൂടേറ്റ്,
കിനാവുകണ്ടിരുന്ന വെള്ളം
ചോറുകലത്തിൽ ഉണർന്നു തുള്ളി....

അശ്വതി വിജയൻ.

# തന്മാത്ര

ജീവിതത്തിലെ മുഴുവൻ അലച്ചിലുകളോടും വിട പറഞ്ഞ് വാർദ്ധക്യത്തിന്റെ ഏകാന്തയുമൊടുക്കമെത്തിയപ്പോൾ ഉമ്മറത്തെ ചാരുകസേര അയാൾക്ക് കൂട്ടായിരുന്നു. ഏകാന്തയൊടുവിലത്തെ കൂട്ടുകാരൻ. കഴിഞ്ഞുപോയ കാലത്തെ ഓരോ നിമിഷവും അരിച്ചുപെറുക്കുമ്പോൾ ചാരുകസേര തനിക്ക് ഒരു തൊട്ടിലായി. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുന്നതിനിടയിൽ ചെയ്തുകൂട്ടിയ കാര്യങ്ങൾ ഒന്നൊന്നായി ഇപ്പോൾ താരാട്ടോതുന്നു. അന്നത്തെ മോഹങ്ങൾക്ക് അതിരില്ലായിരുന്നു, സ്വകാര്യങ്ങൾക്കും. പക്ഷേ വേണ്ടതൊന്നും പ്രയോജനപ്പെടുത്താൻ താൻ ഒരുമ്പെട്ടില്ല. ലോകം കീഴടക്കാൻ നെയ്തുകൂട്ടിയ സ്വപ്നങ്ങളെല്ലാം ആഡംബരത്തിന്റെ അഗാധതയിൽ മുങ്ങിത്താഴ്ന്നു. നേരംപോക്കുകളിൽ നോട്ടുകെട്ടുകൾ വലിച്ചെറിഞ്ഞ് നേരംപോക്കിയെന്ന് കാലം പിന്നീട് തെളിയിച്ചു. അവസാന ശ്വാസങ്ങൾ തനിക്കുവേണ്ടി ഇപ്പോഴും കാത്തിരിക്കുകയാണ്. കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ ഓടിയിരുന്ന തനിക്കിനി ഒന്നും ചെയ്യാനില്ല. അഥവാ ആഗ്രഹമുണ്ടെങ്കിൽ തന്നെ നരയും ബലഹീനതയും

അതിനിനി അനുവദിക്കുകയുമില്ല. കാലം കൈവിലങ്ങുകളേർപ്പെടുത്തിയപ്പോൾ തന്റെ പ്രജ്ഞയുടെ അവസാന യവനികയിൽ തെളിയുന്നതിങ്ങനെയാണ് - 'ഭൂമിയുടെ നെറുകയിൽ നിന്നിരുന്ന താൻ മരണത്തിന്റെ അകമ്പടി സേവിച്ച് ദേഹവും ദേഹിയും വേർപെട്ട് ഒരു തന്മാത്ര മാത്രമായി അവശേഷിക്കുന്നു. അത് അന്തരീക്ഷത്തിലൂടെ പാറി നടക്കുന്നു. പഴയ പ്രതാപകാലത്തെ കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ'...

നയന കെ

# ആഗോളീകരണം പ്രശ്നങ്ങളും പ്രതിസന്ധികളും

ആഗോളവത്കരണം എന്ന പദം നമുക്കു പുതിയതാണെങ്കിലും ഈ പ്രവണതക്ക് ഏറെ പഴക്കമുണ്ട്. മനുഷ്യസമൂഹങ്ങൾക്കിടയിൽ നിലനിൽക്കുന്ന അകലവും മതിൽക്കെട്ടുകളും കുറഞ്ഞു വരുന്ന ആഗോളവത്കരണ പ്രക്രിയക്ക് മനുഷ്യനാഗരികതയോളം നീണ്ടു നിൽക്കുന്ന ചരിത്രമുണ്ട്. സമൂഹങ്ങൾക്കും സംസ്കാരങ്ങൾക്കും രാഷ്ട്രങ്ങൾക്കുമിടയിലുള്ള അതിർവരമ്പുകളും അകൽച്ചയും ഇല്ലാതാക്കുകയാണ് ആഗോളീകരണത്തിലൂടെ ഉദ്ദേശിക്കുന്നത്. അതുവഴി ലോകത്തെ, ആഗോളഗ്രാമത്തിലേക്കും വിശ്വകുടുംബത്തിലേക്കും പരിവർത്തിപ്പിച്ചെടുക്കാൻ സാധിക്കുന്നു.



## ആഗോളീകരണത്തിന്റെ സവിശേഷതകൾ

ദേശാന്തരത്തിലൂന്നിയ കമ്പോളം : കമ്പോളത്തിന്റെ വളർച്ചക്കു വേണ്ടി എല്ലാ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ അന്തരീക്ഷവും നയപരിപാടികളും ഒരുക്കി കമ്പോളം സുഗമമായി പ്രവർത്തിപ്പിക്കുകയെന്നതാണ് ഇവിടെ വിവക്ഷിക്കുന്നത്.

പുത്തൻ സാങ്കേതിക സാധ്യതകളും അതിരുകളുടെ അന്ത്യവും : ഒരു അമേരിക്കക്കാരന് ന്യൂയോർക്ക് ഓഹരി കമ്പോളത്തിൽ ഒരു അമേരിക്കൻ കമ്പനിയുടെ ഓഹരിവാങ്ങുകയോ വിൽക്കുകയോ ചെയ്യുന്ന അതേ ലാഘവത്തോടെ സിങ്കപ്പൂർ, ഹോങ്കോങ്ങ്, മുംബൈ തുടങ്ങിയ ലോകത്തിലെ ഓഹരികമ്പോളങ്ങളുമായി ഇടപാടു നടത്താം.

# മൂലധനത്തിന്റെ ആഗോളീകരണം

മൂലധനത്തിന്റെ ആഗോളീകരണത്തിലൂടെ 'മൂലധനസ്വരൂപണം' ലോകവ്യാപകമായി തീർന്നിരിക്കുന്നു. വിദേശനിക്ഷേപം, വിദേശവ്യാപാരം, അന്തർദേശീയ വായ്പകളും അതിലേക്ക് സൃഷ്ടിച്ചെടുത്തിരിക്കുന്ന പരിഷ്കൃത ധനകാര്യ ഉപകരണങ്ങൾ, വിദേശനാണയ കമ്പോളം, ധനകാര്യ മേഖലയിലെ ഊഹക്കച്ചവടം, സ്വകാര്യകടങ്ങൾ, പൊതുകടങ്ങൾ എന്നിവ മൂലമുണ്ടാകുന്നു.

1. ഉൽപാദനത്തിന്റെ രാജ്യാന്തരീകരണം: പണ്ട് ഉൽപാദനം ഒരേ പ്രദേശത്ത് പ്രക്രിയ ആയിരുന്നു. ഫോർഡ് കാറും കൊക്കോകോളയും ലോകത്തിന്റെ ഏതുമൂലയിലും ലഭിക്കുമെന്നതാണ് ഇന്നത്തെ സവിശേഷത. കാരണം ഉൽപാദനം ഇന്ന് രാജ്യാന്തരമായി മാറിയിരിക്കുന്നു.
2. സേവനമേഖലയിലെ മുന്നേറ്റം: അന്തർദേശീയ സമൂഹം വിവരാധിഷ്ഠിതമായി മാറിക്കൊണ്ടിരിക്കുന്നു. ഭൗതിക വസ്തുക്കളേക്കാൾ പ്രാധാന്യം ഇന്ന് വാർത്താരൂപങ്ങൾക്കാണ്.
3. അഭിരുചികളുടെ ഏകീകരണം: ആഗോളവൽക്കരണം വൈവിധ്യങ്ങളെ ഇഷ്ടപ്പെടുന്നില്ല. വസ്ത്രധാരണം, ഭക്ഷണപാനീയങ്ങൾ എന്നിവയിൽ ഒരേ രീതി അവലംബിക്കാൻ ആളുകളെ പരസ്യങ്ങളിലൂടെ നിർബന്ധിക്കുന്നു.
4. ആഗോളവൽക്കരണ നീതിവൽക്കരണം: ഐ. എം. എഫും ലോകബാങ്കും ആഗോളവൽക്കരണത്തിന് ഭൗതിക അടിത്തറ പണിയുന്നു. 1995 മുതൽ ലോകവ്യാപാരസംഘടന പ്രവർത്തനം തുടങ്ങി. ചരക്കു വ്യാപാരം മാത്രമല്ല മൂലധനം, നിക്ഷേപം, കാർഷിക മേഖല തുടങ്ങിയ ഒട്ടേറെ മേഖലകൾ ഈ സംഘടന സാമ്പത്തികമായി നിയന്ത്രിക്കുന്നു. ചുരുക്കത്തിൽ ലോകബാങ്ക്, നാണ്യനിധി, ലോകവ്യാപാര സംഘടന എന്നീ ത്രിമൂർത്തികളാണ് ആഗോളീകരണത്തിന് വേണ്ട സാധൂകരണം നൽകുന്നത്.

ആഗോളവൽക്കരണത്തിന്റെ നിലനിൽപ്പിന് ഏറ്റവും കൂടുതൽ ശക്തിപകരുന്നത് മാധ്യമങ്ങളാണ്. ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് മനുഷ്യരുടെ വിചാരവികാര കേന്ദ്രങ്ങളിൽ തരംഗങ്ങൾ ഉണ്ടാക്കാനാകും, കമ്പനികളുടെ ലോകക്രമവും മനുഷ്യമനസ്സിൽ അരക്കിട്ടുറപ്പിക്കുന്നത്

മാധ്യമങ്ങളാണ്. ആഡംബരങ്ങൾ വർധിപ്പിക്കുക, ജീവിതം ഉപഭോഗത്തിലൂന്നി നിലനിൽക്കുന്നുവെന്ന് വിശ്വസിക്കുക തുടങ്ങിയ കമ്പോള ദൗത്യം പ്രചരിപ്പിക്കുന്നത് മാധ്യമങ്ങളിലൂടെയാണ്. എഡ്വേർഡ് ഹെർമനും റോബേർട്ട് മക്ചസ്നിയും പറയുന്നത് ശ്രദ്ധിക്കുക "കച്ചവടത്തിന്റെയും കമ്പോളത്തിന്റെയും ധർമം പ്രചരിപ്പിക്കുന്ന നമ്മുടെ യുഗത്തിലെ മിഷനറിമാരാണ് ആഗോളമാധ്യമങ്ങൾ". വൻ മാധ്യമ കമ്പനികളും വൻകിട വാണിജ്യ കമ്പനികളും കൈകോർത്താണ് ലോകത്ത് പ്രവർത്തിക്കുന്നത്. അമേരിക്കയിലെ നാഷണൽ ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷന്റെ പരിപാടികൾ നിശ്ചയിക്കുന്നത് ഐ.ബി.എം. കമ്പ്യൂട്ടർ കമ്പനിയാണ്. ആഗോളീകരണം സമ്പന്നനും ദരിദ്രനും തമ്മിലുള്ള അന്തരം വർധിപ്പിക്കുന്നു.

ആഗോളവൽക്കരണത്തിന് വിധേയമായ സമൂഹങ്ങളിൽ അരാജകത്വം, സദാചാര തകർച്ച, മാനസിക പിരിമുറുക്കം, മദ്യപാനം, സ്ത്രീ പീഡനം, അരാഷ്ട്രീയത എന്നിവ വർധിക്കുന്നു. കേരളീയ സമൂഹമാണ് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആഗോളവൽക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നത്. നാഷണൽ ക്രൈം ബ്യൂറോ പുറത്തുവിട്ട കുറ്റകൃത്യങ്ങളുടെ കണക്കുകളിലും മുന്നിൽ നിൽക്കുന്നത് കേരളമാണ്. കമ്പോളസവിശേഷതകൾ എമ്പാടും പ്രചരിക്കുമ്പോൾ മാനുഷിക സാമൂഹിക മൂല്യങ്ങളെക്കുറിച്ച് മൗനമവലംബിക്കുമ്പോൾ അതിവലിയ പ്രശ്നം സൃഷ്ടിക്കുന്നു. മാനുഷിക പക്ഷത്തു നിന്നും ഇതിനെതിരെ ശക്തമായ പ്രതികരണം ഉയർന്നുവരേണ്ടതുണ്ട്. ആഗോളീകരണം ലോകപുരോഗതിയിലെ അനിവാര്യമായ പ്രക്രിയയായിട്ടാണ് പലരും കരുതുക. എന്നാൽ യാഥാർത്ഥ്യം മറ്റൊന്നാണ്. ലോകം ഇന്ന് ജി-7 രാഷ്ട്രങ്ങളുടെ [അമേരിക്ക, ഇംഗ്ലണ്ട്, ജപ്പാൻ, കാനഡ, ഫ്രാൻസ്, ജർമനി, ഇറ്റലി] വരുതിയിലാണ്.

ഐക്യരാഷ്ട്രസഭപോലും ജി-7 രാഷ്ട്രങ്ങളാണ് നിയന്ത്രിക്കുന്നത്. ലോകത്തിലെ വൻകിട കമ്പനികളുടെ മാനേജർമാർ, ധനകാര്യ പ്രമുഖർ, നാണ്യനിധി, ലോകബാങ്ക്, ബുദ്ധിജീവികൾ തുടങ്ങിയവർ വാഷിംഗ്ടണിൽ അനൗപചാരിക യോഗം ചേർന്ന് ലോകത്തിന്റെ സാമ്പത്തിക ഭാഗധേയം നിയന്ത്രിക്കുന്നുവെന്ന് എല്ലാവർക്കുമറിയാം. ഇതിനെയാണ് 'വാഷിംഗ്ടൺ

സ്വന്തം' എന്ന വിളിക്കുന്നത്. ഇന്ന് ശാസ്ത്രവും സാങ്കേതികവിദ്യയും മനുഷ്യരാശിയുടെ നന്മയേക്കാൾ നാശത്തിന വേണ്ടിയാണ് ഉപയോഗപ്പെടുത്തുന്നത്. ലോകത്തിലെ വൻശക്തികളും സൈനികതന്ത്രങ്ങളും രാജ്യാന്തര കുത്തകകളും ശാസ്ത്രവും സാങ്കേതിക വിദ്യയും അധികാരത്തിനും ലാഭത്തിനും വേണ്ടി ഉപയോഗപ്പെടുത്തി. ഇന്ന് ലോകത്തിന്റെ ശാസ്ത്രഗവേഷണത്തിന്റെയും സാങ്കേതികവിദ്യയുടെയും സിംഹഭാഗം കയ്യാളുന്നത് ബഹുരാഷ്ട്രകമ്പനികളാണ്. ഒരു കമ്പനി ഒരു ഉൽപന്നത്തിന്റെ കണ്ടുപിടുത്തത്തിനും അതിന്റെ നിർമ്മാണ രീതിക്കും പ്രത്യേകപേറ്റന്റുകൾ എടുത്താൽ നിരവധി വർഷത്തേക്ക് മറ്റാർക്കും ആ മേഖലയിൽ കടന്നു ചെല്ലാനാവില്ല. ലോകവ്യാപാരസംഘടനയിലെ എല്ലാ അംഗങ്ങൾക്കും ഇത് ബാധകമാണ്.

ഇപ്പോൾത്തന്നെ ഉഷ്ണമേഖലകളിലെ ജൈവസമ്പത്തും നാട്ടറിവുകളും കച്ചവടക്കാരും സ്വായത്തമാക്കുന്ന അപകടം നമ്മുടെ കൺമുമ്പിൽ അനുദിനമെന്നോണം അരങ്ങേറുകയാണ്. മോൺ-സാന്റോ കമ്പനിക്കാർ ഇറക്കിയ അന്തകവിത്ത് ഉദ്യമം വിജയിച്ചാൽ ഉന്നത വിത്തിനുവേണ്ടി ലോകത്തിലെ 140-കോടി കർഷകർ കമ്പനിയെ മാത്രം ആശ്രയിക്കേണ്ടി വരും. ഈ കാലൻ വിത്തുകൾക്ക് പുനരുൽപാദനശേഷിയില്ല. മനുഷ്യരാശിയുടെ പുരോഗതിക്കും വിശപ്പടക്കാനും ഉപയോഗപ്പെടുത്തേണ്ട ഗവേഷണം ലാഭക്കൊതിയന്മാർ കയ്യാളുന്നത് ആധുനിക യുഗത്തിന്റെ തീരാശാപമാണ്.

കണ്ടുപിടുത്തങ്ങൾ അനുദിനം വർദ്ധിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ പിന്തള്ളപ്പെട്ടുപോകാതിരിക്കാൻ കമ്പനികൾ പരസ്പരം ഒന്നാകുന്നു. 2005-ൽ മാത്രം 6134 സംയോജന കരാറുകൾ നടന്നിട്ടുണ്ട്. ഒരു കമ്പനിയുടെ രാജ്യാന്തര സ്വഭാവം അതിന് വിദേശ രാജ്യങ്ങളിലുള്ള ആസ്തി, വിൽപന, തൊഴിലവസരങ്ങൾ എന്നീ ഘടകങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. രാജ്യാന്തര കമ്പനികളുടെ ആസ്തികളും വിറ്റുവരവുകളും വർധിക്കുന്നുണ്ടെങ്കിലും തൊഴിലവസരങ്ങൾ വർധിക്കുന്നില്ല.

ഉൽപന്നങ്ങളുടെ വൈവിധ്യമല്ല, ഉള്ളവയുടെ ശക്തിവർധിപ്പിക്കൽ ദൃശ്യമാണ് അരങ്ങേറുക. എണ്ണ, പ്രകൃതിവാതകം,


ടെലികമ്യൂണിക്കേഷൻസ്, വാണിജ്യ, വ്യാപാരം, ബാങ്കിംഗ് എന്നിവയാണു പ്രമുഖമേഖലകൾ. ധനകാര്യ സേവനങ്ങൾ, പശ്ചാത്തല സേവനങ്ങൾ, കയറ്റുമതി സാധ്യത കുറവുള്ള മേഖലകൾ എന്നി രംഗങ്ങളിലാണ് സ്വകാര്യ രാജ്യങ്ങളിലെ കമ്പനികൾ മുതൽ മുടക്കുന്നത്. അതേപോലെ മത്സരം ശക്തമായ മോട്ടോർ വ്യവസായം, ഇലക്ട്രോണിക്സ്, വസ്ത്രം, ഐ. ടി, സേവനമേഖലകൾ തുടങ്ങിയ രംഗങ്ങളിലും അവർ കരുത്ത് കാട്ടുന്നുണ്ട്. തങ്ങളുടെ അറിവുകൾ, സാങ്കേതിക വിദ്യ എന്നിവ മത്സരത്തിനും തിൻമകൾക്കുമായി വിനിയോഗിക്കുന്നുവെന്നതാണ് വസ്തുത.

ആധുനിക നാഗരികതയെന്ന് പലരും പേരിട്ടു വിളിക്കുന്ന ആഗോളവൽക്കരണം, ഉപഭോഗസംസ്കാരം, സ്വകാര്യവൽക്കരണം, ഉദാരവൽക്കരണം എന്നിവ ലോകത്ത് ശക്തമായി ചോദ്യം ചെയ്യപ്പെടുകയാണ്. വ്യക്തിതലത്തിൽ ജീർണ്ണതയും കുടുംബതലത്തിൽ ഛിദ്രതയും സമൂഹത്തിൽ ശിഥിലതയും ഭൂമിയിൽ അരാജകത്വവും വിളയിച്ച പാശ്ചാത്യസൃഷ്ടിയായിത്തീർന്നിരിക്കുന്ന ആധുനിക സംസ്കാരം. മതമില്ലാ വിജ്ഞാന വിസ്ഫോടനം അധികാര വേട്ടയായും മാറി. വ്യാവസായിക വിപ്ലവം ഭൗതിക ആർത്തി വളർത്തി. വികസനം ഉപഭോഗസംസ്കാരമായി ചുരുങ്ങി. ചൂഷണത്തിന്റെ മൂല്യങ്ങൾ കാര്യക്ഷമതയായി വ്യാഖ്യാനിക്കപ്പെട്ടു. മനുഷ്യൻ മനുഷ്യനെ അടിമയാക്കുന്ന വ്യവസ്ഥിതിയിൽ നിന്ന് മോചനമാണ് മാനവസമൂഹത്തിന് അടിസ്ഥാനമാകേണ്ടത്.

SHAFEEQ.

# SOLITUDE

From the depth of deep blue seas,
to a little child,
I felt the smooth touching of solitude.
It was something strange to me,
that brought a basket full of peace.
I was in the world of wonder and,
simply enjoyed the stranger's love and care.



I searched everywhere for the one,
who was following me.
I failed in my attempt.
But I could clearly cope up,
my life to the world of peace.

The flowers blossomed,
they dazzled in my eyes.
The birds woke up for a new day,
their song murmured in my ears.

The cold wind whispered in my mind
All brought me to a new world.
It was all possible only because of the
stranger who was following me as a shadow.

With great enthusiasm I thought who it was.
Who is the one that made my life joyful
Later on one disaster happened to my life.

Afterwards I found I am alone
The stranger who had been following me is not with me now
I blamed my fate who took away all my
happiness and peace at once.

The stranger, he is completely away from me
and my life.
My mind forced to be in the world of darkness
There I realised that the stranger
who followed me was 'solitude'.

That was precious to me.
Still I am looking forward for his return ...

VYSAGHAN

# ജൂനിയേഴ്സിനേയും കാത്ത്........



എന്റമോളജി - അഥവാ പ്രകൃതിയിൽ കാണുന്ന ജീവികളെ കൊന്നൊടുക്കി മോഡലാക്കി തെർമോകോൾ ഷീറ്റിൽ പ്രദർശിപ്പിക്കുവാനുള്ള ശാസ്ത്രശാഖ. പ്രവേശനപരീക്ഷയ്ക്കുള്ള തയ്യാറെടുപ്പിൽ പഠിച്ചിട്ടുള്ള ഒരു ശാസ്ത്രശാഖ. പക്ഷേ അത് ഇത്ര വിശദമായി പഠിക്കേണ്ടി വരുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. ഇപ്പോൾ എന്റെ മനസ്സിലേക്ക് ഓടി വരുന്നത് പ്രവേശനപരീക്ഷയ്ക്കു ശേഷം റിസൽട്ടിനും അലോട്ട്മെന്റിനുമായി കാത്തിരുന്ന ദിനങ്ങളാണ്. അങ്ങനെ ഒരു വെക്കേഷനു വേണ്ടി കൊതിച്ചിട്ടുണ്ട് പക്ഷേ കിട്ടിയപ്പോഴാണ് അറിഞ്ഞത്, ബോറൻ ദിനങ്ങളടങ്ങിയ നാലഞ്ചു മാസങ്ങൾ!!! ഓ! ഈശ്വരാ ടിവി കണ്ട് ബോറടിച്ച് കണ്ണിന്റെ കൃഷ്ണമണി ടിവിയിലേക്കു നോക്കാതായി. കിട്ടിയ സ്ഥലത്തു നിന്നെല്ലാം ശേഖരിച്ചു വായനാഗ്രന്ഥങ്ങൾ. വായനാഗ്രന്ഥങ്ങൾ എന്നു പറയുമ്പോൾ നമ്മുടെ സ്വന്തം ബാലരമ, ബാലമംഗളം, ബാലഭൂമി തുടങ്ങിയവ. അതെല്ലാം വായിച്ചു മനസ്സു മുഴുവൻ സൂത്രനും ഷേരുവും മായാവിയും മാത്രമായി. അങ്ങനെ അതും മടുത്തു വനിതയിലേക്കു ചേക്കേറി. അവിടെയും മടുപ്പു തന്നെ. പിന്നെ ഹാൻഡ് വർക്കുകൾ, ചിത്രം വരയ്ക്കൽ ... അങ്ങനെ വർക്കുകൾ നീണ്ടു. എങ്ങനെയെങ്കിലും കോളേജിൽ എത്തിയാൽ മതി എന്നായി.

അങ്ങനെ എല്ലാത്തിനുമൊടുവിൽ എത്തിപ്പെട്ടു, 'കേരള കാർഷിക സർവ്വകലാശാല'യിൽ. കോളേജിനെ കുറിച്ചു പറഞ്ഞപ്പോൾ തന്നെ സുഹൃത്തുക്കൾക്കെല്ലാം ഒന്നേ പറയാനുണ്ടായിരുന്നുള്ളൂ 'റാഗിങ്ങ്'.

പിന്നെയങ്ങോട്ട് സീനിയേഴ്സിനെ പേടിച്ച് ഒളിച്ചു നടന്ന ദിനങ്ങളായിരുന്നു ഹോസ്റ്റലിലെ ഏറ്റവും താഴത്തെ മുറികളിലായിരുന്നു ഞങ്ങൾ ജൂനിയേഴ്സ്. ചേച്ചിമാർ പുറത്തുണ്ടോ എന്ന് കിളിവാതിലിലൂടെ ഒളിഞ്ഞുനോക്കിയും ചെവി വാതിലിനോടു ചേർത്തു വച്ചു പുറത്തു ബഹളമുണ്ടോ എന്നു ശ്രദ്ധിച്ചും, മുഖത്താകമാനം വിനയവും കണ്ണുകളിലാകെ ഭയവും ചുണ്ടിൽ ചിരിയും നിറച്ച് ഞങ്ങൾ നടന്നു. കോളേജിലാണെങ്കിൽ സൽക്കാരയിൽ ആരെങ്കിലുമുണ്ടോ എന്നു നോക്കി ഒളിച്ചു നടന്നു.

അങ്ങനെ പേടിച്ചു പുറത്തിറങ്ങാതിരിക്കുമ്പോഴാണ്, 'ഇൻസെക്ട് കളക്ഷൻ' എന്ന കൊലപാതക കർമ്മം ഉഷാമിസ്സ് ഞങ്ങൾക്കു നൽകിയത്. ഇതിനു വേണ്ടി കൈയിലുള്ളത് ഒരേ ഒരായുധം മാത്രം, അത് മറ്റൊന്നുമല്ല ഒരു 'ഇൻസെക്ട് നെറ്റ്'. ഇൻസെക്ടുകൾ ബുദ്ധിമാൻമാൻമാരാണെന്നു അറിഞ്ഞു കൊണ്ടാവണം മിസ്സ് മയക്കു മരുന്ന് (ഈതൈൽ അസറ്റേറ്റ്) കൂടെ തന്നത്. സ്വാതന്ത്ര്യം കിട്ടിയ പക്ഷികളെപ്പോലെ ഞങ്ങൾ ഒരു കൈയിൽ നെറ്റും മറുകൈയിൽ മയക്കുമരുന്നിൽ മുക്കിയ പഞ്ഞിയിട്ട ടിന്നുമായി പുറത്തേക്കിറങ്ങി. ഇനി കുറച്ചു സമയത്തേക്കെങ്കിലും സമാധാനത്തിന്റെ വെള്ളക്കൊടി മനസ്സിൽ പാറിക്കാമെന്നു ഞങ്ങൾ കരുതി. പക്ഷേ അവിടേയും ഞങ്ങൾക്കു തെറ്റി. പോകുന്ന സ്ഥലങ്ങളിലെല്ലാം 'കുറി'കളെന്ന് ഓമനപേരിട്ടു വിളിക്കുന്ന പ്രണയജോടികൾ. അവർ ഞങ്ങളെ എന്തു ചെയ്തു എന്നല്ലേ? അവരാണ് ഞങ്ങളെ ഏറ്റവും കൂടുതൽ വിഷമിപ്പിച്ചത്. ഞങ്ങൾ അനുഭവിച്ച മാനസിക വിഷമത്തിനു കൈയ്യും കണക്കുമില്ല. എന്താണ്. എന്നല്ലേ? ഞങ്ങൾക്കു കൺഫ്യൂഷനായി, കുറികളെ നോക്കണോ, ചിരിക്കണോ, സീനിയേഴ്സിനെ കണ്ട് ചിരിച്ചില്ലെങ്കിൽ അതു പ്രശ്നമാകുമോ? എന്നൊക്കെ. വീണ്ടു മനസിനെ സമാധാനിപ്പിച്ചു 'കുറികൾ ഒന്നും ചോദിക്കില്ല.' അപ്പോൾ ദാ വീണ്ടും പ്രണയജോടികളല്ലാത്തവരുടെ ചെറിയ-ചെറിയ കൂട്ടങ്ങൾ. അവരെ കണ്ടിട്ടും കാണാത്തതുപോലെ പരസ്പരം സംസാരിച്ചു കൊണ്ട് താഴെ നോക്കി നടന്നു നോക്കി. പക്ഷേ ദാ വരുന്നു 'ഹ-ഹ'യെന്നു, വിളികൾ. അങ്ങനെ ഇന്ന പുറത്തുപോക്കും ഒരു പേടിസ്വപ്നമായി. ഈശ്വരാ... അൻപത് ഇൻസെക്ടും ശേഖരിക്കണമല്ലോ അങ്ങനെ, സ്വാതന്ത്ര്യം കിട്ടിയെന്നു സ്വയം അഹങ്കരിച്ച ഞങ്ങൾ യാഥാർത്ഥ്യം തിരിച്ചറിഞ്ഞു. ഇതു, സ്വാതന്ത്ര്യമല്ല മറിച്ച് ഒരുതരം മാനസിക സമ്മർദമാണ്. ആദ്യമാദ്യം പേടിച്ചു നടന്നു. പിന്നീട് രണ്ടും കൽപിച്ചായി നടത്തം, 'പൊക്കിയാൽ പൊക്കും'. ഞങ്ങളുടെ സീനിയേഴ്സ് അത്രയൊക്കെയാണെന്നു വ്യക്തമായി

തിരിച്ചറിയാത്തതിനാൽ, ഞങ്ങൾ അവരെ കണ്ടാലും ക്ലോസപ്പടിച്ചു നടന്നു. അങ്ങനെ ചമ്മിയും ചിരിച്ചും കളിച്ചും ഞങ്ങൾ തുടർന്നു, ഞങ്ങളുടെ സ്വന്തം 'ഇൻസെക്ട് കളക്ഷൻ'.

പക്ഷേ കളക്ഷന്റെ അവസാനഘട്ടത്തിലേ ഞങ്ങളറിഞ്ഞുള്ളൂ, ഈ എന്റമോളജി കൊണ്ട് ഞങ്ങൾക്കു ഏറെയേറെ സീനിയേഴ്സിനെ അറിയുവാനും പരിചയപ്പെടുവാനും ഒക്കെ പററിയെന്ന സത്യം. എങ്കിലും ഇപ്പോഴും കോളേജിനെക്കുറിച്ചു പറയുമ്പോൾ ആദ്യസ്ഥാനം 'സൽക്കാര'ക്കു തന്നെ കൊടുക്കും. സൽക്കാരയിലെ ആ കുടയും ഇരിപ്പിടങ്ങളും സമ്മാനിച്ച ഓർമ്മകൾ അവർണ്ണനീയം തന്നെ. അങ്ങനെ നീണ്ട, അല്ല നീട്ടിയ ആദ്യ സെമസ്റ്റർ ഇപ്പോൾ ഒരു ഓർമ്മ മാത്രം......

ഞങ്ങളെന്തിനാണ് ഞങ്ങളുടെ സ്വന്തം സീനിയേഴ്സിനെ പേടിക്കുന്നത്? ആദ്യ സെമസ്റ്ററിന്റെ അവസാനമായപ്പോഴാണ് തിരിച്ചറിവ് അഥവാ ഞങ്ങളുടെ രീതിയിൽ പറഞ്ഞാൽ ബോധോദയം ഉണ്ടായത്. ശരിക്കും ഞങ്ങളവരെ പേടിച്ചതല്ല മറിച്ച് ഞങ്ങളുടെ ബഹുമാനമാണ് പേടിയായി പുറത്തു വന്നത്. ഇപ്പോൾ ഞങ്ങൾ സീനിയേഴ്സിനെ അല്ല ഞങ്ങളുടെ ചേട്ടൻമാരേയും ചേച്ചിമാരേയും മനസ്സിലാക്കുന്നു. അവർ ഞങ്ങളെ കാത്തിരുന്നതു പോലെ ഞങ്ങളും കാത്തിരിക്കുന്നു, ഞങ്ങളുടെ അനിയൻമാരേയും അനിയത്തിമാരേയും. അതെ 2009 ബാച്ചിനെ.... വേറെ ഒന്നിനുമല്ല ചുമ്മാ ഒന്നു പേരു ചോദിക്കുവാനും പരിചയപ്പെടുവാനും ഒക്കെ വേണ്ടി മാത്രം.

പക്ഷേ ഈ കാത്തിരിപ്പ് യുഗങ്ങളോളം നീളുമെന്നു തോന്നുന്നു. കാരണം ഇലക്ഷൻ മൂലം പ്രവേശനപരീക്ഷ മെയ്‌ലേക്കു മാററി. റിസൽററു വരുമ്പോഴേക്കും ജൂൺ അവസാനമാകും. പിന്നെ തമ്മിൽത്തല്ല്, മാനേജുമെൻറുമായുള്ള ചർച്ച, കരാറെഴുതിക്കൽ, അലോട്ട്മെൻറ് നടത്തൽ, നടത്തിയ അലോട്ട്മെൻറ് ക്യാൻസൽ ചെയ്യൽ... എന്നിങ്ങനെ കേരളത്തിന്റെ സ്വന്തം ലീലാവിലാസങ്ങൾ.... അതുവരെ കാത്തിരിക്കുവാൻ ഞങ്ങൾക്കു പററുമോ? തീർച്ചയായും പററും. ജൂനിയേഴ്സിന്റെ വരവും കാത്ത് ഞങ്ങൾ ആവലോടെ...........

NEETHU T.M.

# WINNER

Take a ball !
Make a shot !
Achieve your goal !


You have power !
You have hour !
So don't waste time !

Develop your mind !
Don't be a runner !
Always be a winner

Md. Javed chand



# പ്രതീക്ഷയോടെ....



വരുന്നിടേനസറിൽ തിരി ചുരുപിടിച്ച്, സ്കൂൾ പിടിഞ്ഞ് നടക്കുമ്പോഴും കൈയ്യിൽ ചോക്ക കഷ്ണങ്ങൾ ഉണ്ടായിരുന്നു എല്ലാം മറിയാമ്മ ടീച്ചറുടെ മേശത്തട്ടിൽ നിന്നും മോഷ്ടിച്ചത്. കള്ളൻ!.

വീട്ടിൽ അദ്ധ്യാപനവൃത്തിയിൽ ഏർപ്പെട്ടേണ്ടതാണ്. വിശാലമായ പറമ്പാണ് ക്ലാസ്മുറി. മാവിൻ കൊമ്പിൽ സ്ലേറ്റ് കെട്ടിത്തൂക്കി, ചോക്കു കഷ്ണങ്ങൾ കൊണ്ട് അക്ഷരങ്ങൾ എഴുതുകയും പലവട്ടം മായ്ക്കുകയും കൈയ്യിൽ ചോക്കുപൊടി പുരളുകയും ചെയ്യാൻ ദേഷ്. ഞാൻ സന്തോഷവാനായി.

മറിയാമ്മ ടീച്ചർ ചോക്കുപൊടി പുരണ്ട കൈകൊണ്ട് ആംഗ്യങ്ങൾ കാണിച്ചു പഠിപ്പിക്കും. ഞാനും അവരെപ്പോലൊരു ടീച്ചറാകും. രണ്ടരവയസ്സുള്ള സഹോദരിയ്ക്കാണ് ഞാൻ ക്ലാസ്സെടുക്കുന്നത്. ക്ലാസ്സു കഴിയുമ്പോൾ അവൾ മയങ്ങിപ്പോവുന്നതും പതിവുകാഴ്ച തന്നെ.

വർഷങ്ങൾക്കുശേഷം പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട കോളേജ് പഠനം പുനഃരാരംഭിക്കാൻ സഹായിച്ച ഗോപാലൻ മാസ്റ്റർക്ക് സൗഖ്യമെന്ന് വിശ്വസിക്കാം. അക്കാലത്തു തന്നെയാണ് ഞങ്ങളുടെ റോഡിലൂടെ KSRTC ബസ്സുകൾ ധാരാളമായി യാത്ര തുടങ്ങിയത്.

പണ്ട് തൃക്കാക്കരയിലേക്ക് ബസ്സിൽ യാത്ര ചെയ്തത് ഓർക്കുന്നു. ദിവസേന നൂറുകണക്കിന് ടിക്കറ്റുകൾ വിൽക്കുകയും വലിയ സഞ്ചിയിൽ ചില്ലറത്തുട്ടുകൾ വാരിനിറയ്ക്കുകയും ചെയ്യുന്ന കണ്ടക്ടർ അന്നേ എന്നെ ഹരം പിടിപ്പിച്ചിരുന്നു. അയാൾ കയറുപിടിച്ചു വലിക്കുമ്പോൾ, മണി നീട്ടി അടിക്കുന്നു. വണ്ടി മുന്നോട്ട് കുതിക്കുന്നു. ഹായ് ഒരധ്യാപകനേക്കാൾ കേമൻ ഇവൻ തന്നെ.

പ്രതീക്ഷകൾ തെറ്റിച്ചാണ് കോളേജിലേക്കുള്ള ബസ് യാത്ര തുടങ്ങിയത്. നിർത്താതെ പോകുന്ന ബസ്സിൽ ചാടിക്കയറാൻ പ്രയാസം. കണ്ടക്ടർ മണിയൊന്നു നീട്ടി അടിക്കാത്തതെന്തേ? ST തരാത്ത കണ്ടക്ടറോട് വലിയ ദേഷ്യം തോന്നി. കോളേജിലെ പൊടി രാഷ്ട്രീയം കൂടിയായപ്പോൾ ധൈര്യം ഇരട്ടിയായി. ബ്ലേഡുകൊണ്ട് സീറ്റുകൾ വരഞ്ഞു സ്പോഞ്ച് കീറിയെടുക്കുന്നത് സ്ഥിരം വേലയായി. വണ്ടിയിലെ ഗ്ലാസ്സുകൾ തല്ലിപ്പൊട്ടിച്ചപ്പോൾ അഭിമാനം തോന്നി. കണ്ടക്ടർ നിരപരാധിയായ ശത്രുവായി മുദ്രകുത്തപ്പെട്ടു.

ട്യൂഷൻ സെന്ററിലെ ചെറിയ വരുമാനം കുടുംബ പ്രശ്നങ്ങൾക്ക് പരിഹാരമാകാതെ വന്നിരിക്കുന്നു. അച്ഛന്റെ

നിർബന്ധപ്രകാരം പലജോലിക്കും അപേക്ഷകൾ അയച്ചു പരീക്ഷകൾ എഴുതി. കൂട്ടത്തിൽ ശത്രുപക്ഷത്തു നിർത്തിയിരുന്ന കണ്ടക്ടർ ജോലിക്കുവേണ്ടിയും.


എന്റെ കൈകളിൽ ടിക്കറ്റ് റാക്ക് വന്നുചേർന്നു. ചില്ലറത്തുട്ടുകൾ നിറഞ്ഞ സഞ്ചി ഞാനും തോളിലണിഞ്ഞു. [illegible] നഷ്ടപ്പെട്ട സീറ്റുകളിൽ എന്റെ വിരൽപ്പാടുകളുണ്ടോ? ഞാൻ ബസ്സിൽ കയറി. കയർ വലിച്ചു. മണി നീട്ടിയടിച്ചു. വണ്ടി മുൻപോട്ടു കുതിക്കുന്നു. വലിയ പ്രതീക്ഷകളോടെ എന്റെ മനസ്സും...

DARSANA S

## ഈ പുഴയും കടന്ന്......

കാത്തിരുന്നു സഖീ നിന്നെ ഞാൻ
പുഴതൻ തീരത്ത് ഈ കുഞ്ഞു നൗകയിൽ
പൂർണ്ണസമ്മതമെങ്കിൽ കേറിടാം
ഈ നൗക തൻ മടിത്തട്ടിലായ്
ജീവിതമാം നൗക തൻ യാത്രയിൽ കാറ്റും,
പേമാരിയും പ്രതീക്ഷിച്ചു കൊൾവിൻ
പതറാതെ കാറ്റിലുലയാതെ കൂടെ നിന്നിടണം
നിന്നിടണം ഈ ജീവിതയാത്രയിൽ
പുഴതൻ മധ്യത്തിലാഴമേറിയെന്നോർക്കണം -
ചാടാൻ ശ്രമിക്കുന്നതാപത്തെന്നോർത്തിടണം
ആപത്തുകാലത്ത് കൂടെനിന്നിടണം താങ്ങായ് -
തണലായ് ചേർന്നു നിന്നിടണം!

കാത്തിരിക്കുന്നു ഞാൻ വഞ്ചിയൊരുക്കി
നീയുമായി തുഴഞ്ഞിടാൻ, ഈ നൗകയിൽ.



# മഴയുടെ ഉത്തരം തേടി......

മേഘവീഥിയേ നിനക്കായ് ഞാനെൻ ഹൃദയത്തുടിപ്പാം
വികാരവിചാര ലോലസന്ദേശങ്ങൾ കൈമാറിടുന്നു.
ഇന്നുലകത്തിൽ മാനവർക്കും ഇരുകാലികൾക്കാൻ-
ക്കുമറിയില്ലിവ.....
നൽകിടുന്നു നിങ്ങൾക്കായ്, മഴയായ് എന്നെ സ്നേഹിച്ചിടാൻ

കണ്ണുപൂട്ടുകളെ ഞെട്ടിപ്പിക്കും നിൻ താണ്ഡവനൃത്തം
ശ്രവിക്കുമ്പോഴിതാ ഞാൻ കൊതിക്കുന്നു
എൻ ജീവിതത്തിൻ അർത്ഥാന്തരങ്ങൾ
വെളിവാകുമോ എന്നോതുവാൻ.

എവിടെത്തിരഞ്ഞാലും വേട്ടയാടുമീ രൂപം
മേഘമായ്, മഴയായ് കുളിർപകരുന്നവളാം കാറ്റായ്
തെളിനീരരുവികളിൽ ചേർന്നിണങ്ങും ജലകണികയായ്
അനേകമരീചികളെ പ്രതിഫലിപ്പിക്കുമാ രൂപം

അച്ഛനോ ഗുരുവോ ജ്യേഷ്ഠനോ ആദരം ബഹുമാനമോ
ചുറ്റുഭാവമോ പരിഹാസമോ നിൻ സൃഷ്ടിതം.

ചെറുതെങ്കിലും ഭോദ്യ-ചിന്താ-ഭാവനാ-ഭാവമായ്
സാഗരസമമാം 'മനസ്സിൻ' ശില്പി-നിൻ കരവിരുതെത്ര
വിചിത്രം.
സീൽക്കാരങ്ങൾ വേട്ടയാടുമെൻ ദിനങ്ങൾ
ഉത്തരംകിട്ടാതുഴറുമ്പോഴുമീ നിമിഷങ്ങൾ
അഗാധമാം ചുഴിയിൽ പെട്ടുഴറിടും ജീവന്റെ
നൊമ്പരവെപ്രാള ആക്രോശങ്ങൾ പോൽ!
വാലിൽ നൂലിൻ പാരതന്ത്ര്യവുമായി പറന്നപൊങ്ങിടും
ഒരു ചെറുതുമ്പിയോ
ജീവിപ്പാൻ ലഭ്യമാം ക്ഷണികനേരത്തുല്ലസിക്കും
മോഹിനിയാം ചിത്രശലഭമോ
ഇവയിലേതാകേണ്ടൂ ഞാൻ, ഉത്തരം നിന്നിൽ നിക്ഷിപ്തം
മനസ്സിൻ കെട്ടഴിക്കില്ലെന്നിരിക്കിലും, അവയുടെ
ഉത്തരവുമായ് മഴമേഘങ്ങൾ ആഗതമായ്!

ANIL SEBASTIAN

# An Idea of happiness

Different people have different ideals of happiness. To some country life with its peace and simplicity appeals the most, while to other city life with its pomp, splendour and luxuries appeals. Some think that happiness is being rich, while others think that true happiness is in poverty.

I do not think that a rich man is happy simply because he has money to buy whatever he likes. Money gives power, comfort and happiness. but it has its own limitations. For instance, it cannot buy true friendship or true love, peace or happiness. At the same time, I don't say that a poor man is necessarily a happy man. It's only a poetic fancy to suppose that every farmer is happy and satisfied. Only ask the farmer how he feels and you will find out that poets and philosophers in the past have glorified poverty, but the fact is that true happiness has nothing to do with riches / poverty.

It's only through our heart, mind and soul that we could find the true happiness of our life it meants

"THE TRUE MEANING OF YOUR LIFE"

Rijith. P



ഒരു പ്രാണിപിടുത്തത്തിന്റെ കഥ
ഒന്നാം ഘട്ടം
രണ്ടാം ഘട്ടം
മൂന്നാം ഘട്ടം
INSECT COLLECTION
നാലാം ഘട്ടം
Daily ഇങ്ങനെ തിന്നാൻ കുശാലായി
INSECT COLLECTION
ആവു... ഇത് സംഗതി കൊള്ളാമല്ലോ !!!
അഞ്ചാം ഘട്ടം
ങ്ഹീ.. ങ്ഹീ.. ആ നാശം പിടിച്ച പൂച്ചയെ ഞാനിന്ന് ശരിയാക്കും—
CAT COLLECTION
അന്ത്യ ഘട്ടം
എന്റെ കാര്യത്തിന് ഇതോടെ ഒരു തീരുമാനമായി
ഹി.. ഹി.. എങ്ങനെയുണ്ട് എന്റെ idea ??

# ക്യാംപസ്

ഋതുഭേദങ്ങളുടെ നിലയ്ക്കാത്ത പ്രവാഹത്തിനിടയിൽ അത്യപൂർവ്വ സംഗമങ്ങൾ ചിലപ്പോഴൊക്കെ ഒത്തുവരാറുണ്ട്. അതുപോലൊരു സംഗമമാണ് ഈ ക്യാംപസിലെ ജൂലൈ ഓരോരുത്തരുടേയും എത്തിച്ചേരൽ. തിളങ്ങുന്ന കൗമാരത്തേയും കത്തുന്ന യൗവ്വനത്തേയും ഇവിടെ തളച്ചിടുന്നത് ഈ ക്യാംപസിന്റെ മാത്രം വശ്യതയാണ്. അനുഗ്രഹമാണ്.

പച്ചപ്പുകൊണ്ടൊരു പരവതാനി നിവർത്തി വിരിച്ചപോലെ, ക്യാംപസിനന്നുമിന്നും ഒരേ മുഖമാണ്. സൗഹൃദത്തിന്റേയും പ്രണയത്തിന്റേയും സന്തോഷത്തിന്റേയും പരിഭവത്തിന്റേയും അങ്ങനെ എത്രയെത്ര കഥകളാണ് ആ ക്യാംപസിന് പറയുവാനുണ്ടായിരുന്നത്. പൊട്ടിച്ചിരികൾ ചിന്നിച്ചിതറുന്ന ക്ലാസ്റൂമുകൾ, സങ്കല്പങ്ങൾ നിറയുന്ന വഴിത്താരകൾ, സ്വപ്നങ്ങൾ പൂക്കുന്ന മരച്ചില്ലകൾ, ആഘോഷങ്ങളുടെ സായാഹ്നങ്ങൾ, മഞ്ഞുപുതച്ച പ്രഭാതങ്ങൾ അങ്ങനെ എന്തെല്ലാം സുന്ദരസൗന്ദര്യ സങ്കല്പങ്ങൾ മനസ്സുകളിലേക്ക് അലയടിച്ചുയരുകയാണ്.

പുതിയ സൗഹൃദങ്ങൾ വിരിയുമ്പോൾ ആ ക്യാംപസ് മന്ദഹസിച്ചു. പ്രതീക്ഷകളുടെ പുതിയ നാമ്പുകൾ തളിർക്കുന്നത്, ആവലോണിലെ- "എന്തും വിളയുന്ന ഭൂമിയിലെ ഞങ്ങളും.....

നാനു. പി.എ.

# വെള്ളാരം കല്ലുകളുടെ കഥ

കത്തിയമർന്ന കമ്പിത്തിരിയുമെടുത്ത് മുഖം വീർപ്പിച്ചവൻ നിൽക്കുകയായിരുന്നു. കരഞ്ഞു തളർന്ന ആ കുഞ്ഞിക്കണ്ണുകൾ ചുവന്നിരുന്നു. അമ്മയെ കണ്ടതും മുഖം പൊത്തി ഒരു കരച്ചിലായിരുന്നു. "നിക്കും വേണം കമ്പിത്തിരി.... കത്തുന്ന കമ്പിത്തിരി..." വാക്കുകൾ മുഴുമിപ്പിക്കാനവനായില്ല.

പാതിരായ്ക്ക് ശാഠ്യം പിടിച്ച് കരഞ്ഞ അശ്വത്ഥാമാവിന് അരിപ്പൊടി കലക്കി കൊടുക്കേണ്ടി വന്ന ദ്രോണരെ ഞാനോർത്തു പോയി. ഈ അമ്മയ്ക്ക് അതിനുപോലും ഗതിയില്ലല്ലോ ദൈവമേ.



"എന്റെ മോൻ കരേണ്ട. അടുത്ത വിഷൂന് കമ്പിത്തിരീം പൊട്ടാസും ഒക്കെണ്ടാവും; വട്ടത്തിക്കറങ്ങണ സാധനോല്ല... നെലച്ചക്രം അതും വാങ്ങിക്കും, നാ പോരെ?" ആ കുഞ്ഞുമുഖത്ത് ചിരി വിടർന്നു. എന്നാൽ ചോർന്നൊലിക്കുന്ന വീടും ചാണകം മെഴുകിയ തറയും അവളെ നോക്കി പരിഹസിച്ചു. പരിഹാസങ്ങൾക്കെതിരെ പ്രതികരിക്കാൻ അവൾ എന്നേ പഠിച്ചിരിക്കുന്നു.

വിധവയ്ക്ക് അനാഥക്കുട്ടിയുടെ സ്ഥാനം നൽകിയ സമൂഹത്തിനെതിരെയും പ്രതികരിച്ചു. കാരണം അടിയുറച്ചതായിരുന്നു ആ ജീവിതത്തിന്

താങ്ങായി അവളുടെ കുഞ്ഞുണ്ട്. പലപ്പോഴും തോന്നി, അവൻ നിരർത്ഥമായ ജീവിതയാത്രക്ക് ഒരു താളം നൽകുന്നു. നിലച്ചുപോയേക്കാവുന്ന മാതൃഹൃദയത്തിൽ സ്പന്ദനധ്വനികളുയർത്തുന്നു. ഏകാന്തതയിൽ കൂട്ടായ് ആ അമ്മക്കു നൽകിയ കളിപ്പാട്ടമായിരുന്നു അവൻ. വെളുത്തു തുടുത്ത കവിളും നീലക്കണ്ണുകളും ഉള്ള പാവക്കുട്ടി.

കൈയ്യിലുണ്ടായിരുന്ന രണ്ടുരൂപ അവനെ കൊടുത്തു. "നാളെ ഉസ്ക്കൂളി പോവുമ്പോ മുട്ടായി വാങ്ങിക്കോ.. അമ്മേടെ വിഷു കൈനീട്ടം..." അതു പറഞ്ഞപ്പോൾ ആ കുഞ്ഞു മുഖത്ത് ചിരി വിടർന്നു, നീലക്കണ്ണുകൾ തിളങ്ങി.

ഒച്ചപ്പാടും ബഹളവും നിറഞ്ഞ ഉച്ചയായിരുന്നു അത്. പടക്കം പൊട്ടുന്ന ശബ്ദം കേൾക്കാം. നിർത്താതെ പൊട്ടിയ മാലപ്പടക്കം അവളെ ഭയപ്പെടുത്തി. ശക്തമായ കാറ്റു വീശി, അകമ്പടിയായി കനത്തമഴ പെയ്തു തുടങ്ങി. പ്രകൃതിയും വിഷു ആഘോഷിക്കുകയാണെന്നു തോന്നി.

നേരം ഇരുട്ടിയപ്പോഴും മഴയുടെ ശക്തി കുറഞ്ഞിരുന്നില്ല. ഇടിഞ്ഞു വീഴാറായ ആ വീടിന്റെ ഒരു കോണിൽ അവളിരുന്നു. കുഞ്ഞുമോൻ തണുത്തു വിറക്കുകയായിരുന്നു. പഴകി കീറിയ കമ്പിളി കൊണ്ട് ആ കുഞ്ഞുദേഹം പുതപ്പിച്ചു. അന്നവന് ഉറക്കം വന്നതേയില്ല. ഉറങ്ങണമെങ്കിൽ കഥ കേൾക്കണം. "അമ്മേ എനിക്ക് വെള്ളാരം കല്ലുകളുടെ കഥ കേൾക്കണം." അമ്മയുടെ കൈ നെഞ്ചോടു ചേർത്തു പിടിച്ചു പറഞ്ഞു. അഗാധതയുടെ അടിയൊഴുക്കിൽ ഒതുങ്ങിയിരുന്ന വെള്ളാരം കല്ലുകൾ, ആരാരും കേൾക്കാതെ അവർ പുഴയോട് രഹസ്യമോതുന്നു, നീന്തിത്തുടിക്കുന്ന മീനുകളോട് കുശലം ചോദിക്കുന്നു...

കൈയ്യിലൊളിപ്പിച്ച വെള്ളാരം കല്ല് കാണിച്ചവൻ ചോദിച്ചു "ഈ കല്ലും മീനുകളോട് മിണ്ടിട്ടുണ്ടാവ്വോ?" "ഉണ്ടാവും" അവൾ പറഞ്ഞു. ആ വെള്ളാരം കല്ല് തൊട്ടുതലോടി എപ്പോഴോ അവനുറങ്ങി.

രാവിലെ വളരെ സന്തോഷത്തിലായിരുന്നു അവൻ. കുളിച്ചു കുറിതൊട്ട് സ്കൂളിലേക്ക് പോകാനൊരുങ്ങി നിൽക്കുകയായിരുന്നു. പടിവാതിൽ കടന്നപ്പോൾ കൈയ്യുയർത്തിപ്പിടിച്ച് അമ്മയെ തിരിഞ്ഞു നോക്കി. രണ്ടു രൂപ തുട്ട്, അമ്മയുടെ വിഷു കൈനീട്ടം, കണ്ണിറുക്കി കാണിച്ച് ഒരു കുസൃതിച്ചിരിയോടെ അവനോടിപ്പോയി.

ആ കുഞ്ഞിന് നൽകിയ അന്ത്യയാത്രാമൊഴിയാണ് അതെന്നറിഞ്ഞിരുന്നില്ല. ആശുപത്രി വരാന്തയിൽ തളർന്നിരുന്നപ്പോഴവൾക്കു തോന്നി, ഈ ലോകം കബളിപ്പിക്കുകയാണ്..... "ഒറ്റയടിയ്ക്ക് പത്തു കുഞ്ഞുങ്ങൾടെ മേലല്ലേ ആ ജീപ്പ് കേറിയത്. ഡ്രൈവറുറങ്ങി പോയെന്നാ കേട്ടത്. പെരുമൺ ദുരന്തം തന്നെ..." അടക്കം പറച്ചിലുകൾ, തേങ്ങലുകൾ ..... അവൾ കണ്ണടച്ചിരുന്നു. രക്തത്തിൽ കുളിച്ചു കിടന്ന കുഞ്ഞിനെ ഒന്നേ നോക്കിയുള്ളൂ. ഓപ്പറേഷൻ വേണമെന്നു പറഞ്ഞപ്പോൾ നേഴ്സ് കുഞ്ഞിന്റെ ഡ്രസ് കീറാനൊരുങ്ങി. അതഴിച്ചെടുക്കേണ്ട സമയം പോലും പാഴാക്കാനില്ലത്രേ. അബോധാവസ്ഥയിൽ അവൻ പറഞ്ഞു "ഇത് കീറിയാ നാളെ സ്കൂളിപോവാൻ വേറെ കുപ്പായമുണ്ടോ അമ്മേ". അവൾക്കു പറയാൻ വാക്കുകളില്ലായിരുന്നു. കുഞ്ഞുകൈയ്യിൽ ഗാഢമായി ചുംബിച്ചുനിന്നു. തുടുത്ത കവിളും നിലക്കണ്ണുകളുമുള്ള പാവക്കുട്ടിക്കുവേണ്ടി പ്രാർത്ഥിച്ചു. എന്നാൽ ഏകാന്തതയുടെ അന്ധകാരത്തിൽ അമ്മയെ തനിച്ചാക്കി അവൻ യാത്രയായി. കളിച്ചു തീരും മുൻപേ പിടിച്ചുവാങ്ങപ്പെട്ട കളിപ്പാട്ടമായിരുന്നു ആ കുഞ്ഞ്.


ആളുകൾ ഓരോന്നായി പിരിഞ്ഞു പോകാൻ തുടങ്ങി. സ്വാന്തനങ്ങളും ആശ്വാസവാക്കുകളും അവളെ മടുപ്പിച്ചു. കണ്ണീർ വറ്റിയ... ആ കണ്ണീർ വറ്റിയ കണ്ണുകൾ നിർവികാരമായിരുന്നു..

ഇരുട്ടിനേയും മഴയേയും അവൾ ഭയപ്പെട്ടു. ശക്തമായി മഴപെയ്യാൻ തുടങ്ങി. മൺചുമരിലൂടെ വെള്ളമൂർന്നിറങ്ങി. ഇരുട്ടിൽ വെള്ളാരം കല്ലുകൾക്കായി അവളുടെ കൈകൾ പരതി. കീറിപ്പറഞ്ഞ ആ കമ്പിളിയുമെടുത്തവൾ മുറ്റത്തേക്കോടി, ഒരു ഭ്രാന്തിയെപ്പോലെ. രാത്രിയുടെ ഏകാന്തത അവളെ ഭയപ്പെടുത്തിയില്ല. മിന്നൽപ്പിണരുകൾ അവൾക്ക് വഴികാട്ടിയായി.

ആടിത്തിമർക്കുന്ന മഴ താണ്ഡവമാടിയത് ആ മാതൃഹൃദയത്തിലായിരുന്നു. "എന്റെ കുഞ്ഞ് തണുത്ത് വിറയ്ക്കുകയായിരുന്നു" അമ്മ മനസ്സിന്റെ ആവലാതി. കമ്പിളിപ്പുതപ്പെടുത്ത് ആ പൊൻകുഞ്ഞുങ്ങളെ മേൽ പുതപ്പിച്ചു. വെള്ളാരം കല്ല് നെഞ്ചോട് ചേർത്തു പിടിച്ച് അവൾ പറഞ്ഞു തുടങ്ങി...

'അഗാധതയുടെ അടിയൊഴുക്കിൽ തണുത്തിരുന്ന വെള്ളാരം കല്ലുകളുടെ കഥ...'

- രശ്മിക. വി കെ.



# साक्षरता - एक गुनाह या जूर्म

छोटी सी मुन्नी अपने बापू के साथ मन्दिर जा रही थी। उनके साथ उसका भाई भोनू भी था। वह अपना पढ़ना हुआ नया बस्ता बड़े ही शान से सभी को दिखाते हुए चल रहा था। मुन्नी को भी उसका (भोनू) बस्ता बहुत अच्छा लगा था। उसने अपने पिता से पूछा, "बापू मैं कब पाठशाला जाऊँगी?" उसके बापू ने उत्तर दिया बेटा पढ़ लिख कर आपको कुछ नहीं करना है, हम तो आपको ब्याह बालिक बहुत अच्छे घराने में करवा देंगे। यह सुनकर मुन्नी उदास हो गई. वह पढ़ लिख कर कुछ बनना चाहती थी। मगर उसके जीवन में तो पहले ही पूर्ण विराम लग गया।

ऐसे ही कितनी सारी मुन्नियाँ होंगी, क्या इनका साक्षर होने का कोई हक नहीं बनता साक्षरता इतना बड़ा जूर्म है। आजकल की पीढ़ी में जहाँ कल्पना चाँवला एवं विनीता विल्लियम्स जैसे महिलाओं ने विश्व में अपना एक अलग मुकाम प्राप्त किया, उसी पीढ़ी में ये सब अन्याय! क्या हमें उसके देना करना गुनाह!!!

ASHIQUE T.K.

# നെരിപ്പോടുകൾ



നിൻമിഴിക്കുമ്പിളിൽ നിറയും
ജലതരംഗങ്ങൾക്കെൻ
നഷ്ടസ്വപ്നത്തിന്റെ തേങ്ങലുകൾ
നിൻചൊടിയിണയിൽ തെളിയും
രക്തവർണ്ണങ്ങളിൽ എൻ
നൊമ്പരത്തിന്റെ കരിനിഴൽ
ഇന്നു നിൻ ചുണ്ടിൽ നിന്നടരും
പുഞ്ചിരിക്കൾ
മനതാരിൽ നിറയുന്ന വിങ്ങലുകൾ.
നിൻചുടുനിശ്വാസത്തിൽ
ഉരുത്തിരിയുന്നതെൻ
ഗദ്ഗദത്തിൻ മർമ്മരങ്ങൾ
നിൻ തൊണ്ടയിലിടറും
വാക്കുകൾക്കെൻ
നിർഭാഗ്യത്തിന്റെ താളങ്ങൾ
നിൻ ഇടനെഞ്ചിൽ
കേൾക്കുമീ സ്പന്ദനത്തിൽ
എൻ കുറ്റബോധത്തിൻ സപ്തസ്വരങ്ങൾ
ഒരു നേർത്ത ചിന്തയിൽ തെളിയുന്ന
നിൻമുഖം
ഉമിത്തീപോൽ നീറുന്നൊരെൻ
നഷ്ട സ്വപ്നങ്ങൾ

# Love from heart



Love from heart is the
Mother's love.
Who cares us who make
Us awaken
It has no end, Sweeter
Than honey
It Can't be Stopped, It can't
Be Shortened
It is the tastiest and it is
The longest
It is the Softest and it is
The largest
May be climbed through world but
Not deserted
Love is the path she shows
It is smooth
Love from heart is the
Mother's Love.

NITHIN K

# September 11 ന്റെ ഓർമ്മയ്ക്ക്

ഇന്ന് 2008 സെപ്തംബർ 11

ജാൻ ഫെർണാണ്ടസിന്റെ വീട് മാധ്യമപ്രവർത്തകരെ കൊണ്ട് നിറഞ്ഞിരിക്കുന്നു. കേട്ടു പഴകിയ അതേ ചോദ്യങ്ങൾ! യാന്ത്രികമായ ഉത്തരങ്ങളും. ആ ദുരന്തം പിന്നിട്ട് കാലം ഒരുപാടു ദൂരം താണ്ടിയിരിക്കുന്നു. ലോകം അതിനുശേഷം അനേകം ദുരന്തങ്ങൾക്ക് സാക്ഷ്യം വഹിച്ചു. പക്ഷേ സെപ്തംബർ 11ന് തന്റെ ജീവിതത്തിൽ വലിയ സ്ഥാനമുണ്ട്. ഒരിക്കലും ഓർക്കാനാഗ്രഹിക്കാത്ത നോവുകൾക്കൊപ്പം ആ ദിവസം തന്റെ ജീവിതത്തിന് പുതിയൊരർത്ഥം കൂടി പകർന്നുതന്നു. ഞാൻ ചെയ്തതു വലിയ ഒരു കാര്യമല്ല. പക്ഷേ മനുഷ്യത്വം നഷ്ടപ്പെട്ട ഈ ലോകമതിനെ ഒരു മഹത്കാര്യമാക്കി മാറ്റി എന്നും ക്യാമറക്കണ്ണുകളിലൂടെ മാത്രം കാണുന്ന മാധ്യമങ്ങൾ അതിന് പൊടിപ്പും തൊങ്ങലും വച്ചുകൊടുത്തു.

ബന്ധങ്ങൾക്ക് വിലകൽപിക്കാത്തവരെന്നു പരിഹസിക്കപ്പെടുമ്പോഴും ലോകം മനസ്സിലാക്കാത്ത

ഒന്നുണ്ട് - ഞങ്ങളും മനുഷ്യരാണ്; ഞങ്ങൾക്കും ഹൃദയമുണ്ട്, അതിൽ വികാരങ്ങളും. അമേരിക്ക! എന്റെ ഏറ്റവും വലിയ അനുഗ്രഹമാണ് ഈ രാജ്യത്ത് ജനിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എങ്കിലും ഞാൻ സ്നേഹിക്കുന്നു, എന്റെ മാതൃരാജ്യത്തെ. സ്ത്രീ എന്നും സ്ത്രീയാണ്. അവളുടെ അനുഗ്രഹങ്ങളും സമാനങ്ങളാണ്.

ഫെർണാണ്ടസ്! ഒരുപാടു പ്രതീക്ഷകളോടെയാണ് ഞാൻ നിന്നെ എന്റെ ജീവിതത്തിലേക്കു ക്ഷണിച്ചത്. അനാഥത്വം സൃഷ്ടിച്ച ഏകാന്തതയിൽനിന്നും ഒരു മോചനമായിരുന്നു എനിക്കു നിന്റെ സാമീപ്യം. പക്ഷേ ഒരു വർഷത്തെ ആയുസേ എന്റെ സ്വപ്നങ്ങൾക്ക് ഉണ്ടായിരുന്നുള്ളൂ. ആരുടേതായിരുന്നു തെറ്റ്? അതിന്റെ ഉത്തരം ഒരുപക്ഷേ എന്നെ പ്രതിക്കൂട്ടിലാക്കിയേക്കാം. നീ അവസാനമായി പറഞ്ഞ ആ വാചകം സത്യമായിരുന്നെന്ന് ഞാനിന്ന് മനസ്സിലാക്കുന്നു. ഞാൻ നിന്റെ കൂടെ ജീവിക്കുമ്പോഴും നിന്റേതല്ലായിരുന്നു. നിന്റെ കരവലയത്തിനുള്ളിലെ സുരക്ഷിതത്വം ആസ്വദിക്കുമ്പോഴും പാറിപ്പറക്കുന്ന ചിത്രശലഭങ്ങളെ നോക്കി ഞാൻ അസൂയ പൂണ്ടിരുന്നു. നിന്റെ സാമീപ്യം നൽകുന്ന സന്തോഷത്തോടൊപ്പം എനിക്കു നഷ്ടപ്പെട്ട ഏകാന്തതയെയും ഞാൻ പ്രണയിച്ചിരുന്നു. ഞാനത് മനസ്സിലാക്കിയപ്പോഴേക്കും നീ എന്നിൽ നിന്നും വളരെ അകന്നിരുന്നു. പക്ഷേ നിന്നെ മറക്കാനെനിക്കാകുന്നില്ല. അതുകൊണ്ട് ഞാനിപ്പോഴും എന്റെ പേരിനൊപ്പം നിന്നെ സൂക്ഷിക്കുന്നു.

എന്റെ കുഞ്ഞ്! ഞാനൊരുപാടു സ്വപ്നങ്ങൾ കണ്ട എന്റെ കുഞ്ഞ്. എനിക്കുള്ളിൽ ഒരു ജീവൻ ഉത്ഭവിച്ചിട്ടുണ്ടെന്നറിഞ്ഞതു മുതൽ അവനായിരുന്നു എനിക്കെല്ലാം. കുട്ടിക്കാലത്ത് എന്റെ കൂട്ടുകാരായിരുന്ന കളിപ്പാട്ടങ്ങളിൽ ഞാനവനെ

തിരഞ്ഞു. ലോകത്തിൽ ഏറ്റവും സുന്ദരം അവന്റെ പുഞ്ചിരിയായിരിക്കുമെന്ന് ഞാൻ നിനച്ചു. പക്ഷേ ഞങ്ങളുടെ ബന്ധത്തിന്റെ അതേ വിധിയായിരുന്നു ആ കുഞ്ഞിനും. ജീവനറ്റ ആ ശരീരത്തിന് ചിരിക്കാൻ കഴിയില്ലായിരുന്നു. പിന്നീട് ഞാൻ സ്വപ്നങ്ങൾ കണ്ടിട്ടില്ല. എന്റെ ബാല്യത്തെ പോലെ നിറംകെട്ടതായി എന്റെ യൗവനവും.

അന്നും പതിവുപോലെ ഞാൻ ഓഫീസിൽ പോയി. തിരക്കുകൾക്കിടയിൽ ജീവിക്കാൻ മറക്കുന്ന ഒരുപറ്റം മനുഷ്യരുടെ ലോകം! പുഞ്ചിരിക്കാൻ പോലും സമയമില്ല. മണിക്കൂറുകൾ നിമിഷങ്ങളെപ്പോലെ പായുമ്പോൾ, ഒരു ശബ്ദം! ഒരു ഭയാനക ശബ്ദം. എന്തു സംഭവിച്ചെന്നു പോലുമറിയില്ല. ആളുകൾ നാലുപാടും ഓടി. ജീവൻ - അത് ഓരോ മനുഷ്യനും എത്ര വിലപ്പെട്ടതാണെന്ന് അന്ന് ഞാൻ മനസ്സിലാക്കി. അത് ഒരു യുവാവിനും വൃദ്ധനും ഒരുപോലെയാണ്. Darwin-ന്റെ 'Survival of the Fittest' എന്ന theory എത്രമാത്രം സത്യമാണെന്ന് ഞാനവിടെ കണ്ടു. ആ ഓട്ടത്തിനിടയിൽ ഒരു കോണിൽ ഒരു പിഞ്ചുകുഞ്ഞ് കിടക്കുന്നു. അവനിതുവരെ ആരുടെയും കാലടികൾക്കിരയായിട്ടില്ല. ഞാനൊരു നിമിഷം നിന്നുപോയി. ഉറങ്ങിക്കിടന്നിരുന്ന എന്റെ മാതൃത്വം ഉണർന്നു. ഞാനവനെ വാരിപ്പുണർന്നു. പിന്നൊന്നും ഓർമ്മയില്ല.

ബോധം വീണപ്പോൾ ഞാൻ ആശുപത്രിയിലായിരുന്നു. ഞാനവനെ തിരഞ്ഞു. അവൻ സുരക്ഷിതനാണെന്ന വാർത്ത വേദനകൾക്കിടയിലും എനിക്ക് ആശ്വാസം നൽകി.

ലോകം മുഴുവൻ മറക്കാനാഗ്രഹിക്കുന്ന ആ ദുരന്തം എനിക്കു നൽകിയ സമ്മാനമാണ് എട്ടുവയസുകാരൻ ഡാനി. അനശ്വരമായ സമ്മാനം!

BASILA C.C.

# വിടപറയുമ്പോൾ

അമ്മ തൻ സാരിത്തുമ്പിൽ പിടിച്ചാടും
കുസൃതിക്കുടുക്കയാം ഞാൻ
കൊഞ്ചിയും കെഞ്ചിയും തുള്ളി-
നടക്കുമൊരു മണിക്കുട്ടി ഞാൻ
മുറ്റത്തെ തൈക്കളും ചെല്ലത്തത്തയും
മഞ്ഞക്കിളിയുമെൻ ചങ്ങാതിക്കൂട്ടം
കാലം വികൃതി തുടങ്ങിയ കാലം
ഞാനുമെത്തി അക്ഷരമുറ്റത്ത്
പാഠങ്ങൾ ഒരോ മനഃപാഠമാക്കും നേരം
കൂട്ടിനെത്തി കുറേ കുഞ്ഞിത്തുമ്പികൾ
ആത്മാവിൽ കുറിക്കപ്പെട്ട പാഠങ്ങൾ
കാലത്തിനു കൂട്ടായി ഞാനും നീങ്ങി
കലാലയമാണെൻ വിശാല വിദ്യാലയമിന്ന്
ഈ സുന്ദരതീരമെങ്ങനെ മറക്കും
പച്ചപ്പിൻ താഴ്‌വരപോലൊരിടം
ശ്രവണമധുരമാം, ഗാനമൊഴുകും
പക്ഷികൾ തൻ പുല്ലാങ്കുഴൽ പാട്ട്
ജീവിതമാകെ നിറം പകരാൻ

പച്ചക്കൊടി നാട്ടും പ്രിയകൂട്ടുകാരൻ
കുറിവാക്കോ കുറുമൊഴിയോ
കളിചിരികളോ ഞാനതിലൊരു ഭാഗമോ
മിണ്ടാപ്പൂച്ചയാം ഞാൻ
എന്നെത്തന്നെ മറന്നുല്ലസിച്ച നാളുകൾ
മനസ്സിൽ പുസ്തകത്തിൽ സൂക്ഷിക്കാനായ്
എനിക്കും കിട്ടിയല്ലോ മയിൽപ്പീലിത്തുണ്ടുകൾ
വർഷങ്ങളെത്രയോ പായുന്നു
കാലമിതാണെന്നോ വീണ്ടും വിളിക്കുന്നു.
കാലത്തിനു കൂട്ടായി ഞാനും നിൽക്കുന്നു
കൊതിച്ചിരുന്നു ഞാനും അന്നൊരിക്കൽ
അവധിക്കാലമൊന്നു വേഗമണയാൻ
എന്നാലിന്നോ സ്ഥിതിയെന്നെ മാറിപ്പോയ്
അവധിക്കാലമുടക്കം തോറും മനസ്സുറങ്ങാൻ
മനസ്സുറങ്ങാൻ ഭാവിക്കുന്നു.
കലപില പറഞ്ഞും കലഹിച്ചും നടന്ന
നാളുകൾ, എന്നെയുണർവിറക്കുവാൻ
എന്നാലിനിയെന്നാൾ മാത്രം
കാലമെന്നെയും വിളിക്കുന്നു
കാലത്തിനു കൂട്ടായി ഞാനും നിൽക്കുന്നു

"കാലത്തിനു കൂട്ടായി ഞാനും
നിൽക്കുന്നു കൊതിച്ചിരുന്നു
ഞാനും അന്നൊരിക്കൽ
അവധിക്കാലമൊന്ന് വേഗ-
മണയാൻ എന്നാലിന്നോ
സ്ഥിതി മാറിപ്പോയി.....

കൊതിച്ചിരുന്നു ഞാനും അന്നൊരിക്കൽ
അവധിക്കാലമൊന്നു വേഗമണയാൻ
എന്നാലിന്നോ സ്ഥിതിയേറെ മാറിപ്പോയ്
അവധിക്കാലമടുക്കും തോറും ,
മനസ്സുരുങ്ങാൻ ഭാവിക്കുന്നു.
കലപില പറഞ്ഞും കലഹിച്ചും നടന്ന-
നാളുകൾ ഓരോന്നയവിറക്കുവാൻ
എന്നാലിനിയെത്ര നാൾ മാത്രം
കാലമെന്നെയും വിളിക്കുന്നു.
കാലത്തിനു കൂട്ടായി ഞാനും നീങ്ങുന്നു
ബാല്യം ഞാൻ പോലുമറിയാതെ കടന്നുപോ
കൗമാരത്തിൻ സുന്ദരനിമിഷങ്ങളുമിതാ-
തീരുന്നു.
യൗവനമാം ചേലാരവനത്തിലേക്ക്
ഞാനുമൊന്നു പിച്ചവെച്ചോട്ടെ
കവിഹൃദയങ്ങൾ പാടും പോൽ
ഏതേത് ഉയരത്തിലെത്തിയെന്നാലും
അമ്മതൻ അമ്മിഞ്ഞതൻ മാധുര്യം
കാത്തുകൊള്ളാൻ ഞാനും ബാധ്യസ്ഥൻ
വിശാലമാം ഈ വനം നിറഞ്ഞിരിക്കുന്നു
ഭീകരസത്വങ്ങളാൽ, വശ്യമനോഹാരിതകളാൽ

"കാലത്തിനു കൂട്ടായി
ഞാനും നീങ്ങുന്നു
ബാല്യം ഞാൻ പോലുമറി
യാതെ കടന്നുപോ
കൗമാരത്തിന്റെ സുന്ദര
നിമിഷങ്ങളിതാ തീരുന്നു.....


ഹേ, കൗമാരമേ വിടവാങ്ങട്ടെ ഞാൻ
ആശീർവദിക്കൂ.. അനുഗ്രഹിക്കൂ..
കാലത്തിനു കൂട്ടായി ഞാനും പോകുന്നു
മറ്റൊരു ജന്മമുണ്ടെങ്കിൽ വീണ്ടും വരാനായി
വിടചൊല്ലുന്നു ഞാൻ...
മനസ്സിൻ പുസ്തകത്തിൽ സൂക്ഷിക്കാൻ
എനിക്കും കിട്ടിയല്ലോ മയിൽപ്പീലിത്തുണ്ടുകൾ.

MINNU SEBASTIAN

# മരണ മണി

ർണിം, ർണിം, ർണിം ടെലഫോൺ ബെൽ നിലക്കാതെ അടിക്കാൻ തുടങ്ങി. ബാലൻ പത്രത്തിൽ നിന്നും തല പുറത്തേക്ക് നീട്ടി... അടുക്കളവശത്തേക്കായിരുന്നു കണ്ണുകൾ... ഭാര്യയുടെ നിഴൽ പോലും കാണാനില്ല. മനസ്സില്ലാമനസ്സോടെ അദ്ദേഹം എണീറ്റു ഫോണെടുത്തു. 'ഹലോ' മറുവശത്തുനിന്നും 'ഇത് ഇന്നലെ മരിച്ച ഗോപാലന്റെ വീടല്ലേ?' 'സോറി, Wrong number'. അദ്ദേഹം ഫോൺ കട്ടു ചെയ്തു. ഇതിന് എത്രാമത്തെ തവണയാ. അയാൾ ആരോടെന്നില്ലാതെ പറഞ്ഞു. ആരാണാവോ ഈ ഗോപാലൻ, നമ്പറിന്റെ സാമ്യത കൊണ്ടായിരിക്കും ഇങ്ങനെ ഫോൺ വരുന്നത്. അയാൾ ഉമ്മറത്തേക്ക് നടന്നു. വീണ്ടും അതാ ഫോണടിക്കുന്നു. ദേഷ്യത്തോടെ അയാൾ ഫോണെടുത്തു. 'ഹലോ' മറുവശത്തു നിന്നും വീണ്ടും അതേ ചോദ്യം. 'ഇത് മരിച്ച ഗോപാലന്റെ വീടല്ലേ?' 'അല്ല. ജീവിച്ചിരിക്കുന്ന ബാലന്റെ വീടാണ്.' അയാൾ അമർഷത്തോടെ ഫോൺ വച്ചു.

വീണ്ടും പത്രത്താളുകളിലേക്ക് തലയിട്ടു. അയാളുടെ കണ്ണുകൾ ചരമക്കോളത്തിലെ ഒരു തലക്കെട്ടിൽ ഉടക്കി. അയാളത് ഒരിക്കൽക്കൂടി വായിച്ചു. "കടബാധ്യത മൂലം കർഷകൻ ആത്മഹത്യ ചെയ്തു." അയാൾ വിശദമായി വാർത്ത വായിച്ചു. 'ഗോപാലൻ, വയസ്സ് 45, തന്നെപ്പോലെ സാധാരണ കർഷകൻ, ജീവിക്കാൻ വഴിയില്ലാതായപ്പോൾ ഒരു തുണ്ടുകഷ്ണം കയറിൽ അഭയം പ്രാപിച്ചു. ലക്ഷക്കണക്കിന് രൂപ കടബാധ്യത ഉണ്ടായിരുന്നു.' ബാലന്റെ നെഞ്ചിലൂടെ ഒരു മിന്നൽ കൊള്ളി പാഞ്ഞു, താനും അയാളെ പോലെ ഒരു സാധാരണ കർഷകൻ, ലക്ഷക്കണക്കിന് രൂപ കടം തനിക്കുമുണ്ട് - അയാൾ വേദനയോടെ ഓർത്തു. അയാളുടെ കൈകാലുകൾ വിറക്കാൻ തുടങ്ങി.



ശരീരമാകെ ക്ഷീണിക്കുന്നതു പോലെ തോന്നി...

ലക്ഷ്മീ... അയാൾ വിറയലോടെ ഭാര്യയെ വിളിച്ചു.

ദിവസങ്ങൾക്ക് ശേഷം ആ വീട്ടിൽ വീണ്ടും ഫോൺ ബെൽ മുഴങ്ങി. ഭാര്യ ലക്ഷ്മി ഫോണെടുത്തു. "ഇത് മരിച്ച ബാലന്റെ വീടല്ലേ?" മറുവശത്ത് നിന്നും ഒരു തേങ്ങൽ മാത്രം കേൾക്കുന്നുണ്ടായിരുന്നു...

ISNA KARIMBAN

# क्या हम दुहराएँगे वही इतिहास ?

सुबह जब 7·30 बजे अलार्म बजने लगता है,
आग सी लग जाती है पैरों में।
भाग भाग कर तैयारियाँ करनी पड़ती है
भाग भाग कर क्लास जाना पड़ता है।
जितना रात भर जगे ; उतना क्लास में सोना होता है
फिर आता है अटेन्डेन्स का कॉल और
होते हैं वही बॉरिंग लेक्चर्स शुरु !
दिल में तो यारों फिर से सो जाने का फूल
खिलता है !

इन्तजार करते हैं हम, एक बजे के बेल का
फिर यारों चल दिये होस्टेल में
जहाँ मेज़ पर सजा होता है चावल और साम्भर
दुपहर को तो दिलो दिमाग दोनों लेते हैं आराम,
प्राक्टिकल्स तो करते हैं नींद को हराम
फिर होती है शाम, तो चल दिए वापस होस्टेल
जहाँ होती है दोस्तों से गपशप और
यारों से यारों की बात
होता है बॉडमिन्टन का खेल
होता है डिन्नर का वक्त
चल दिए प्लेट लेके मेज़
इन सब कामों से होती है हमें थकान।

तो तैयारी लेते हैं सोने की
पर क्या करें? आता है एम.एच से फोन!
लेते हैं रिकार्ड, लेते हैं पेन
कर देते हैं लिखना शुरू!
होती है नींद गायब, होता है गाना शुरू!
काम खतम, आधी रात को, सोने चले हम!
सो जाते हैं इस उम्मीद से की उठेंगे कल जल्दी
पर मित्रों क्या करें? दुहराते हैं वही इतिहास।
अनजाने में ही कर देते हैं, अलार्म को स्नूज़!
यही होते होते, आते हैं सेम के एग्साम्स,
क्लास न जाना, नोट्स न बनाना...
लगती है फोटोस्टाट लेने लाइन!
अब जेरोक्स किए नोट्स बन जाते हैं 'खाना'
होता है ऐसा एग्साम के वक्त
कि नींद तो जैसे हमारे जीवन में है ही नहीं!
फिर तुरंत लेते हैं प्रण की नेक्स्ट सेम
को जाएंगे क्लास,
पर दोस्तों क्या हम दुहराएँगे वही इतिहास?

सुलक्षणा राव

# അഗ്നിസാക്ഷി

വി.ടിയുടെ നേതൃത്വത്തിൽ നടന്ന സാമുദായിക പരിഷ്കരണപ്രസ്ഥാനത്തിന്റെ ഉൽപന്നമാണ് ലളിതാംബിക അന്തർജ്ജനം. ഇരുട്ടറയിൽ കിടക്കുന്ന വിത്തിന് ഉപമയായി വള്ളത്തോൾ വർണ്ണിച്ച അന്തർജ്ജനങ്ങൾക്കിടയിലെ അലമാരകൾക്കിടയിൽ ഒരെഴുത്തുപെൻസിൽ കണ്ടെത്തിയ പെൺകിടാവ്. മറക്കുടക്കുള്ളിലെ മഹാനരകത്തിന്റെ ചിത്രം ഒരു അന്തർജ്ജനം തന്നെ തൂലികകൊണ്ട് വരച്ചു കാണിക്കുമ്പോൾ എങ്ങനെ അത് അവിശ്വസനീയമാകും ?

അഗ്നിസാക്ഷിയിലെ അഗ്നിസാക്ഷിയാണ് തേതിക്കുട്ടി. മറക്കുടക്കുള്ളിൽ നിന്നും സഹോദരൻ പി.കെ.പി നമ്പൂതിരിയുടെ കൈപിടിച്ച് അവളൊരു കൊടുങ്കാറ്റായി മാറി. ഉന്നതമായ മൂല്യങ്ങൾ ഉത്ഘോഷിക്കുകയും ജീർണ്ണമായ ആചാരാനുഷ്ഠാനങ്ങളിലൂടെ മനുഷ്യപ്പറ്റില്ലാതെ പെരുമാറുകയും ചെയ്യുന്ന ഭൂതകാലത്തിന്റെ നിഴലായി മാറിയ ആളാണ് തേതിക്കുട്ടിയുടെ ഭർത്താവായ ഉണ്ണി.

ഉണ്ണിയുടെ അനുജത്തിയായ തങ്കത്തിന്റെ സ്മരണക-
ളിലൂടെയാണ് ഈ കഥ അവതരിപ്പിക്കുന്നത്. മറക്കുടക്കുള്ളിൽ സ്ത്രീകളെ ഒതുക്കി നിർത്തുന്ന തങ്കത്തിന്റെ നാട്ടിലെത്തുമ്പോൾ തേതിക്കുട്ടി ദു:ഖിതയാകുന്നു. സ്വാതന്ത്ര്യസമരസേനാനിയായി ജയിലിൽ കഴിഞ്ഞതിന് തേതിക്കുട്ടിയുടെ ജ്യേഷ്ഠന് അയിത്തം കൽപ്പിച്ചു. അതിനാൽ അമ്മ മരിച്ചപ്പോൾ സ്വന്തം വീട്ടിലേക്ക് പോകുവാൻ ഭർത്താവിന്റെ വീട്ടുകാർ അവളെ അനുവദിച്ചില്ല. സ്നേഹസമ്പന്നനും ആചാരാനുഷ്ഠാനങ്ങളിൽ വിട്ടുവീഴ്ച ചെയ്യാത്ത ആളുമായ ഭർത്താവിനെ വിട്ട് അവൾ വീട്ടിലേക്ക് ഓടിപ്പോരുന്നു. പിന്നെ അവൾ സാമൂഹികപ്രവൃത്തകയായി, തീജ്വാലയായി, ഗാന്ധിജിയുടെ ശിഷ്യയായി മാറുന്നു. സന്യാസിനിയായി. ഉണ്ണിയേട്ടന്റെ ചിതാഭസ്മം ഗംഗയിൽ ഒഴുക്കാനെത്തിയ തങ്കത്തെ ദേവീബഹൻ എന്ന തേതിക്കുട്ടി കണ്ടുമുട്ടുന്നു. കൊടുംതപസ്വിനിയും ശുദ്ധയുമായ അവൾ ദേഹത്യാഗം ചെയ്യുന്നു.

കുടുംബത്തിലും സമൂഹത്തിലും ഒരു പോലെ ചവിട്ടിയരക്കപ്പെട്ട കേരളസ്ത്രീ സ്വന്തം വ്യക്തിത്വത്തിനു വേണ്ടി നീറിപ്പിടഞ്ഞ ചരിത്രസന്ധിയുടെ രേഖയാണ് 'അഗ്നിസാക്ഷി'. ഇതിലെ തീക്ഷ്ണമായ രംഗങ്ങളെ ലളിതമായി ചിത്രീകരിച്ച ലളിതാംബിക അന്തർജ്ജനം മലയാള നോവലിസ്റ്റുകൾക്കിടയിൽ ഒരു ഇരിപ്പിടം തരപ്പെടുത്തിയിരിക്കുന്നു. ഇതിന് സംഭവ്യങ്ങളിൽ നിന്നും വളരെ ബന്ധമുണ്ട്. ഗാന്ധിജിയുടെ ശിഷ്യയായി ദേവീബഹനെ ചിത്രീകരിച്ചത് ഒരു ഉദാഹരണമാണ്. ദേവീബഹൻ പണ്ട് ജീവിച്ചിരുന്ന ഒരു സ്ത്രീയായിരുന്നു. പിന്നെ അവർ പല പേരുകളിൽ ദേവീബഹൻ ജീവിച്ചിരുന്ന പശ്ചാത്തലത്തിൽ ജീവിച്ചു.

സ്ത്രീക്ക് സ്വാതന്ത്ര്യമില്ലെന്ന് വിലപിക്കുന്ന ഇന്നത്തെ സമൂഹം പണ്ടത്തെ സ്ത്രീകൾ എത്രയാതന അനുഭവിച്ചിരുന്നുവെന്ന് മനസ്സിലാക്കണം. അന്ന് സ്ത്രീക്ക് വിലക്കുകൾ കൽപിച്ചിരുന്നത് സമൂഹമായിരുന്നെങ്കിൽ ഇന്ന് സ്ത്രീക്ക് സ്ത്രീ തന്നെ വിലക്കേർപ്പെടുത്തുന്നു.

SAJEERA

# പറയാൻ ബാക്കിവെച്ചത്...



കഴിവുകേടൊന്നിനെ തുടച്ചുമിനുക്കി ഞാൻ
എൻ കഴിവിനെ ചോർത്തിക്കളഞ്ഞുവെന്നോ?
ഈശ്വരാ നീയെന്റെ കൂടെയുണ്ടായിട്ടും
മടിയെ ഞാനറിയാതെ പ്രണയിച്ചുവെന്നോ?
തീയിൽ കുരുത്ത ഞാൻ ഈ ഇളം വെയിലിന്റെ
ചൂടേറ്റു പാടെ തളർന്നുവെന്നോ?
ഈ മലയത്രയും ഞാൻ ചവിട്ടിക്കയറിയ-
തറിയാതെ തെന്നി വീഴുവാനായിരുന്നെന്നോ?
നിങ്ങൾക്കു മുമ്പിൽ തോറ്റുതന്നിന്നു ഞാൻ
എന്നിലെയെന്നെ തഴഞ്ഞുവെന്നോ?
അമ്മേ, ഞാൻ നിന്നെ അറിയാൻ തുടങ്ങി-
യിട്ടിന്നാറേഴുമാസം കഴിഞ്ഞുവെന്നോ?
എന്നിട്ടുമമ്മേ, നീ പോലുമറിയാത്തൊരു
ചാപിള്ളയായി ഞാൻ മാറിയെന്നോ?
എന്നെയറിയണം ഇന്നുതൊട്ടങ്ങു നീ
എന്നിലെയെന്നെ മുഴുവനായും തന്നെ
എൻ കിളിക്കൊഞ്ചലും കുഞ്ഞുകുസൃതിയും ഒപ്പം
എന്നെ ഞാനാക്കുമീ പേനയേയും

കാരണം

ഞാനും നിന്റെ കുഞ്ഞല്ലേ?
നാലുവർഷം നിൻ പള്ളയിൽ
കിടക്കും; നിൻ കുഞ്ഞുവാവ!

!

JINCY JOSEPH


In the midst of gloom Its crimsons that bloom
NAYANA K

# Reminescence

It was like the repeat telecast
of the program on TV.
Mom reminded me about
the arrangement of my room.
which happened to be a disastrous arena
struck by a tornado.

Finally being fed up with my mom's reports,
I decided to carry out her wish.
While I was going through my 'work'
I happened to see my own album
in the table corner being abandoned
Its awful condition made me embarassed.

An urge of opening it rushed into me
But when it was done,
I wished I was having déjá vu
I saw a two-year-old me smiling.
As far as I am concerned
My memory starts somewhere around there

I still remember a crow
Stealing my cake I was holding
When I was just two.
Then there it was the celebrations
I had with my family
the rare moments of joy and happiness
These all were drawing me to my past.

Some memories unfurled smiles in me
Of course, we always remember the things
we really interested are in.
Some chapter were closed forever
the intermediates were fading,
I tried to replenish it
But, uninterested matters we forget
that we know from our study.

These old days made me
wish to go back there once more
to enjoy those pleasures
a chance to correct my mistakes...

But I know that life's not
like Rowling's fiction
The decisions taken in the past
made us what we are now
So keep going with nice decisions
For having a good past, present and future.

MANJU ROSHNI



NITHIN

# സൃഷ്ടി

ഇപ്പോൾ ഞാനെന്താ ചിന്തിച്ചുകൊണ്ടിരിക്കുന്നത്...
എന്തൊക്കെയോ... ഞാനറിയാതെ... ജീവിതമറിയാതെ
ഒന്നറിയാം, കടന്നു പോയ്ക്കൊണ്ടേയിരിക്കുന്നു
എന്നെ തോൽപ്പിച്ച്;
ആ അചേതന സമസ്യ; സമയം.
മനസ്സിൽ ദുഃഖം പൊട്ടിത്തെറിക്കാൻ വെമ്പുന്നു
മിഴിയിലൂടെ അശ്രുവീഴ്ത്താൻ പോലും കഴിയാത്ത
എന്തു സങ്കടകരമായ, ദുസ്സഹമായ ദുഃഖം.
ഞാൻ മനസ്സിലാക്കുന്നു, എനിക്ക് കൈവിട്ട് പോകുന്നത്
ജീവിതം തന്നെയാണെന്ന്. പക്ഷേ...
മഴയും, വെയിലും, മഞ്ഞും, തണലും, ഇരുട്ടും,
വെളിച്ചവും എനിക്കുത്തരം കിട്ടാത്ത
ചോദ്യ ചിഹ്നങ്ങളാകുന്നു...
അവ എവിടെപ്പോയി മറയുന്നു, അറിയില്ല
ഇപ്പോഴെനിക്കൊരു മോഹമുണ്ടാകുന്നു;
പെരുമഴയെപ്പോൽ ആർത്തു കരയാൻ,
കൊടുങ്കാറ്റിനെപ്പോൽ ഭ്രാന്തിയാകാൻ,
മീനവെയിലിനെപ്പോൽ നിന്ന് കത്തിപ്പടരാൻ,
മഞ്ഞിനെപ്പോൽ മരവിച്ച് ആലസ്യത്തിൽ
ഒരിക്കലുമുണരാതുറങ്ങാൻ...
സത്യം ഞാൻ മനസ്സിലാക്കുന്നു – എനിക്ക്
കഴിയില്ല എന്റെ സ്വപ്നങ്ങളിലെ പൂമ്പാറ്റയാകാൻ
കാരണം.... ഞാനൊരു മനുഷ്യനായിപ്പോയി,
ദൈവത്തിന്റെ മഹത്തായ സൃഷ്ടി...

SHAMNA N

# ഭാരതപര്യടനം

ശ്രീ. കുട്ടികൃഷ്ണമാരാരുടെ നിരൂപണ പാടവത്തെ വിളിച്ചോതുന്ന ഒരു കൃതിയാണ്. 'ഭാരത പര്യടനം' മഹാഭാരതത്തിലെ ചില പ്രധാന സംഭവങ്ങളെ വിശദീകരിക്കുകയും പിന്നീട് അവ നിരൂപണം ചെയ്യുന്നതുമാണ് ഈ കൃതി. മറ്റു സാഹിത്യകാരൻമാരിൽ നിന്നും തികച്ചും വ്യത്യസ്തമായ ഭാഷാശൈലിയാണ് മാരാരുടേത്. അനേകം ശ്ലോകങ്ങളും സൂക്തങ്ങളും അടങ്ങിയ മഹാഭാരതത്തിൽ നിന്നും അവ തിരഞ്ഞെടുത്ത് സാധാരണക്കാരനു മനസിലാകുന്ന ഭാഷാശൈലിയിലേക്ക് അവതരിപ്പിക്കുന്നു.

ഓരോ കഥാപാത്രത്തിലേക്കും ആഴ്ന്നിറങ്ങി അവയുടെ സവിശേഷതകളും പോരായ്മകളും ഈ കൃതിയിൽ ഉടനീളം വിശദീകരിച്ചിട്ടുണ്ട്. ഇത് മാരാർക്ക് മഹാഭാരതത്തിലുള്ള പാണ്ഡിത്യം വിളിച്ചോതുന്നു. നൂറ്റാണ്ടുകൾക്കു മുമ്പുണ്ടായ ഈ സംഭവങ്ങളെ ഇന്നത്തെ ജീവിതവുമായി കൂട്ടിച്ചേർക്കുവാൻ കഴിഞ്ഞതാണ് മറ്റൊരു സവിശേഷത.

ഭീഷ്മപ്രതിജ്ഞ മുതലുള്ള സംഭവങ്ങളിൽ കർണ്ണന്റെ അരങ്ങേറ്റം , അംബ എന്നിവ മികച്ചതാണ്. ഉന്നത കുലജാതനായിട്ടും സൂതന്റെ പുത്രനെന്ന പേരിൽ അപമാനം സഹിക്കേണ്ടി വരുന്ന കർണ്ണനെ പറ്റി അദ്ദേഹം യഥേഷ്ടം പുകഴ്ത്തിയിട്ടുണ്ട് ഭൂരിപക്ഷവും അർജ്ജുനനെ വില്ലാളിവീരനായി വാഴ്ത്തുമ്പോൾ ,മാരാരാകട്ടെ കർണ്ണനെയാണ് ആ സ്ഥാനത്തിന് അർഹനായി കരുതുന്നത്. കുരുക്ഷേത്രത്തിലെ കർണ്ണന്റെ പ്രകടനവും സ്വന്തം കവച കുണ്ഡലങ്ങളെ ദാനം ചെയ്ത അദ്ദേഹത്തിന്റെ ദാനശീലത്തെയും എന്നും തന്നോട് കൂറായി പെരുമാറിയിരുന്ന ഭീഷ്മരോട് വിനീതമായി സംസാരിച്ചതും തന്നെ ആപത്തിൽ നിന്നും രക്ഷിച്ച കൗരവരെ തന്റെ മരണം വരെ കൈവിടാത്തതുമെല്ലാം മാരാർ വളരെ വിശദമായി വിവരിച്ചിട്ടുണ്ട്. പിന്നീട് അർജ്ജുനന്മാരെയും കർണ്ണന്മാരെയും ഉൾക്കൊള്ളുന്ന സമൂഹത്തിലേക്ക് നോക്കാനും മാരാർ മറന്നില്ല. അംബയിലാകട്ടെ ക്രോധമെന്ന വികാരം പിന്നീട് പ്രതികാരമായി ആളിക്കത്തി, അവസാനം സ്വന്തം ജീവൻ അഗ്നിക്കിരയാക്കി. പിന്നീടുണ്ടായ മഹാഭാരതയുദ്ധത്തിൽ ശകുനിയായി അവതരിച്ചു. എന്നിങ്ങനെയുള്ള സുപ്രധാന സംഭവങ്ങളാണ് വിവരിച്ചിട്ടുള്ളത്

സമകാലീന സമൂഹവുമായി മാരാർ ഈ സംഭവങ്ങളെ പലയിടത്തും കൂട്ടിയോജിപ്പിച്ചിട്ടുണ്ട്. നിരവധി പുരസ്കാരങ്ങൾ നേടിയ മാരാരുടെ സൃഷ്ടികൾ അന്നും ഇന്നും നിരൂപണ സാഹിത്യത്തിലെ അമൂല്യ രത്നങ്ങളാണ്.

അശ്വതി ഹരീഷൻ



# എൻ പ്രണയിനി..

കടന്നുവന്നു എൻ ജീവിതത്തിൽ
എന്നെ ഞാനാക്കി മാററി അവൾ
അനന്തതയിലാണ്ടു ഞാൻ
തള്ളി നീക്കി എൻ ദിനരാത്രങ്ങൾ
അവൾ തൻ സ്നേഹലാളനങ്ങൾ
എന്നെ തഴുകി ഒരു തൂവൽ സ്പർശം പോലെ
ആരു നീ ദേവി അപ്സരകന്യകേ !

അവൾക്കായ് തീർത്തു ഞാൻ
നടന നിപുണമാം വെള്ളക്കൽ കൊട്ടാരം
അവൾ എൻ പ്രണയിനി, ദേവസുന്ദരി
നടരാജനാൽ സൃഷ്ടിക്കപ്പെട്ടു
ഭൂമിയിൽ ജനിച്ചു എൻ സഖിയാവാൻ
പരിശുദ്ധമാം അവളുടെ പ്രണയം !!!
മാനസസരോവരത്തേക്കാൾ തെളിഞ്ഞിരുന്നു
ഞാനാം മാനവൻ അവളെ പ്രണയിക്കുന്നു, ജീവനു തുല്യം
അവൾ!! നൃത്തമാം എൻ പ്രണയിനി
പ്രണയിക്കുന്നു ഞാൻ ഇന്നും എന്നും എൻ നൃത്തത്തെ
എല്ലാം മറന്ന് നൃത്തമാടുമ്പോൾ ഞാനറിയുന്നു
ആ പ്രപഞ്ച സത്യം !!!

MRUTHUL

# വിധിവിളക്ക്

റാന്തൽ വിളക്കിന്റെ തിനാളമായ്വന്ന
നിത്യ വ്യഥകളുടെ ഇതളുകൾ
ചെമ്പരത്തി തൻ കൊച്ചു ശിഖരത്തിൽ
തുന്നിച്ചേർത്തു വെങ്കിലും ,
മാവിൽ വളർന്ന തെച്ചിപ്പൂവിനെന്തു ഭംഗി ?

മാറിൽ വളരുന്ന കൊച്ചു പുഷ്പം !
മാപ്പപേക്ഷിക്കുന്നതെന്ന് തോന്നി.
ഞാൻ ചെയ്ത കള്ളിമുൾച്ചെടികൾക്ക്
പക്ഷേ, ഹൃദയമെന്ന പൂവിൽ
സ്വാന്തന വാക്കുകളില്ല.

നിസംഗത മീ കള്ള രൂപം
ഇരുട്ടിൽ തനിച്ചിരിക്കുവാൻ നൊന്തു
ഇരുട്ടിനോട് വെറുപ്പാണെങ്കിൽ
പ്രതിഷേധമായാം നിഴലിൽ



ഒളിഞ്ഞിരുന്നാൽ മാത്രം മതിയോ ?!!
ഇനിയുമെന്നെ നൊമ്പരത്തിലാഴ്ത്തി
നിന്റെ 'വിധി വേട്ട'
ശിൽപം കൊത്തിവെച്ച് രസിച്ചു.
മിന്നലേടനായതുപോൽ -!!!---

# ചിലങ്ക

കാതോർത്തു ഞാൻ ആ മണിനാദത്തിൽ
പഞ്ചഭൂതങ്ങൾ ലയിച്ചു ചേരും അത്ഭുതശബ്ദം
ഒരമ്മ തൻ മക്കളെ പോലെ പുഞ്ചിരിച്ചു എൻ മുന്നിൽ
പ്രകൃതിയെ തൊട്ടുണർത്തും ആ ശബ്ദം
ഞാനാം മർത്യനെ കോൾമയിർ കൊള്ളിച്ചു
നേടി ഞാൻ അതി വിശിഷ്ടമാം
ആ മണിനാദത്തിൽ ഉൽപത്തിയെ
എത്തിപ്പെട്ടു പ്രപഞ്ച സത്യങ്ങൾ
വിളിച്ചോതും ഭരതക്ഷേത്രത്തിൽ
തിരിച്ചറിഞ്ഞു ഞാൻ ആ പരമസത്യം
ആ അത്ഭുത സത്യം തൻ ഉത്ഭവത്തെ
അഗ്നിദേവനേക്കാൾ തേജസ്സുററ വസ്തും
അതിൽ നിന്നല്ലോ കർണ്ണപുളകിതമാം ആ ശബ്ദം
മഹാദേവൻ തൻ പാദാരവിന്ധങ്ങളിൽ
ലയിച്ചിരുന്നു ആ അമൂല്യ രത്നം.
ഒരു പക്ഷേ
ഞാനാം മർത്യന് ജീവവായുവിനോളം തുല്യം.
അതു താനല്ലോ ഞാൻ അണിയും എൻ ചിലങ്ക



# ഒരു നിലാപക്ഷിയുടെ തേങ്ങൽ

ക്ലോക്കിൽ സമയം അഞ്ചുമണി കഴിഞ്ഞു. അവൾ പതുക്കെ കട്ടിലിൽ നിന്നും എണീറ്റു. ഇതുവരെ ഉറങ്ങിയിട്ടില്ലായിരുന്നു എന്ന സത്യം അവൾ ഓർത്തു, ഹൗ!, തിരിഞ്ഞും മറിഞ്ഞും എത്ര നേരമായി... കിടക്കുന്നു... അവൾ എണീറ്റ് ബാത്ത്റൂമിലേക്ക് നടന്നു. പൈപ്പ് പതുക്കെ തുറന്ന് മുഖം കഴുകി. വുളൂഹ് എടുത്ത് റൂമി-ലേക്ക് തിരിച്ചു വന്നു. പായ വിരിച്ച് നിസ്കരിച്ചു..... പിന്നെ ഹൃദയംപൊട്ടി പ്രാർത്ഥിച്ചു..... റബ്ബേ... എന്നെ രക്ഷിക്കണേ... നീ.. എന്നെ കൈവെടിയരുതേ.. ഞാൻ കഷ്ടപ്പെട്ടതിന് പ്രതിഫലം കിട്ടണേ... പ്രാർത്ഥിച്ചു കഴിഞ്ഞപ്പോഴേക്കും അവൾ കരഞ്ഞിരുന്നു... അവൾ പതുക്കെ എണീറ്റ് ഉമ്മയുടെ റൂമിൽ ചെന്നു... ഉമ്മ ഖുർആൻ ഓതുകയായിരുന്നു. അവൾ ഉമ്മയുടെ മടിയിൽ തല വെച്ചു കിടന്നു... ഉമ്മ അവളുടെ നെറ്റിയിൽ തലോടിക്കൊണ്ടിരുന്നു. "മോളേ... സജ്നാ...." ഉമ്മ പതുക്കെ വിളിച്ചു.. അവൾ പതുക്കെ മൂളി "എന്താ.. ഉമ്മാ..?" ഉമ്മ പതുക്കെ അവളുടെ നെഞ്ചിൽ കൈ വെച്ചു.... "നെഞ്ച് കിടന്ന് പട പടാന്ന് അടിക്കുന്നു", "നിനക്കെന്തിനാ ഇങ്ങനെ ടെൻഷനാകുന്നത്", ഒന്നൂല്യ.. അവൾ വിങ്ങി... വിങ്ങി പറഞ്ഞു...... "ഇജ്ജ് പേടിക്കണ്ട... ഒക്കെ ശരിയാകും... അനക്ക് കിട്ടും .... ഞാനാ പറയുന്നത്.... ഉമ്മ അവളെ ചേർത്തു പിടിച്ചു കൊണ്ട് പറഞ്ഞു... അവൾ കണ്ണുകൾ ഇറുക്കി അടച്ചു കിടന്നു......

ബെല്ലടി തുടങ്ങി.. ഫോൺ വിളി... എന്റെ റബ്ബേ... മനുഷ്യന്മാരെ ടെൻഷനാക്കാൻ.." റല ഓടിച്ചെന്ന് ഫോണെടുത്തു" "ഹലോ... ആരാ?" അപ്പുറത്തു നിന്നും:" എടീ.. ഇത് ഞാനാ... സമീനാ.. എന്തായി ....വല്ലതും അറിഞ്ഞോ...??..", ഞങ്ങളിങ്ങോട്ട് വരാനിരിക്കുകയാണ് ....". റല ഫോൺ അമർത്തി പിടിച്ചു കൊണ്ട് പറഞ്ഞു " ഒന്ന് കിട്ടീട്ട് വേണ്ടല്ലോ, അനക്ക് ഇങ്ങോട്ട് വരാൻ... അത് ഉച്ചക്കേ അറിയൂ..." ഫോൺ വെച്ചപ്പോഴേക്കും അടുത്ത ഫോൺ.... സജ്ന റൂമിൽ ഇരിക്കുക-യാണ്. വയ്യ... മതിയായി... എത്ര നാളായി... തീ തിന്നാൻ തുടങ്ങിയിട്ട്....

ഇതിലും ഭേദം മരിക്കുന്നതായിരുന്നു... അവൾ പതുക്കെ എണീറ്റു. ജനലക്കരികിൽ വന്നു നിന്നു. പെട്ടെന്നവൾ ഓർത്തു.. "ഞാൻ.... ഞാനെന്തിന ഇവിടെ വന്നു നിക്കുന്നത്..? എല്ലാം മറന്നതല്ലേ...?.... വീണ്ടും..? വേണ്ട.. ഒന്നും വേണ്ട..!" അവൾ കിടക്കയിലേക്ക് ഓടി... താഴെ നിന്നും ഉമ്മ നീട്ടി വിളിച്ചു... സജ്നാ..! സജ്നാ..!! അവൾ താഴേക്ക് ഓടി.... താഴെ ഉമ്മ T.V. കാണുകയാണ്, ഇന്ത്യാവിഷൻ, അവർ സോഫയിലിരുന്നു... ഉമ്മയുടെ കണ്ണുകൾ ആകാംക്ഷയോടെ ഒഴുകുന്നത് അവൾ കണ്ടു... എനിക്കു വേണ്ടിയാണല്ലോ... ഇങ്ങനെയൊക്കെ... എനിക്കുവയ്യ...! പരാജയമാണെങ്കിൽ ഞാനെന്തിനു ജീവിച്ചിരിക്കണം..?

11 മണിയായപ്പോൾ അനിയൻ ഓടി അരികിലേക്ക് വന്നു... അവൾ കിടക്കുകയായിരുന്നു.. "എന്താടാ?" അവൾ ചോദിച്ചു... "ഉമ്മ താത്താന്റെ നമ്പർ തരാൻ പറഞ്ഞു. അവൾ വിറയ്ക്കുന്ന കൈകളോടെ അതെടുത്തു കൊടുത്തു.... പിന്നെ വീണ്ടും ജനലക്കരികിൽ വന്നു നിന്നു.... അവളുടെ കണ്ണുകൾ ആരെയോ തിരയുന്നുണ്ടായിരുന്നു... ജോലി ഒഴിവായതു കൊണ്ട് അധികം വണ്ടികൾ ഒന്നും അതിലൂടെ പോകാറില്ല.... വിരലിലെണ്ണാവുന്നവ മാത്രം... എന്നിട്ടും... അവൾ തിരയുകയായിരുന്നു... അവൾ തിരിഞ്ഞു നടന്നു... ർണിം... ർണിം" അവൾ ഞെട്ടലോടെ.. ജനാലക്കരികിൽ ഓടിയെത്തി... അവളുടെ കണ്ണിൽ നിരാശ മാത്രം... അത് അനിയനായിരുന്നു... സൈക്കിൾ എടുത്ത് അവൻ പുറത്തു പോവുകയാണ്... അവൾ ഒരുപാട് പ്രതീക്ഷിച്ചു പോയി.... ഇല്ല... അവൻ വന്നില്ല..... അത്രയ്ക്ക് ദേഷ്യം ആയിരിക്കും എന്നോട് അവൾ സ്വയം ശപിച്ചു കൊണ്ട് കട്ടിലിലിരുന്നു.. 11.30 - ആയപ്പോഴേക്കും അനിയൻ സൈക്കിൾ പറത്തി വന്നു... അവൻ ഒന്നും മിണ്ടുന്നില്ലായിരുന്നു.... ഉമ്മ വേജാറോടെ പുറത്തേക്ക് ഓടി..." "ടാ... എത്രയാടാ നങ്ക്..." അവൻ ഒന്നും മിണ്ടിയില്ല.... ആ വെളുത്ത കടലാസ് അവളുടെ കയ്യിൽ കൊടുത്തു കൊണ്ട് അവൻ കസേരയിലിരുന്നു... അവൾ പതുക്കെ തുറന്നു... അവളുടെ കണ്ണിൽ നിന്നും കണ്ണുനീർ തുള്ളികൾ അടർന്നു വീണു... ഉമ്മ പേപ്പർ വാങ്ങി.. അക്കങ്ങളും പേപ്പറിലേക്കും മാറി.. മാറി നോക്കി. പൊട്ടിക്കരഞ്ഞു കൊണ്ട് ഉമ്മ നിലത്തു വീണു. അവളും താഴേക്കു വീണു.. ഉമ്മയെ ആശ്വസിപ്പിക്കാൻ അവൾക്ക് ശക്തിയില്ലായിരുന്നു... അവൾ കണ്ണുകൾ

അമരത്തി അടച്ചു കൊണ്ട് അവിടെ കിടന്നു. പിന്നെ അവളൊന്നും കേട്ടില്ല... നല്ല ഫോൺകോളുകൾ ഒരുപാട് വരുന്നുണ്ടായിരുന്നു. അനിയനായിരുന്നു ഫോണെല്ലാം എടുത്തത്, അവൻ പറയുന്നത് അവൾ കേൾക്കുന്നുണ്ടായിരുന്നു... "വല്യ റാങ്കൊന്നുമില്ല... 1410, MBBS. കിട്ടില്ല, പിന്നെ എല്ലാവരും പറയുന്നത്, ഗവൺമെന്റുള്ളതു കൊണ്ട് BDS- സെന്ററിൽ കിട്ടുമായിരിക്കും...', അടുത്ത പഠിപ്പാടിയോ,? എന്ത് സംശയം കിട്ടിച്ചു വിടാം... ഇല്ലാതെന്ത് ചെയ്യാ..?. അവരുടെ ഹൃദയം പെരുമ്പറ കൊട്ടുന്നത് പോലെ മിടിക്കാൻ തുടങ്ങി... തൊണ്ടയിടറി പത്ത് ദിവസങ്ങൾ ഉറങ്ങാതിരുന്നു... എന്നിട്ടും.! ഇതെന്റെ വിധി... Doctor- ആകാൻ തനിക്കു ഭാഗ്യമില്ല... അവൾ മനസ്സിനെ... പറഞ്ഞു പഠിപ്പിക്കാൻ തുടങ്ങി...

കുറച്ചു ദിവസം കഴിഞ്ഞു... മുറിയിൽ നിന്നും പുറത്തിറങ്ങാൻ അവൾക്ക് മടിയായിരുന്നു... മിക്കവാറും മുറിയിൽ തന്നെ കഴിച്ചു കൂട്ടും. മോളുടെ നിരാശ ഉമ്മക്ക് സഹിക്കാൻ കഴിയാത്തതായിരുന്നു... അവർക്കു പേടിയായി... ഇങ്ങനെപോയാൽ അവൾക്കു വല്ല അസുഖവും വരുമോ... അവർ ഉടനെ തന്നെ ഗൾഫിലുള്ള ഭർത്താവിനെ വിളിച്ചു. കോടീശ്വരനായ ഹുസൈൻ ഹാജിയായിരുന്നു സജ്നയുടെ ഉപ്പ. കുവൈത്തിൽ ബിസിനസ്സ് ചെയ്യുകയായിരുന്നു അദ്ദേഹം.

ആഴ്ച്ചകൾക്ക് ശേഷം. ഹുസൈൻ ഹാജി നാട്ടിൽ പറന്നെത്തി... ആ വീട്ടിൽ സന്തോഷത്തിന്റെ നാളുകളായിരുന്നു പിന്നീട്... പക്ഷേ സജ്ന മാത്രം ദുഃഖിതയായിരുന്നു... മോളുടെ ഈ അവസ്ഥ ആ ഉപ്പക്ക് സഹിക്കുന്നതിലപ്പുറമായിരുന്നു... താൻ ലാളിച്ചു. വളർത്തിയ തന്റെ മോൾ. എന്തൊരു സന്തോഷവതിയായിരുന്നു അവൾ?. ഇത്രയും സ്മാർട്ടായ കുട്ടി കുടുംബത്തിൽ വേറെ ആരുമില്ല.... എല്ലാവർക്കും ഇഷ്ടമായിരുന്നു അവളെ... പക്ഷെ.. ഇപ്പോൾ അവൾ.. തന്റെ മോൾ മാനസികമായി തകർന്നു പോയിരിക്കുന്നു.

ഒരു ദിവസം വൈകുന്നേരം സജ്നയുടെ അമ്മാവൻമാരെല്ലാം വീട്ടിലേക്കു വന്നു... ഹുസൈൻ ഹാജിയുമായി അവർ ഒരുപാട് നേരം സംസാരിച്ചു.... സജ്നയുടെ ഉമ്മയ്ക്കൊന്നും മനസ്സിലായില്ല... എങ്കിലും

അവൾക്കു തോന്നി... അവർ സജ്നയെ കുറിച്ചാണ് സംസാരിക്കുന്നത് ...എന്ന്. അവൾ ആകാംക്ഷയോടെ കാത്തിരുന്നു... ഹുസൈൻ ഹാജി പെട്ടന്നു അകത്തോട്ട് വന്നു നീട്ടി വിളിച്ചു... നാജാ... അവൾ അങ്ങോട്ട് ഓടി വന്നു... മൂത്ത അമ്മാവൻ സൗമ്യതയോടെ പറഞ്ഞു... "ഇനിയും സജ്നയെ ഇങ്ങനെ നിർത്തിയാൽ ശരിയാവില്ല... അടുത്ത മാസം അവൾക്ക് പതിനെട്ടു കഴിയും... പഠിപ്പിച്ചതൊക്കെ മതി... ഇനി കെട്ടിച്ചു വിട്ടിട്ട് വേണമെങ്കിൽ പഠിക്കട്ടെ..., എന്റെ സ്നേഹിതന്റെ ആങ്ങളുടെ മോനുണ്ട്.. നീ.. ചെറുപ്പത്തിൽ കണ്ടിട്ടുണ്ടാവും.. നജീബ്... ഗൾഫിൽ എഞ്ചിനീയറാ... പഠിപ്പൊക്കെയുണ്ട്... അവർക്ക് താൽപര്യമുണ്ട്.. ഇനി അത് നീട്ടിവെക്കണ്ട... എന്താ നിങ്ങളുടെ അഭിപ്രായം..". അദ്ദേഹം ഒന്നു നിർത്തി നാജയെ നോക്കി... നാജ ഹുസൈൻ ഹാജിയെ നോക്കി കൊണ്ട് പറഞ്ഞു "എനിക്ക്.... ഇഷ്ടക്കുറവൊന്നുമില്ല... അവളെ ഞാൻ പറഞ്ഞു സമ്മതിപ്പിച്ചോളാം. അവർ ചായ കുടിച്ചു പെട്ടന്നെ എണീറ്റു... ഹുസൈൻ ഹാജി അവരെ യാത്ര അയച്ചു. നാജ സജ്നയുടെ റൂമിലേക്കു ചെന്നു. അവൾ കട്ടിലിൽ ചാരി ഇരിക്കുകയായിരുന്നു.. അവർ മകളുടെ അടുത്തായി ഇരുന്നു "മോളേ"... അവർ പതുക്കെ വിളിച്ചു... അവൾ പതുക്കെ കണ്ണു തുറന്നു ഉമ്മയെ നോക്കി... അവർ അവളോട് ഒന്നുകൂടെ ചേർന്നു നിന്നു, എന്നിട്ട് പറഞ്ഞു. "മോളെ നാളെ ഒരു കൂട്ടർ വരുന്നുണ്ട്... അന്നെ കാണാൻ, എന്റെ കുട്ടി 'പറ്റില്ല' എന്നു പറയരുത്, ഞാൻ അവർക്കു വാക്ക് കൊടുത്തു." അവളുടെ നെഞ്ചിലൂടെ കൊള്ളിയാൻ മിന്നി... അവൾ കട്ടിലിൽ നിന്നും ചാടി എണീറ്റു... "എനിക്കു വേണ്ട കല്യാണം... അതിലും ഭേദം.. എന്നെ കൊല്ലുന്നതാ..." അവൾ അലറി വിളിച്ചു.. ഉമ്മ ചാടി എണീറ്റു... "എന്താടി.. അന്നെ ഇങ്ങനെ നിർത്താൻ ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ല..., കല്യാണം നടത്താൻ നിന്റെ സമ്മതമൊന്നും ഞങ്ങൾക്ക് വേണ്ട, നാളെ അവർ വരും. വിളിക്കും, അങ്ങോട്ടു വന്നാ മതി... ഈ ഉമ്മയുടെ ശരിക്കുമുള്ള മുഖം നീ കണ്ടിട്ടില്ല... പെല ഒരു ഭദ്രകാളിയെ പോലെ അലറി ഉറഞ്ഞു തുള്ളി....

സജ്ന കരഞ്ഞു തളർന്നു... ഉമ്മാ .. എനിക്കിപ്പോ കല്യാണം വേണ്ട, അവൾ വീണ്ടും.. വീണ്ടും പറഞ്ഞു... റംലക്ക് ദേഷ്യം വന്നു. "ഇനിയെപ്പോഴാടി,... മൂക്കിൽ പല്ല് വന്നിട്ടോ... അതോ മനസിലിപ്പോഴും അവനുണ്ടോ ?... ആ നായർ ചെക്കൻ..., അവൾ ഞെട്ടലോടെ ഉമ്മയുടെ മുഖത്തോട്ട് നോക്കി... കടിച്ചു തിന്നാൻ നിൽക്കുന്ന ഉമ്മയെ അവൾ ഒരു പേടിയോടെ നോക്കിയൊള്ളൂ..." അങ്ങനെ വല്ലതുമുണ്ടെങ്കിൽ അതെന്റെ കുട്ടിയങ്ങ് മറന്നേക്ക്... ഒരിക്കലും നടക്കാൻ പോകുന്നില്ല.." അവർ പുറത്തേക്ക് പോയി.. അവൾ കിടക്കയിലേക്ക് കമിഴ്ന്നടിച്ചു കൊണ്ട് വീണു... എല്ലാം മറന്നതായിരുന്നു പക്ഷേ, വീണ്ടും.. വന്നു.. എനിക്കുവയ്യ.. ഇങ്ങനെ ഉരുകി.. ഉരുകി. തീരാൻ... അവൾ കണ്ണുകളടച്ചു കിടന്നു... ഒപ്പനപ്പാട്ടിന്റെ താളം അവളുടെ കാതുകളിലേക്കും അലയടിച്ചു വന്നു... അതെ, രശ്മയുടെ ശബ്ദം... തന്റെ ജീവിതത്തിലെ ആ മധുരമായ നിമിഷങ്ങൾ ഒരു ഫ്ലാഷ്ബാക്കുപോലെ മനസിലേക്കു വന്നു.......

സബ് ജില്ലാ യൂത്ത്ഫെസ്റ്റിവൽ ദിവസം, ഒപ്പനയുടെയും തിരുവാതിരയുടെയും ദിവസം, ടെൻഷനടിച്ചു നിൽക്കുകയായിരുന്നു സജ്ന, .. പെട്ടെന്നതാ... രശ്മ ഓടി വരുന്നു... നീ ഇവിടെ നിക്കാ... അവിടെ എല്ലാവരും ഡ്രസ്സ് ചെയ്തു തുടങ്ങി... "മണവാട്ടി എന്താ ഇവിടെ വന്നു നിക്കുന്നത് ..?" രശ്മ അവളുടെ കവിളിൽ നുള്ളി കൊണ്ട് ചോദിച്ചു. സജ്നയുടെ മുഖത്ത് നല്ല ടെൻഷനുണ്ടായിരുന്നു." ഓ... പിന്നെ... നിന്റെ കല്യാണമൊന്നുമല്ലല്ലോ..." അവൾ കളിച്ചിരിയോടെ പറഞ്ഞു 'പോടി". സജ്നയ്ക്ക് ദേഷ്യം വന്നു. "എനിക്ക് തീരെ ഇഷ്ടായിട്ടില്ല, .. ഒപ്പനക്ക് കൂടിയത്, ക്ലാസ്സിലെത്തിയില്ലെ, കുട്ടികളൊക്കെ മതിയാക്കാനായി എന്നാ ഉമ്മ പറയുന്നത്... സ്റ്റേജിലോട്ട് നടക്കുമ്പോൾ സജ്ന രശ്മയോട് പറഞ്ഞു. കുറച്ചു സമയം കഴിഞ്ഞപ്പോൾ അവൾ റെഡിയായി... 'ഹോ.. എന്തൊരു ഭംഗി.." കൂട്ടുകാരികളെല്ലാം അവൾക്ക് ചുറ്റും കൂടി - "ഇപ്പോൾ നിന്നെ കണ്ടാൽ... ആരായാലും നോക്കിനിന്നു പോകും..." രശ്മ അവളെ കളിയാക്കി... അടുത്തത് അവരുടെ ഒപ്പനയായിരുന്നു... വളരെ ഗംഭീരമായി തന്നെ ഒപ്പന തുടങ്ങി...

സജ്നയുടെ അദിനം വരെ ആകർഷണീയമായിരുന്നു.. പെട്ടെന്ന്.. അവളുടെ കണ്ണുകൾ ഒരാളുടെ കണ്ണുകളിൽ ഉടക്കി.. ഒരു ആൺകുട്ടി... അവനെന്താ... ഇങ്ങനെ നോക്കുന്നത്, ഒരു മാതിരി പെൺകുട്ടികളെ കാണാത്ത പോലെ, അവൾക്ക് ദേഷ്യം വന്നു, വീണ്ടും.. വീണ്ടും അവൻ നോക്കി കൊണ്ടിരുന്നു.. ഒപ്പന കഴിഞ്ഞപ്പോഴേക്കും നേരം ഒരുപാടായിരുന്നു. അവൾ പെട്ടെന്നു തന്നെ പോകാൻ ഒരുങ്ങി... സജ്ന ബസിൽ കയറാൻ ഒരുങ്ങുകയായിരുന്നു. "അപ്പോഴാണ് പിറകിൽ ഒരു വിളി കേട്ടത്.. "ഹലോ,... മണവാട്ടി..." അവൾ തിരിഞ്ഞു നോക്കി. അതാ.. അവൻ.. ആ ആൺകുട്ടി.. അവൾ പരുഷമായി ചോദിച്ചു, "എന്നെയാണോ,?. അവൻ കള്ളച്ചിരിയോടെ പറഞ്ഞു:" അതെ". അല്പം ദേഷ്യത്തോടെ അവൾ പറഞ്ഞു :" എന്റെ പേര് മണവാട്ടി എന്നല്ല, അല്പം കുസൃതിയോടെ അവൻ പറഞ്ഞു," അതിനു തന്റെ പേരറിയില്ലല്ലോ?' അതാ മണവാട്ടി എന്നു വിളിച്ചത്, എന്താ പേര്? അവൾ കുറച്ചു പിറകോട്ട് നിന്നു കൊണ്ട് പറഞ്ഞു, അങ്ങനെ ഇപ്പോൾ... പേരറിയണ്ട', അവൾ തിരിഞ്ഞു നടന്നു... അവൻ പിറകിൽ നിന്നും ഉറക്കെ പറഞ്ഞു " ഹലൊ, മണവാട്ടി ,എന്റെ പേര് മനു, തന്നെ എനിക്ക് ഭയങ്കര ഇഷ്ടായി കേട്ടോ...". അവൾ തിരിഞ്ഞു നോക്കാതെ ഓടി.. അവളുടെ ഹൃദയം പടപടാന്ന് മിടിക്കാൻ തുടങ്ങി... ആരാണവൻ... ഇഷ്ടാണോ..!!. അവനെന്താ വട്ടാണോ? അവൾ തന്നോട് തന്നെ ചോദിച്ചു... റൂമിലെത്തിയിട്ടും അവനുടെ മുഖം അവൾ മറന്നിരുന്നില്ല... അവന്റെ വാക്കുകൾ.. അവൾക്ക് അവളെ നിയന്ത്രിക്കാനായില്ല... ഇല്ല... എനിക്കൊന്നുമില്ല.. അവൾ മനസ്സ് ശാന്തമാക്കി കിടന്നു...

ഒരു സൈക്കിൾ മണിയടി കേട്ടാണ് പിന്നീട് അവൾ എണീറ്റത്. ആരാണെന്നറിയാൻ അവൾ ജനാലയ്ക്കരികിൽ നടന്നെത്തി. "മനു" അവൾ മനസ്സിൽ മന്ത്രിച്ചു. ഇവനിവിടെയും വന്നോ...!! അവൾക്ക് പേടിയായി... ഉമ്മ കണ്ടാൽ .. അവൾക്ക് ആലോചിക്കാൻ പോലും പറ്റാത്തതായിരുന്നു... മനു സൈക്കിളിൽ സജ്നയുടെ വീടിനു

യുമിൽ കറങ്ങി കൊണ്ടിരുന്നു... ശ്ശോ!.. ഇതു ഭയങ്കര ശല്യമായല്ലോ, അവൾ പേടിയായി. അവനോട് ദേഷ്യം കാണിച്ചു, ആദ്യം പോയില്ല, പിന്നെ കുറച്ചു കഴിഞ്ഞപ്പോൾ അവൻ ശല്യം വിട്ടു. പിന്നീടുള്ള നാല് വർഷം ബസ് സ്റ്റോപ്പിലായിരുന്നു. ഇപ്പോൾ സഞ്ജനക്കും അവനെ കാണാതിരിക്കാൻ വയ്യാതായി. കൂട്ടുകാരികൾ വഴി കത്തുകൾ അവന് കൊടുക്കാറുണ്ടെങ്കിലും അവൾ മറുപടി എഴുതാറില്ല... ഇഷ്ടമാണ്... പക്ഷേ... അവൾക്ക് പേടിയായിരുന്നു.. അവരുടെ ഉമ്മയെ.. ഉപ്പയെ.. അവരെ വല്ലതും സംഭവിച്ചാൽ പിന്നെ ഉമ്മ ജീവിച്ചിരിക്കില്ല... അതവൾക്കറിയാമായിരുന്നു.....

പ്രണയിക്കുമ്പോൾ കണക്കുകൂട്ടലില്ലല്ലോ.., അവൾ അറിയാതെ പ്രണയം ആസ്വദിച്ചു തുടങ്ങി... പിന്നീടവളൊരു സ്വപ്ന ലോകത്തിലായിരുന്നു.. എന്തു നേരവും മനസിൽ മനു മാത്രമായിരുന്നു.. അവനില്ലാത്ത ജീവിതം അവൾക്ക് ചിന്തിക്കാൻ പറ്റാത്തതായിരുന്നു. രണ്ടു പേരും ഒരേ സ്റ്റാൻഡേർഡിൽ പഠിക്കുന്നവരായിരുന്നു... വളരെ സുന്ദരമായി അവർ പ്രണയിച്ചു നടന്നു.... mobile ഫോൺ കൊടുത്തയച്ചപ്പോൾ.. പിന്നെ അതിലായി വിളി.... മിസ് കോളുകൾ ... മെസ്സേജുകൾ ... പകലെന്നില്ലാത്ത വിളികൾ... അവർ ഒരു മായാലോകത്തായിരുന്നു... പക്ഷേ, ആ പ്രണയം അധികം നീണ്ടുനിന്നില്ല... +2-exam-ന്റെ റിസൾട്ട് വന്നപ്പോൾ... ഉമ്മക്ക് സഹിച്ചില്ല... പ്രതീക്ഷിച്ചതിനേക്കാൾ വളരെ മാർക്ക് കുറവായിരുന്നു സഞ്ജനയ്ക്ക്.. അധികം വൈകാതെ മനുവിന്റെ കാര്യം ഉമ്മ അറിഞ്ഞു. അതോടെ വീടിനു പുറത്തിറങ്ങാതായി... മരിക്കാൻ വരെ സഞ്ജനയ്ക്ക് തോന്നി.. "പക്ഷേ,... ഉമ്മ?.. വയ്യ..! അവരെ ഒന്നും സങ്കടപ്പെടുത്താൻ എനിക്കു വയ്യ"... അവൾ സ്വയം മനസിൽ ഒതുങ്ങി.. തൽക്കാലം ഉമ്മ ആരോടും ഒന്നും പറഞ്ഞില്ല. അവളെ ദൂരെ കോളേജിലേക്കു പറഞ്ഞയച്ചു... അതോടെ അവർ ഒരുപാടകന്നു... മനു തകർന്നിരുന്നു... തന്റെ സഞ്ജന.. അവളെ ഒന്നു കാണാൻ പോലും കഴിയുന്നില്ലല്ലോ... ശബ്ദമെങ്കിലും

ഒന്നു കേട്ടിരുന്നെങ്കിൽ... അവൻ ആകെ തളർന്നു... മനുവിന്റെ അച്ഛൻ അവനെ വിദേശത്തേക്കയച്ചു... അവിടെ ജോലിക്കായി ചേർത്തു... നാട്ടിൽ അവൻ നിന്നാൽ ഇനി ശരിയാകില്ല... അദ്ദേഹത്തിന് തോന്നി......

അവൾ പതുക്കെ കണ്ണു തുറന്നു... നേരം ഒരുപാട് വെളുത്തിരിക്കുന്നു... കണ്ണുകൾ തുടച്ച് അവൾ എണീറ്റു... താഴേക്ക് ചെന്നു... അടുക്കളയിൽ ഉമ്മ തിരക്കിലാണ്... അവൾ ടേബിളിൽ ചെന്നിരുന്നു... ഉമ്മ ഭയങ്കര സന്തോഷത്തിലാണ്... അവൾ ഉമ്മയെ തന്നെ ശ്രദ്ധിച്ചിരുന്നു... ഉമ്മ അറിഞ്ഞതേയില്ല... അവൾ പതുക്കെ എണീറ്റു... തിരിഞ്ഞു നടന്നു... പിറകിൽ നിന്നു ഉമ്മ പറഞ്ഞു" മോളെ ഉച്ചക്ക് അവരെത്തും, നീ റെഡിയായിരുന്നോ..." അവൾ സ്വപ്നത്തിലെന്നപോലെ മുകളിലേക്ക് നടന്നു....

ഉച്ചക്ക് ചെറുക്കനും കൂട്ടരും എത്തി... വലിയ ധനികരായിരുന്നു അവർ... ചെറുക്കൻ സുന്ദരൻ... സുമുഖൻ... ആരെയായാലും ഇഷ്ടമാകും", സജ്നയുടെ അമ്മായിമാർ പറഞ്ഞു... ഭരവിച്ച മനസ്സുമായി അവൾ അവരുടെ മുന്നിലേക്കു ചെന്നു... അയാൾ ഒരു കൗതുക വസ്തുവിനെ നോക്കുന്നതു പോലെ സജ്നയെ നോക്കി. സജ്ന വെറുതെ അയാളെ നോക്കി... അവൾക്ക് പ്രത്യേകിച്ചൊന്നും തോന്നിയില്ല.... ഇത് താൻ, മനുവായിരുന്നെങ്കിൽ അവൾ വെറുതെ ആശിച്ചു... കുറച്ചു കഴിഞ്ഞപ്പോൾ ചെറുക്കനു പെണ്ണിനോടു സംസാരിക്കാൻ അവരെ റൂമിലേക്ക് കടത്തിവിട്ടു, സജ്ന താഴോട്ട് നോക്കി നിന്നു... അയാൾ എന്തൊക്കെ ചോദിച്ചു... പക്ഷെ അവൾ ഒന്നും കേട്ടില്ല... നജീബിനെ വീട്ടുകാർക്കും ഇഷ്ടമായി... സജ്നയൊഴികെ.....

പിറ്റേ ദിവസം സജ്നയ്ക്ക് ഒരു ഫോൺ വന്നു... അപ്പുറത്തു നിന്നും ഒരു സ്ത്രീ ശബ്ദം.. ഹലോ, സജ്നയാണോ..." "അതെ, ആരാ..." സജ്ന ചോദിച്ചു, അപ്പുറത്തു നിന്നും ആ പെൺകുട്ടി ഒരു വിങ്ങലോടെ പറഞ്ഞു;" എന്റെ പേര് ശബ്ന,

ഞാൻ +2-വിൽ പഠിക്കുന്നു... സജ്നയെ കാണാൻ വന്ന നജീബിക്കാ, ഞാൻ സ്നേഹിക്കുന്നയാളാ.... അവൾ ഒരു വിധം പറഞ്ഞൊപ്പിച്ചു. എന്റെ നജീബിക്കയെ മറന്നേക്കു വേണം. എനിക്കു വേറെ ആരുമില്ല... ഞാനൊരു അനാഥയാണ്... അതുപോലെയുള്ളവ അവൾ കരഞ്ഞിരുന്നു... സജ്നയ്ക്ക് എന്താണ് വേണ്ടതെന്ന് അറിയാതെ ആയി... അവൾ വേഗം കട്ട് ചെയ്തു... തന്റെ ജീവിതം എന്താ ഇങ്ങനെയായത്? അവൾ സ്വയം ശപിച്ചു. ഞാൻ ഇതൊക്കെ പറഞ്ഞാൽ ദൈവവും ഉമ്മയും ഉപ്പയും സമ്മതിക്കില്ല... വിശ്വസിക്കില്ല... അത്രയ്ക്കായിരുന്നു. കാരണം അവർക്ക് അത്രക്ക് ഇഷ്ടമാണ് നജീബിനെ... എന്റെ എന്റെ മനസ്സുണ്ടായിരുന്നെങ്കിൽ... അവൾ മനസ്സിനെ കൺട്രോൾ ചെയ്യാൻ ശ്രമിക്കുകയായിരുന്നു....

പിറ്റേ ദിവസവും ആ പെൺകുട്ടി വിളിച്ചു. നേരിട്ടു സംസാരിക്കാമെന്ന് പറഞ്ഞ സജ്ന വേഗം കട്ട് ചെയ്തു... പിറ്റേന്ന് അവൾ ബീച്ചിൽ വച്ച് വിഗ്നയുമായി സംസാരിച്ചു... ആ കുട്ടി ഒരു വല്ലാത്ത അവസ്ഥയിലായിരുന്നു... അവൾ നജീബിനെ ഒരുപാട് സ്നേഹിക്കുന്നുണ്ടായിരുന്നു. നജീബിനും അവളെ ഇഷ്ടമായിരുന്നു പക്ഷേ, നജീബിന്റെ ഉപ്പ സമ്മതിക്കില്ല... കാരണം വിഗ്ന ഒരു അനാഥയായിരുന്നു... അനാഥാലയത്തിലായിരുന്നു, അവൾ വളർന്നത്. അത് കൊണ്ട് തന്നെ നജീബിന്റെ ഉമ്മയും ഉപ്പയും സമ്മതിക്കില്ല. അവർ... വലിയ ധനികരല്ലേ... പാവപ്പെട്ടവരെയൊന്നും കണ്ണിൽ പിടിക്കില്ല. സജ്നയ്ക്ക് ശരിക്കും സഹതാപം തോന്നി. പക്ഷേ അവൾ നിസ്സഹായയായിരുന്നു... അവൾ വിഗ്നയോട് പറഞ്ഞു. എനിക്ക് നജീബിനെ ഇഷ്ടമല്ല എന്നും... മനസ്സുമായി ഇഷ്ടത്തിലാണെന്നൊക്കെ... പക്ഷേ വിഗ്ന. അവൾക്ക് ശരിക്കും വല്ലാത്ത അവസ്ഥയായിരുന്നു...

അന്നു തന്നെ അവൾ നജീബിനെ വിളിച്ചു സംസാരിച്ചു. അയാൾക്ക് മറുപടിയില്ലായിരുന്നു "ഉപ്പ സമ്മതിക്കില്ല" അയാൾ

തീർത്തു പറഞ്ഞു . ഒരു പെൺകുട്ടിയുടെ ശാപം കിട്ടിയിട്ട് എനിക്ക് കല്യാണം വേണ്ട, നജീബിന്റെ മറുപടിയില്ലായിരുന്നു... അവൻ മൂകനായി നിന്നു...

ഉറക്കം തീർന്ന ദിവസങ്ങളായിരുന്നു.. പിന്നങ്ങോട്ട്... സജ്ന ഒരു ദിവസം പോലും ഉറങ്ങിയില്ല... നജീബിനെ കുറിച്ച് ആലോചിക്കുമ്പോൾ പുച്ഛം തോന്നും... ആണത്തമില്ലാത്തവൻ... അവന്റെ കൂടെയൊക്കെ ജീവിക്കുന്നതിനെക്കാളും ഭേദം മരിക്കുന്നത്... അവൾ ഓർത്തു... റിഫ്നയെ കുറിച്ച് ഓർക്കുമ്പോൾ അവൾക്ക് സങ്കടം വരും. അവൾ ഒരുപാട് സ്വപ്നം കണ്ടിട്ടുണ്ടാവും... പാവം.. അവൾ സ്വയം ശപിച്ചുകൊണ്ട് ഉറങ്ങാൻ ശ്രമിച്ചു... പക്ഷേ... കഴിഞ്ഞില്ല... ആ ദിവസം... അതിങ്ങടുത്തെത്തി....

കല്യാണ ദിവസം.. നേരത്തെ ഒരു ഒഴിവുമുണ്ടായിരുന്നില്ല... വലിയ മണ്ഡപത്തിൽ വച്ചായിരുന്നു കല്യാണം... അപ്സര സുന്ദരിയെ പോലെ അണിഞ്ഞൊരുങ്ങി ... അവൾ കസേരയിൽ വന്നിരുന്നു... ഇപ്പോൾ താൻ ശരിക്കും മണവാട്ടിയായി... "ഹലോ.. മണവാട്ടി.." അവൾ ഞെട്ടി തിരിഞ്ഞു നോക്കി... റിഫ്ന, റിഫ്നയ്ക്ക് ഒരു കുട്ടിയാ- യിരിക്കുന്നു!!... അവൾ പാടുപെട്ട് ചിരിക്കാൻ ശ്രമിച്ചു.... "എന്താടി.. കല്യാണം പോലും പറഞ്ഞില്ലല്ലോ... എന്നെയൊക്കെ മറന്നോ?. നിന്റെ ഉമ്മ വിളിച്ചിട്ടാ ഞങ്ങളൊക്കെ വന്നത്..." അവൾ ഒന്നും മിണ്ടിയില്ല... അവളുടെ മനസ്സിൽ നിറയെ... മനുവായിരുന്നു... 'മണവാട്ടി'... എന്നവൻ വിളിച്ചത്... അവൾ ഓർത്തു... തന്റെ മനു... ഇപ്പോഴെവിടെയാണാവോ..?..

അൽപ്പം സമയം കഴിഞ്ഞപ്പോൾ ചെക്കനും കൂട്ടരും എത്തി. നിക്കാഹ് തുടങ്ങി... അപ്പോഴതാ... റിഫ്ന, കയ്യിൽ വലിയ ടിന്നുമായി അങ്ങോട്ട് കയറി വന്നു.... ജനങ്ങൾ മുഴുവൻ സ്തംഭിച്ചു നിന്നു. നജീബ് കസേരയിൽ നിന്നും ചാടി എണീറ്റു... അവന്റെ ഉപ്പ അവളെ പിടിച്ചിറക്കാൻ നോക്കി... പക്ഷേ... അവൾ ഒരു ഭ്രാന്തിയെ പോലെ... അലറി വിളിക്കുകയായിരുന്നു... നജീബിന്റെ അടുത്തേക്ക് അവൾ ഓടിവന്നു, എന്നിട്ട് അലറി വിളിച്ചു... "ദുഷ്ടാ...

എന്നെ... ചതിച്ച് വേറെ കല്യാണം കഴിച്ച് സുഖിച്ച് ജീവിക്കാമെന്നു കരുതിയല്ലേ... നിങ്ങൾ രണ്ടാളും മനസിൽ കൊണ്ടു നടന്നത് ഞാനിത്രയും കാലം ജീവിച്ചത്... വയ്യ... ഇനി വയ്യ... ഈ നിമിഷം ഞാൻ മരിക്കും... ഞാനും... എന്റെ വയറ്റിലുള്ള നിങ്ങളുടെ കുഞ്ഞും..... ഷഹ്ന നിലത്തു കിടന്ന് കരയാൻ തുടങ്ങി... സജ്ന കസേരയിൽ നിന്നും എണീറ്റു... നജീബ് നിന്നു വിയർക്കുന്നുണ്ടായിരുന്നു... സജ്ന ഒന്നു രൂക്ഷമായി നജീബിനെ നോക്കി... അയാൾ തല താഴ്ത്തി നിന്നു... കുറ്റബോധം കൊണ്ട് അയാൾ തളർന്നിരുന്നു... ഷഹ്നയെ പിടിക്കാൻ കുറേ പേർ ശ്രമിച്ചു... പക്ഷേ കഴിഞ്ഞില്ല... അവൾ മണ്ണെണ്ണ ഒഴിച്ചു... തീ കൊളുത്തി... ചുറ്റും കൂടി നിന്നവർ എല്ലാം നിസ്സഹായരായി... സജ്ന ഓടാൻ ശ്രമിച്ചെങ്കിലും ഉമ്മ അവളെ പിടിച്ചു വച്ചു... സജ്നയ്ക്ക് ഒന്നു കരയാൻ പോലും സാധിച്ചില്ല... പെട്ടെന്നായിരുന്നു അതു സംഭവിച്ചത് നജീബ് ഓടിച്ചെന്ന് ബാക്കിയുള്ള മണ്ണെണ്ണ ഒഴിച്ചു തീ കൊളുത്തി...!!! പിന്നെ അവിടെ ഒരു കൂട്ട കരച്ചിലായിരുന്നു... അങ്ങനെ ഷഹ്നയും നജീബും അവിടെ കത്തി ചാമ്പലായി... സാക്ഷിയായി സജ്നയും......

4 വർഷങ്ങൾക്കു ശേഷം ഊട്ടിയിലെ ഒരു മെന്റൽ ഹോസ്പിറ്റലിൽ ഒരു ചെറുപ്പക്കാരൻ കയറി വന്നു... അയാൾ Reception-ലെ സ്ത്രീയോട് ചോദിച്ചു:" കോഴിക്കോട് നിന്നും വന്ന സജ്ന ഏതു റൂമിലാണ്... '6-ാം room' അവർ മറുപടി പറഞ്ഞു. അയാൾ അങ്ങോട്ട് നടന്നു... റൂമിലേക്ക് കയറി... ജനാലക്കരികിൽ നിൽക്കുന്നു... സജ്ന... അയാൾ പതുക്കെ വിളിച്ചു... സജ്നേ.. അവൾ തിരിഞ്ഞു നോക്കി. അവൾക്ക് അവളുടെ കണ്ണുകളെ വിശ്വസിക്കാനായില്ല... മനു... മനു... അവൾ അങ്ങോട്ട് ഓടിച്ചെന്നു.. പെട്ടെന്നവൾ നിന്നു, ഞാൻ.... ഞാനൊരു ഭ്രാന്തിയാണ്... മനുവിനെ പോലൊരാൾക്ക് ഞാൻ ചേരില്ല... അവൾ മാറി നിന്നു. അയാൾ അവളുടെ അടുത്തേക്ക് ചേർന്നു നിന്നു. അവളുടെ കൈ അയാളുടെ കൈയ്യിലൊതുക്കി..., എന്നിട്ട് പതുക്കെ പറഞ്ഞു

" സഞ്ജനാ... നീ എന്റെ... അണിഞ്ഞുവെച്ചിരുന്നു....
ആരൊക്കെ എന്തെല്ലാം പറഞ്ഞാലും... നീ എനിക്കു സ്വന്തമാണ്...
നിന്നെ ഞാൻ ആർക്കും വിട്ടു കൊടുക്കില്ല... ഇനി ഈ മനസ്സ്
എന്റെ മാത്രമാണ്... അവൾ അവനുടെ മാറിലോട്ട് വീണു.......

*———*

# അവൾ

നീ അറിയാതെ നിൻമുഖം വാടിയതറിഞ്ഞുവോ ?
നിന്നിലുയരുന്ന നോവിൻ തേങ്ങലുകൾ.
നീ അറിയാതെ നിൻകാതിൽ ഇരമ്പുന്ന തേങ്ങലുകൾക്ക്
കടലിലെ തിരകൾ വഴിമാറിയതറിഞ്ഞുവോ..
നോവിൻ തേങ്ങലുകൾ അലയടിച്ചുയർന്ന്...
കാതിൽ പ്രകമ്പനം കൊള്ളുന്ന നിമിഷം.
കണ്ടു ഞാൻ, ആ നിറമിഴികൾ.
ഭൂമിയിൽ വന്ന നാം അറിയാതെ സ്നേഹിച്ചു
ജീവിത നൗക മുന്നോട്ട് തുഴഞ്ഞു നാം.
ആടിയുലഞ്ഞ നൗകയിൽ
പ്രത്യാശയുടെ മനസ്സുമായ്.
ഓരോ വീഴ്ചയും ഒരു നിഴലായ്
പിന്നിൽ വന്ന വിളിക്കുന്ന
നീയറിഞ്ഞുവോ ദുർഘടമായ വഴിയിൽ
ദുർഘടമായ നിമിഷം മിന്നി മാഞ്ഞത്..



ചിന്നിചിതറിയ മഴത്തുള്ളികൾ പോലെ
ഓർമ്മകളും സ്വപ്നങ്ങളും ,
കൺമുന്നിൽ വർണ്ണവലയം ചെയ്ത നിമിഷം
അറിഞ്ഞുവോ നീ, നോവുന്ന മനസ്സിൽ
തീരാവേദനയായ് നിൻ ഓർമ്മകൾ മാത്രം.
മനസ്സിൽ , നിൻ രൂപം നെയ്തു കാത്തിരിപ്പൂ
അവൾ .....

RUBEENA.M





# LIFE


Childhood, an innocent art.
It is imitation of nature.
Cute and soft.

Girlhood, a charming phase.
Life of magestic song,
Smart and sweet.

Youth, a greeting to future.
It is a love song that has never echo,
Swirl and precious.

Great age, the harshness of life
The phase of crevice of life,
Bitter and sour.

SREEREMYA




RUBEENA A.

# Life is death, death is life.

Death is seperation of the soul from the physical body. Death becomes the starting point of a new life. Death merely opens the door to a higher & fuller form of life. Birth & death are jugglery of maya. He who is born begins to die. He who dies begins to live. Life is death & death is life. No one comes, no one goes. Brahmn or the eternal alone exists

Just as you move from one house to another, the soul passes from one body to another to gain experience. Just as a man casting off worn out garments takes new ones, so the dweller in this body, casting off worn out bodies, enters into others which are new.

The Supreme soul or paramatman is deathless, decayless, timeless, causeless & spaceless. It is the source & substratum for body, mind and world. There is death for the physical body, a compound of five elements. The eternal soul is beyond time, space and causation.

To free yourself from birth and death you must become bodyless. Body is the result of karmas or actions. If you free yourself from raga-dvesha or likes and dislikes, you will be free from karma. The root cause for this body is ignorance. He who

realises the eternal soul, which is formless and attributeless, infinite and unchanging free himself from death.

It is also known that after the cessation of an individual parts of the organisation can continue to function. The white corpuscles of the blood, if cared for, can live for months. Death is not the end of life. It is merely cessation of an individuality. Life flows on to achieve the universal till it merges in the eternal.

— Md. Javed Chand

## IN THE NAME OF ALLAH...

Man was fast sinking in idolatory and sin
That was the time when thy mission did first being.
From the desert of Arabia thou sounded thy call
To the one God and the lord of all
Thy word struck as lightening and taught mankind
How to live, love and the truth to friend.
The true, complete message thou did give
And taught mankind the perfect way to live,
The keys to paradise thou did give within a book
That soften men's hearts with just one look
My life in sin & corruption I did live
Oh, I hope your incession on that day will cause
'HIM' to forgive, my life all do I tender,
To the lord of heaven & earth do I surrender.

DANISH CHOUDARY

# ) NO ONE IS ALONE

God has gifted everyone a companion to accompany him in all walks of life. That is why

A cup has a saucer ...
A pencil has a rubber ...
A shoe has a lace (to bind it for long
A moon has stars to accompany it ...

For a darkest of times and a man always has a shadow to accompany him for all walks of life

Thus, there is no one alone in this world, a man always has his shadow. his conscience to guide him and this indeed is his

**BEST FRIEND ...**




Jestina P. John

# INSPIRATION

രാവിലെ എണീറ്റ് അത്യാവശ്യകർമ്മങ്ങൾക്കു ശേഷം ഒരു full $A_4$ sheet എടുത്ത് മുമ്പിൽ വച്ചു. കഷ്ടപ്പെട്ട് ഒരു പേന തപ്പിപ്പിടിച്ചു. അതെ, അങ്ങനെ ഞാനും 'അവലോൺ' ബാച്ചിന്റെ കൈയ്യെഴുത്തു മാസികയ്ക്കു വേണ്ടി ആർട്ടിക്കിൾ എഴുതാൻ പോവുകയാണ്. ഇങ്ങനെ ഒരു തീരുമാനമെടുക്കാൻ കാരണമുണ്ട്. ഇന്നലെ ക്ലാസ്സിൽ തേരാപാരാ നടക്കുമ്പോൾ ഒരു സുഹൃത്ത് മറ്റൊരു സുഹൃത്തിനോട് പറയുന്നത് കേട്ടു. "എടാ, സ്വയം എഴുതി അത് എന്തു തന്നെയായാലും മാഗസിനിൽ കാണുമ്പോൾ ഒരു ആത്മസംതൃപ്തിയാണ്." എങ്കിൽ ഒരു കൈ നോക്കാമെന്ന് ഞാനും കരുതി. അങ്ങനെ രണ്ടും കൽപ്പിച്ച് എഴുതാനായി ഞാനിരുന്നു. പക്ഷേ, തീരുമാനങ്ങൾ മാത്രം പോരല്ലോ, ഒരു വിഷയം കൂടി വേണ്ടേ?

വിഷയത്തിനായി കുറച്ചു നേരം ഞാൻ അലഞ്ഞു. ഇല്ല. ഒരു രക്ഷയുമില്ല. ഒടുവിൽ അങ്ങനെയിപ്പോൾ ആത്മസംതൃപ്തി വേണ്ട എന്ന് തീരുമാനം എടുക്കാൻ തുനിയുമ്പോഴാണ് അമ്മയുടെ എൻട്രി. എന്റെ നിസ്സഹായാവസ്ഥ കണ്ട് രണ്ടു പ്രോത്സാഹനവാക്കുകൾ പറഞ്ഞ് അമ്മ, അമ്മയുടെ പണികളിലേക്ക് തിരിച്ചു പോയി. എന്തോ അപ്പോൾ എനിക്ക് തോന്നി എന്തു ദൈവം അനുവദിച്ചിട്ടുള്ള ഒരു ...ത്തിനാല് മണിക്കൂറിൽ പകുതിയോള സമയം ചെലവഴിക്കുന്ന നമ്മുടെ കോളേജിനെപ്പറ്റി, നമ്മുടെ ക്ലാസ്സ്മുറ്റി എഴുതിയാലോ എന്ന് അങ്ങനെ വിഷയം കിട്ടിയ



സന്തോഷത്തിൽ ഒന്ന് ഉലാത്തി വന്നതിനുശേഷം വീണ്ടും ഇരുന്നു. അപ്പോഴതാ അടുത്ത പ്രശ്നം.

എങ്ങനെ തുടങ്ങും? നമ്മുടേത് ഒരു അടിച്ചുപൊളി കോളേജാണെന്ന് പറഞ്ഞ് തുടങ്ങിയാൽ... എന്തോ അത് ശരിയാവില്ല. എഴുതാനായി ഭാവന... സാഹിത്യം... പെട്ടന്നങ്ങു വരുന്നില്ലല്ലോ. ഇതു വാങ്ങാൻ കിട്ടുന്ന ഒന്നല്ലല്ലോ ഈ ഭാവന. ആവട്ടെ ശാന്തതയും സമാധാനവും നിറഞ്ഞു നിൽക്കുന്ന പ്രകൃതിരമണീയമായ നമ്മുടെ കോളേജ്. ഈ കോളേജിനെപ്പറ്റിയും ക്ലാസ്സിനെപ്പറ്റിയും വാതോരാതെ എഴുതാം പക്ഷേ അങ്ങനെ തുടങ്ങാനും പറ്റുന്നില്ല. ബാഹ്യമായ ഇൻസ്പിരേഷൻ കിട്ടിയതിന് ഒത്തിരി നന്ദി. പക്ഷേ, എന്റേതായ ഉള്ളിൽ നിന്ന് വരുന്ന ഇൻസ്പിരേഷൻസ്... എന്തോ ഒരു continuity കിട്ടാത്തതു പോലെ. എങ്കിലും ശരി. തുടക്കം അവസാനമെഴുതാം.

വീണ്ടും മുന്നോട്ട് പോകാൻ തീരുമാനിച്ചു. കൂട്ടുകാരെപ്പറ്റി എഴുതാമെന്നു വെച്ചാൽ അതും പറ്റില്ല ഒരാളെപ്പറ്റി എഴുതിയില്ല. എഴുതിയത് ശരിയായില്ല അങ്ങനെ വിവിധതരം പരാതികളെ ഞാൻ നേരിടേണ്ടി വരും. അത് അതിലും വലിയ പാരയാകും. ഹോസ്റ്റൽ ജീവിതത്തെപ്പറ്റി എഴുതാംന്നു വച്ചാൽ വളരെ കുറച്ചു ദിവസം മാത്രം ഹോസ്റ്റലിൽ അതിഥിയായി താമസിച്ച ഞാൻ ഹോസ്റ്റലിനെപ്പറ്റി എന്തെഴുതും? അങ്ങനെയാലോചിച്ചാലോചിച്ച് ക്ലോക്കിൽ നോക്കിയപ്പോൾ ഞെട്ടിപ്പോയി. സമയം 7.15. ഇനിയും ഞാൻ എന്റെ എഴുത്ത് തുടർന്നാൽ ഇന്നത്തെ അറ്റൻഡൻസ് പോവുമെന്ന കാര്യത്തിൽ സംശയമില്ല. ഞാൻ $A_4$ sheet എടുത്ത് ഭംഗിയായി മടക്കി വച്ചു. ഇതുവരെ ചെയ്തതിൽ വച്ച് ഏറ്റവും എളുപ്പമായിരുന്ന പണിയായിരുന്നു അത്. പേനയിലെ ഒരു തുള്ളി മഷി പോലും നഷ്ടപ്പെട്ടില്ല. എന്തായാലും ഞാൻ ആ നിമിഷം മറ്റൊരു

തീരുമാനം എടുത്തു. എന്നെക്കൊണ്ട് ഇതു ചെയ്യിച്ച ആ സ്വഭാവത്തിനെ എന്തായാലും ഒന്നു കാണണം. എന്നിട്ടൊന്നു ചോദിക്കണം. ഭാവനയില്ലാതെ എങ്ങനെ കഥയെഴുതാ...... ???

ശ്രുതി മേനോൻ. വി

# ഓർമ്മ

ഓർമ്മകൾ എന്നുമെൻ കൂടെ
ഒരു നിഴലായ്, തണലായ്...
അറ്റമില്ലാതോർമ്മകൾ
കുന്നുകൂടുന്ന എൻ മനസ്സിൽ.

ദു:ഖ സന്തോഷമാം ഓർമ്മകൾ
അനുഭൂതിയാം ഓർമ്മകൾ
എന്നും സുഖകരം
ഒരോർമ്മ മറ്റൊന്നാൽ മൂടുമോ?
മനസ്സിൻ കോണിൽ എങ്കിലും അവശേഷം.

എന്തിനോ വെമ്പുമെൻ മനസ്സിൽ
കൂടുകൂട്ടുന്നു ഓർമ്മകൾ.
കൂട്ടിൽ നിന്നൊരു പക്ഷിതൻ തേങ്ങൽ
ഒരു നോവായെന്നും അലയിടുന്നു.

നോവുകൾ ഓർമ്മകളായ് എന്നും.
സന്തോഷമോ, നിമിഷങ്ങൾ മാത്രം
എങ്കിലും ജീവിതമാം പാതയിൽ
നേട്ടമായി എന്നും ഓർമ്മതന്നെ.

സയ്യിദ്. ടി.

# ताज

एक इमारत जिसे कहते हैं उलफत कि निशानी
जमुना के किनारे ये खड़ी सदियों पुरानी
वह पत्थर से जड़ी है या मसालें से जड़ी है
इस रेत की छाती पर वह अब तक खड़ी है।
क्या खुशनुमा चमक हैं जैसे उँगली में नगीना
वह पत्थर की इमारत हैं या कोई हसीना
कुछ लोग ये कहते हैं वह जमुना के कमल हैं
कुछ लोग ये कहते हैं वह मुमताज महल है
कुछ लोग ये कहते हैं वह शायर की गजल हैं
कुछ लोग ये कहते हैं वही ताजमहल हैं।
बस हैं यही हकिकत वह ताज नहीं हैं
इस ताज की शकल में मुमताज़ नहीं हैं
वह ताज नहीं तक़दीर है मेरी
इस ताज की हर अकस में तस्वीर है मेरी
वह ताज हकीकत के सेवा और कुछ नही
एक सच्ची मोहब्बत के सेवा और कुछ नहीं
खातून की इज्जत के सेवा और कुछ नहीं
एक शाह की चाहत के सेवा और कुछ नहीं
बनवाया जिसे शाह ने ये ताज वही है
और दौरे मुग़लिया की बस लाज वही है।

PRADEEP

# बच्चा

वो बच्चा अब भी रोता है
जिसे कुन्ती ने जन्मा था ।
बहाया था, समुंदर में
कि शायद रहम दिल कोई
उसे पालेगा पोसेगा !
मगर अफसोस ए दुनिया
न कोई उसका वारिश है,
न कोई फीक्रमंद उसका
जरा तुम गौर से देखो
वो बच्चा अब भी रोता है,
किसी फूटपाथ पर बैठा - - - -

अभिषेक

# ശേഷം സ്റ്റേജിൽ.....

Sem break കഴിഞ്ഞുവന്ന ഞങ്ങൾ ആവലോടെ നാളിനെ കാത്തിരുന്നത് ഉണ്ടക്കണ്ണുകളുള്ള ഒരു ദുർഭൂതമാണ്. അത് മറ്റാരുമല്ല, 'Interclass'. ആ ഭൂതത്തിന്റെ കൈയിൽപെട്ടില-ത്തുന്ന അശേഷം കഴിവില്ലാത്ത ഒരു കുട്ടിയായിരുന്നു ഞാൻ. Inter-class നെ സംബന്ധിച്ച് ചൂടുപിടിച്ച പലചർച്ചകളും GB കളും CRP യുടെയും LRP യുടെയും നേതൃത്വത്തിൽ നടന്നു. തുടക്കത്തി-ന്നിലയിൽ ആശങ്കകൾ പലതുണ്ട് എല്ലാവർക്കും. Programs ന് ഉള്ളവരുടെ പേര് നിർദ്ദേശിക്കാൻ ആവശ്യപ്പെടുമ്പോൾ friends-ന്റെ പേര് ഉച്ചത്തിൽ വിളിച്ചുപറയാൻ എനിക്ക് വളരെ ഇഷ്ട-മാണ്. പലപ്പോഴും തിരിച്ചടികൾ നേരിട്ടപ്പോൾ ആ സൽസ്വഭാവം ഞാൻ നിർത്തിവച്ചു. എന്താണെന്നറിയില്ല, ഇപ്പോഴത്തെ കുട്ടി-കൾക്കൊന്നും ഈ പരോപകാരം ഇഷ്ടപ്പെടുന്നില്ല. എനിക്കു ലഭിച്ച തിരിച്ചടികളിൽ ഒന്നാമത്തേതായിരുന്നു തിരുവാതിര. മയിലാ-ണ് ആ 'അടി' എനിക്കുതന്നത്. ഞാനെറിഞ്ഞ വടികൊണ്ടു-തന്നെ എനിക്ക് 'ഏറ്' കിട്ടി. അല്ലെങ്കിൽ എനിയ്ക്കുള്ള വടി ഞാൻ തന്നെ മയിലയ്ക്കു വെട്ടിക്കൊടുത്തു എന്ന് പറയാം. പിന്നെ വന്നതു കാർട്ടൂൺ. ആ സംഭവം (കാർട്ടൂൺ) നേരെ-ചൊവ്വ് കണ്ടിട്ടുപോലുമില്ല ഈ ഞാൻ. എന്നിട്ടാണ് അത് വരയ്ക്കാൻ പോകുന്നത്. എന്റെ തലയൂരുന്നതിനു വേണ്ടി

boys കളിക്കുന്നതാണ്. പിന്നെ ഞാൻ അവർ കളിക്കുന്നതാലോചിച്ച് ചിരിച്ചു. സ്ഥിതിഗതികൾ മറിമറഞ്ഞു. Sir ചൂടായി. "ആളില്ലാതെ ഞാനെന്തു ചെയ്യനാണ്. നിങ്ങൾക്കുവേണ്ടി പല programs ഉം cut ചെയ്തിട്ടാണ് ഞാൻ ഇവിടെ വരുന്നത്. എനിക്കിനിന്റെ ആവശ്യമില്ല. ഇത് കേട്ടപാതി കേൾക്കാത്ത പാതി Rinth ചൂടായി അവിടെ നിൽക്കുന്ന എല്ലാവരോടും കളിക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ ഞാനും നിന്നു. ചായകൊണ്ടുകൊടുക്കാൻ പറഞ്ഞ ശപിക്കപ്പെട്ട നേരത്തെ പറ്റി വേദനയോടെ ആലോചിച്ച് നിർവികാരയായി ഞാൻ 'കൊട്ടി'. ഞാൻ കൊട്ടിയതു ശരിയായി. സമ്മതമെങ്കിൽ നിന്നോളൂ എന്ന് സർ. എന്റെ സമ്മതത്തെ കുറിച്ചാലോചിക്കാതെ കൂടെയുള്ളവരെല്ലാം സമ്മതം മൂളി. സമ്മതമില്ലാതെ 'സമ്മതം' പറയേണ്ടിവന്ന എന്റെ ദുർവിധിയെ കുറിച്ച് പറഞ്ഞാൽ ഒരു പക്ഷേ നിങ്ങൾക്കു മനസ്സിലാവില്ല. കാരണം നിങ്ങളൊരു clever ആണ്. ഞാനോ? ഈ വിവരം ഞാൻ വീട്ടിൽ വിളിച്ചു പറഞ്ഞു. 98 പൈസയ്ക്ക് എന്റെ അമ്മ ചിരിച്ചു. ഞാൻ ഒപ്പന കളിക്കുന്ന എന്ന വാർത്ത കേട്ടിട്ടാണ് ഈ ചിരി. First practise കഴിഞ്ഞപ്പോൾ എനിക്കൊരു compliment കിട്ടി. എന്താണെന്നോ? "നീ കളിക്കുന്നതുകണ്ടാൽ 'ഡപ്പാംകുത്ത്' കളിക്കുന്നതുപോലെയുണ്ട്." എങ്കിലും ആ വ്യക്തിയെ ഞാൻ മനസ്സുകൊണ്ട് ബഹുമാനിച്ചു. മറ്റുള്ളവരെ പോലെ കള്ളം പറഞ്ഞില്ലല്ലോ? പക്ഷേ അടുത്ത വാചകം എനിക്ക് ഇഷ്ടപ്പെട്ടില്ല. എന്താണെന്നോ? "Practise ചെയ്താൽ ഒത്തി ശരിയായിക്കോളും." ഈ ദുരവസ്ഥയിൽ നിന്ന് രക്ഷപ്പെടാനാവില്ല

'ഒരു കലാകാരിയെ ഞാൻ കണ്ടെത്തി. വാവ. ആവലോണിന്റെ സ്വന്തം വാവ. അങ്ങനെ ആ ദിവസം വന്നെത്തി. ഏതാണ് എന്നല്ലേ? Screening, തിരുവാതിരയുടെ screening. അതിൽ നിന്ന് ഞാൻ പുറത്താകുമെന്ന് എനിക്കും കൂടെയുള്ളവർക്കും ഒരുപോലെ ഉറപ്പായിരുന്നു. അവിടെ ചെന്നപ്പോഴാണ് ഞാൻ ആ നഗ്നസത്യം മനസ്സിലാക്കിയത്. Screening നടത്തേണ്ട ആവശ്യം അവിടെ ഉണ്ടായിരുന്നില്ല. ആകെ അഞ്ചോ ആറോ പേരേ ഉള്ളൂ. 'പേര് നൽകിയവരെല്ലാം കളിക്കാൻ നിൽക്കൂ'. ആരോ പറഞ്ഞു. എനിക്കും നിൽക്കേണ്ടിവന്നു. പക്ഷേ ഞാൻ പതുക്കെ 'വലിഞ്ഞു'. വലിയുകയല്ലേ നല്ലത്. ആണ്. എനിക്കറിയാം. അങ്ങനെ ആ തലവേദനയൊഴിഞ്ഞു. കമ്മറ്റിയിലെല്ലാം നിൽക്കാം എന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. എനിക്ക് അതൊക്കെയല്ലേ പറ്റൂ. പിറ്റേന്ന് ഞാൻ ഭക്ഷണ കമ്മറ്റിയിൽ present ആയിരുന്നു. Screening നു പോയ കുട്ടികൾക്കും സാറിനും ചായ എത്തിക്കുക എന്നതാണ് ജോലി. വളരെ ഭംഗിയായി ഞാൻ ആ കർത്തവ്യം നിർവഹിച്ചു. സ്ക്രീനിങ്ങിന്റെ ദൃശ്യങ്ങൾ തത്സമയം വീക്ഷിക്കാനായി ഞാൻ ബാൽക്കണിയിൽ സ്ഥാനമുറപ്പിച്ചു. കണ്ടും ചിരിച്ചും രസിച്ചും.... അങ്ങനെയായിരുന്നു ആ screening. ഒന്നാം ക്ലാസിലെ കുട്ടികൾ ഇതിലും വൃത്തിയായി കൈകൊട്ടും എന്ന് തോന്നിപ്പോയി. പിന്നെ പിന്നെ ശരിയായി കേട്ടോ. പക്ഷേ ഒരു പ്രശ്നം ബാക്കി. ഇനിയും ആളെ തികഞ്ഞിട്ടില്ല. Sir പറഞ്ഞു "ഇതിലും നല്ലത്

എന്ന വിധി ആ നിമിഷം എന്റെ മനസ്സിൽ എഴുതപ്പെട്ടു. ആ സാറിനാണെങ്കിൽ എന്നെ കാണുമ്പോൾ എന്തെങ്കിലും കുറ്റവും കുറവും പറഞ്ഞേ തീരു. സജിത റോസ് ചുരിദാർ ഇടുന്ന ദിവസമാണെങ്കിൽ ഞാൻ രക്ഷപ്പെട്ടു. അന്ന് റോസ് താത്ത'യുടെ ദിവസമാണ്. റോസ് ചുരിദാറിടണം എന്ന് ഞാൻ അവളോട് പറയാറുണ്ടെങ്കിലും അവൾ അതിടണേ എന്ന് ഞാൻ ആശംസിച്ചിരുന്നു. 'തെറ്റ്ധരിക്കണ്ട. അവൾക്ക് വഴക്ക് കേൾക്കാനല്ല, എനിക്ക് രക്ഷപ്പെടാനാണ് ഞാൻ അങ്ങനെ ആശംസിക്കുന്നത്. Mahsuma വീട്ടിൽ പോയപ്പോൾ എന്റെ കാര്യത്തിലൊരു തീരുമാനമായി. ഒന്നും കളിക്കാനറിയില്ല. എന്നും ചീത്ത കേൾക്കും. അവളു വന്നപ്പോൾ ഞാൻ പോയി. പനിയായിട്ടാണ് ഞാൻ വീട്ടിൽ പോയത്. തിരിച്ചു വന്നു. ഇതുവരെയും ശരിക്കൊന്നു practise ചെയ്തിട്ടില്ല. ഇനിയെന്തു പറയാനാ. സാഹചര്യങ്ങൾ 'dancer' ആക്കിയതാണ് എന്നെ. ഇനിയൊരിക്കൽ dance കളിക്കാൻ നിങ്ങളൊക്കെ സമ്മതിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ഇനി ഞങ്ങളുടെ ഒപ്പന ...... കാത്തിരുന്ന കാണാം അഥവാ ശേഷം സ്റ്റേജിൽ....

RESHMA M.R.


SHAMNA

MAY : 20 2009

# ഒരു COH ഡയറിക്കുറിപ്പ്

ആദ്യ സെമസ്റ്ററിനേക്കാൾ സംഭവബഹു
ലവും രസകരവുമായിരുന്നു സെക്കന്റ് സെം. 20th
ന് ആണ് സെം register ചെയ്യേണ്ടതെങ്കിലും
75 രൂപ ഫൈനോടെ 21നാണ് ഞാൻ join
ചെയ്തത്. സാമ്പത്തിക മാന്ദ്യത്തിലായ യൂണിവേഴ്
സിറ്റി രക്ഷപ്പെടുന്നെങ്കിൽ പെടട്ടെ. അന്ന്
ഒരു ക്ലാസ്സിന് മാത്രമാണ് attend ചെയ്തത്.
ഉച്ചയ്ക്ക് ശേഷം A batchന് മാത്രമേ ക്ലാസ്സ്
ഉണ്ടായിരുന്നുള്ളൂ. B batch, ഇന്റർക്ലാസ്സ്
programmes 'co-ordinate' ചെയ്യാൻ roof topൽ
ഒന്നു കൂടി. co-ordinationന് താമസം വന്നപ്പോ
ൾ 'ബോറടിക്കണ്ടല്ലോ' എന്നു കരുതി ഞങ്ങൾ
കുറച്ചു പേർ നിർദോഷകരമായ കളികളിലേ
ർപ്പെട്ടു. ആ നിർദോഷകരമായ കളികൾ വിനാശം
പുരണ്ട പൊരണങ്ങളായി അന്നു രാത്രിയിലെ
പ്രോഗ്രാമിൽ G.B യിൽ ഞങ്ങൾക്കു ഭയം. പ
6th sense ൽ
തോന്നു വന്നു. ഈ അനുഭവം
നേരത്തെ തന്നെ ഉള്ളിൽ
മനസ്സിലാക്കിയ ഞാൻ
ഉറക്കത്തിൽ ഏർപ്പെട്ടു. എന്നെ ആനയിക്കാൻ
'ഭൂതന്മാർ' എത്തിയെങ്കിലും എന്റെ ഗാഢനിദ്ര
കണ്ട് അവർ ശല്യപ്പെടുത്താതെ മടങ്ങി. പി
റ്റേ ദിവസത്തെ പ്രഭാതം എന്നെ ഉണർത്തി
യത് കുളിയാകലും കമന്റടികളും കൊണ്ടാണ്.
G.B യിലെ mummyയുടെ കഠിനമായ ശകാര
വാക്കുകൾ ആക്രമണത്തിനിരയായവർ എന്നെ
പറഞ്ഞു കേൾപ്പിച്ചു. ബെഡ് കോഫിയേക്കാൾ
ചൂടുള്ള ആ വാർത്ത എന്നെ ഉരുക്കി

കഴിഞ്ഞു. ക്ലാസ്സിലേക്ക് പോകാൻ ഞാൻ മടിച്ചു കാരണം ക്ലാസ്സിലെ G.B യിലും ഞാൻ 'ആക്രമണം' പ്രതീക്ഷിച്ചു. G.B നടത്താനായി ആനിൽ കയറാൻ ശ്രമിച്ച ഉടൻ ഞാൻ ഒഴിയാത്ത ദാഹം അനുഭവപ്പെട്ടതു കൊണ്ട് 'വെള്ളം കുടിക്കാനായി' ഞാൻ പുറത്തു ചാടുകയും ചെയ്തു. G.B അവസാനിക്കുന്നതു വരെ ഞാൻ വെള്ളം കുടിച്ചു കൊണ്ടേയിരുന്നു- തിരിച്ചെത്തിയ എന്നോട് ഇന്നലത്തെ സംഭവത്തെക്കുറിച്ച് പരാമർശം ഉണ്ടായില്ല എന്നു പറഞ്ഞ്. സുഹൃത്തുക്കൾ ആശ്വസിപ്പിച്ചു. ഉച്ചയ്ക്ക് ഹോസ്റ്റലിൽ എത്തി ഭക്ഷണം കഴിച്ച് മടങ്ങാനിരുന്ന എന്നെയും തേടി വീണ്ടും ഒരു 'ഉൾക്ക' ഉറഞ്ഞു വന്നു. 'നാല് മണിക്ക്' .വീണ്ടും G.B'. റൂമിലെ Kaithan fan ന്റെ ചുവട്ടിൽ നിന്നു ഞാൻ വിയർത്തൊലിച്ചു. മുറ്റത്തിയിലേക്ക് പലായനം ചെയ്യാൻ ശ്രമം നടത്തിയെങ്കിലും എന്റെ ഉദ്ദേശ്യം മനസ്സിലാക്കിയ മമ്മി എന്നെ പരക്കം പായിച്ചു. വീണ്ടും വെള്ളം കുടിക്കുന്നതിനെക്കുറിച്ച് ആലോചിച്ചെങ്കിലും പിന്നെ വേണ്ടെന്ന് തീരുമാനിച്ചു.

G.B ആരംഭിച്ചു. എന്നാൽ ഹോസ്റ്റലിലെ G.B യിലേതു പോലെ ശകാരവാക്കുകൾ ഒന്നും തന്നെ ആനിൽ നിന്നും ഉതിർന്നില്ല. മനസ്സാ ആനിലിന് നന്ദി പറഞ്ഞു കൊണ്ട് ഞാൻ പടികളിറങ്ങി താഴെ വന്നു. രമ്യയോടൊപ്പം കഥകൾ പറഞ്ഞു വന്ന എന്നെ കാത്ത് മറ്റൊരു nuclear bomb

തയ്യാറെടുക്കുന്നുണ്ടായിരുന്നു. താഴെ എത്തിയ ഞങ്ങളെ സൽക്കാരയിൽ lolipop-ഉം നുണഞ്ഞ് rest എടുത്തിരുന്ന ചേട്ടന്മാർ പിടികൂടി. എന്നാൽ bomb വെള്ളത്തിൽ അലിഞ്ഞു പോയി. ചേട്ടന്മാരുമായി സൗഹൃദസംഭാഷണത്തിനു ശേഷം അവരെ സ്വന്തം ചേട്ടന്മാരായി പ്രഖ്യാപിച്ചുകൊണ്ട് ഒരു lolipop-ഉം assignment-ഉമായി ഞങ്ങൾ മടങ്ങി. വീണ്ടും അനിലിന്റെ മുമ്പിൽ വന്നുപെട്ടു തിരുവാതിരയ്ക്കാളില്ലാത്ത tension-ടിച്ച് നടന്ന നിധിന്റെയും അനിലിന്റെയും മുന്നിൽ ഞാൻ ഉത്തരംമുട്ടി മടങ്ങി നിന്നു. നിധിൻ തുടങ്ങിയിട്ടു കൊടുത്തതോടെ അനിൽ ബാക്കി പറഞ്ഞു പറയാൻ ആരംഭിച്ചു. ഷംനയെ വിളിച്ചുകൊണ്ടു വരാം എന്നുറപ്പുകൊടുത്ത് ഞാൻ hostel-ൽ എത്തി ഷംനയെ ഒരു വിധം പറഞ്ഞു വിട്ടു സൽക്കാരയിലെ അനുഭവം വിനുവിനോടു പറഞ്ഞു കൊണ്ട് നിന്നിരുന്ന എന്നെ ശോഭനം ഒന്നിലെ ചേച്ചിമാർ കാണുകയും അവിടുന്നുള്ള മടക്കയാത്രയിൽ കുശലം പറയാനായി ക്ഷണിക്കുകയും ചെയ്തു. ആ സംഭവം വീട്ടിൽ വിളിച്ചു പറഞ്ഞു വന്ന എന്നെ കാത്തുനിന്നത് Poseidon-ലെ ചേച്ചിമാരാണ്. വീണ്ടുമൊരു സൗഹൃദസംഭാഷണത്തിനുശേഷം ഞാൻ റൂമിലെത്തി. വല്ല വിധേനയും പല പരീക്ഷണങ്ങളിൽ നിന്നും രക്ഷപ്പെട്ട് നടു നിവർത്താൻ കിടന്ന ഞാൻ നിമിഷങ്ങൾക്കുള്ളിൽ ക്ലോറോഫോം മണപ്പിച്ച insect-നെപ്പോലെ ബോധം കെട്ടു.

സൂര്യ വിജയൻ

# തെരുവിന്റെ സ്വപ്നങ്ങൾ

രാവിലെ അമ്മ വന്ന് വിളിച്ചപ്പോഴാണ് അപ്പു എഴുന്നേൽക്കുന്നത്. അമ്മുവിനെ വിളിച്ചിട്ട് അവൾ വീണ്ടും പുതപ്പിനുള്ളിലേക്ക് കയറിക്കിടന്നതേയുള്ളൂ. അവനോട് കുളിച്ച് വരാൻ പറഞ്ഞ് അമ്മ അടുക്കളയിലേക്ക് പോയി. അമ്മയെ കാണാൻ എന്തുഭംഗിയാണെന്നോർത്ത് നിൽക്കുമ്പോഴാണ് വീടിന്റെ മുന്നിലെ പൂന്തോട്ടത്തിലേക്ക് അപ്പുവിന്റെ ശ്രദ്ധ തിരിഞ്ഞത്.

എന്തു രസമാണ് പൂന്തോട്ടത്തിലൂടെ നടക്കാൻ! അവൻ വാതിൽ തുറന്ന് പുറത്തിറങ്ങി. ചെറിയ കൂടൽ മഞ്ഞുണ്ട് അതിലൂടെ സൂര്യ രശ്മികൾ വന്ന് പൂന്തോട്ടത്തിൽ പതിക്കുന്നു. എത്രയേറെ ചിത്രശലഭങ്ങളാണ്. എന്തു ഭംഗിയാണ് അവയെ കാണാൻ. എത്ര കിളികൾ, അവയുടെ പാട്ട് കേൾക്കാൻ എന്ത് രസം. ഇങ്ങനെ ചിന്തിച്ചു നിൽക്കുമ്പോഴാണ് അമ്മു ഉണർന്ന് വന്നത്. അമ്മുവിനെ കാണാൻ എന്തോ ഒരു വ്യത്യാസം, നല്ല ഭംഗി അത് എന്താണെന്ന് അവന് മനസ്സിലായില്ല.

“ഇതു വരെ കുളിച്ച് വന്നില്ലേ, സ്കൂളിൽ പോകണ്ടേ?” എന്ന അമ്മയുടെ ചോദ്യം കേട്ടപ്പോഴാണ് സ്കൂളിൽ പോകുന്നതിനെക്കുറിച്ച് അവൻ ഓർത്തത്. പിന്നെ അമ്മുവിനെയും കൂട്ടി

കുളിച്ച് വന്നപ്പോഴേക്കും അമ്മ കാപ്പി എടുത്ത് വച്ചിരുന്നു. അച്ഛൻ ഭക്ഷണം കഴിക്കാൻ ഇരുന്നു. അച്ഛൻ ഓഫീസിൽ പോകാൻ ഒരുങ്ങി ഇരിക്കുകയാണ്.

ഇപ്പം സ്കൂൾ ബസ്സ് വരും അതിന് മുമ്പ് ഭക്ഷണം കഴിക്കെന്ന് അച്ഛൻ പറഞ്ഞപ്പോഴാണ് സ്കൂൾ ബസ്സ് വരുന്നകാര്യം അവൻ ഓർത്തത്. അച്ഛന്റെ അടുത്ത് കസേരയിൽ അവനിരുന്നു. അമ്മുവും വന്ന് ഭക്ഷണം കഴിക്കാനിരുന്നു. അമ്മ അവന്, ഏറ്റവും ഇഷ്ടമുള്ള പാലപ്പവും കറിയും വിളമ്പി. അമ്മ തന്നെ അതെടുത്ത് അവനും അമ്മുവിനും വാരിക്കൊടുത്തു. അമ്മയുടെ കയ്യ് കൊണ്ട് കഴിച്ചിട്ടായിരിക്കാം ഒരിക്കലുമില്ലാത്ത ഒരു രുചി അവനു തോന്നിയത്. പെട്ടന്നാണ് സ്കൂൾ ബസ്സിന്റെ ഹോൺ കേട്ടത്. സോഫയിലിരുന്ന ബാഗും എടുത്ത് അമ്മുവിനെയും കൂട്ടി അവൻ ബസ്സിൽ കയറാനായി ഓടിയതും ഒരു ചെടിച്ചട്ടിയിൽ കാൽ തട്ടി വീണതും ഒരുമിച്ചായിരുന്നു.

പെട്ടെന്ന് അപ്പു ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നു. വാതിൽക്കൽ നിന്ന് കൈവീശിക്കൊണ്ടിരുന്ന അമ്മയെ കാണുന്നില്ല...!!! അച്ഛൻ എവിടെ... ?? തട്ടിവീണ ചെടിച്ചട്ടി കാണുന്നില്ല !! അമ്മുമാത്രം അവന്റെ അരികിൽ ഉറങ്ങുന്നുണ്ട്. പക്ഷെ അമ്മു എന്താണിങ്ങനെയിരിക്കുന്നത് ? അവളുടെ വസ്ത്രം കീറി മുഷിഞ്ഞിരിക്കുന്നു. അവൾ പുതച്ചിരിക്കുന്നത് ഒരുചാക്കാണ്. അപ്പോഴാണ് അപ്പുവിന് താൻ കണ്ടത് വെറുമൊരു സ്വപ്നം മാത്രമാണെന്ന് മനസ്സിലായത്. താനും അമ്മുവും തെരുവിന്റെ മക്കളാണെന്നും, അമ്മയും അച്ഛനും സ്കൂളും

അമ്മയുടെ കൈകൊണ്ടുള്ള ഭക്ഷണവുമൊക്കെ വെറും സ്വപ്നം മാത്രമാണെന്നുമുള്ള യാഥാർത്ഥ്യം അവന് മനസ്സിലായത്.

അപ്പു, താൻ പുതച്ചിരുന്ന ചാക്ക് മാറ്റി അടുത്തുള്ള പൈപ്പിൽ നിന്നും വയറുനിറയെ വെള്ളം കുടിച്ച് തിരിച്ചു വന്നു. രണ്ടു ദിവസമായി തനിക്കും അമ്മുവിനും വയറുനിറയ്ക്കാനുള്ള ഏകമാർഗ്ഗം ആ പൈപ്പ് മാത്രമായിരുന്നുവെന്ന് അവനോർമ്മവന്നു. തിരികെ വന്ന് കടത്തിണ്ണയിൽ കയറികിടക്കുമ്പോഴും അവന്റെ മനസ്സിൽ സ്വപ്നത്തിൽ കണ്ട അമ്മയായിരുന്നു.

അവൻ ഉറക്കത്തിലേക്ക് വഴുതിവീണു, മറ്റൊരു സുന്ദരസ്വപ്നത്തിനായി.....

JOSENA JOSE

# എന്റെ മാസ്റ്റർ

ഗേറ്റ് കടന്നു ഞാനും ഉമ്മയും സാറിന്റെ വീട്ടുമുറ്റത്തേക്ക് കയറി. അവിടെ അടുത്തെങ്ങും ആരുമുണ്ടായിരുന്നില്ല. അകത്തേക്ക് കയറിച്ചെന്നപ്പോൾ ആദ്യം രശ്മി മിസ്സിനെയാണ് കണ്ടത്. മിസ്സ് ഞങ്ങളെ അക്ക ടീച്ചറുടെ അടുത്തേക്ക് കൊണ്ടുപോയി. ശൂന്യത അവരുടെ കണ്ണുകളിൽ പ്രതിഫലിച്ചിരുന്നു. 'ദഹിപ്പിക്കൽ രാവിലെ തന്നെ കഴിഞ്ഞു. മരണസമയത്ത് എല്ലാ മക്കളും അടുത്തുണ്ടായിരുന്നു. ആരെയും കാത്തിരിക്കാനില്ലാത്തതു കൊണ്ട് നേരത്തെ തന്നെ കഴിച്ചു.' ജനലിനപ്പുറത്ത് അവസാനത്തെ വിറകും കത്തിത്തീരുന്നത് ഞാൻ കണ്ടു. എന്റെ കണ്ണുകൾ അറിയാതെ നനഞ്ഞു. ആദ്യമായി ഒരു മരണം എന്നെ വേദനിപ്പിച്ചു.

കരുണാകരൻ സാർ, ഞങ്ങൾക്കെന്നും ഭയമായിരുന്നു ആ മുഖം. ആ കൊമ്പൻമീശ സാറിന്റെ വ്യക്തിമുദ്രയായിരുന്നു.

ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് ഞാൻ ആദ്യമായി ആ പടി കയറുന്നത്. ഞങ്ങളുടെ ട്യൂഷൻ മാസ്റ്ററായിരുന്നു. ഞങ്ങൾ അഞ്ചുപേരായിരുന്നു ആദ്യമുണ്ടായിരുന്നത്. ഞാനും അഞ്ജുവും അപർണയും ഹരികൃഷ്ണനും രാഹുലും. തെറി സാറിന്റെ വീക്ക്നസ് ആയതുകൊണ്ട് സാറിന്റെ തെറി കേൾക്കാത്ത ഒരു ദിവസം പോലും ഞങ്ങൾക്കുണ്ടായിരുന്നില്ല. പിന്നീട് 8, 9, 10 മൂന്ന് വർഷം സാർ ഞങ്ങൾക്ക് ട്യൂഷനെടുത്തു. അന്ന് പതിനാലോളം കുട്ടികളുണ്ടായിരുന്നു ഞങ്ങളുടെ കൂടെ. അതുകൊണ്ട് തെറിയുടെ തീവ്രതയും വർദ്ധിച്ചു.

'ഇന്ന് ഒരു മുരിങ്ങ വീണു. സാറ് ദേഷ്യത്തിലാണ്, സൂക്ഷിച്ചോളൂ.' സാറിന്റെ വീട്ടിലെ ചേച്ചി മുന്നറിയിപ്പ് തരും. പക്ഷേ ഞങ്ങളൊരിക്കലും സാറിനെ വെറുത്തിരുന്നില്ല. ഹോം വർക്ക് ഇല്ലാത്ത ദിവസങ്ങളിൽ

സാറും ഞങ്ങളുടെ സന്തോഷങ്ങളിൽ പങ്കുചേരും. പിന്നെ ചിരിയും ബഹളവുമായി ക്ലാസ്സ് തീരും. ഹോംവർക്ക് ഉള്ള ദിവസങ്ങളിലാകട്ടെ കരച്ചിലും ബഹളവുമായിട്ടായിരിക്കും അവസാനിക്കുക!

സാറില്ലാത്തപ്പോൾ ബഹളം വെക്കുന്നത് സാറിന് ഇഷ്ടമായിരുന്നില്ല. കൂടുതൽ ശിക്ഷയും ഈ ബഹളത്തിനായിരുന്നു. നേരത്തെ എത്തിയാൽ വെയിലിൽ നിൽക്കാൻ പറയും. എല്ലാവരും എത്തിയതിനു ശേഷം മാത്രമേ ക്ലാസ്സിൽ കയറാൻ സമ്മതിക്കൂ. കൂടെ സാറും കയറും. പിന്നീട് സ്ഥാനം ക്ലാസ്സിലേക്ക് മാറ്റി. അത് അച്ചടക്കം പഠിച്ചതു കൊണ്ടല്ല. വെയിലിൽ നിന്ന് ബഹളമുണ്ടാക്കുന്നത് അയൽവാസികൾക്ക് ശല്യമാകുന്നെന്ന് പരാതി വന്നതുകൊണ്ടാണ്. അങ്ങനെ ഞങ്ങൾ വീണ്ടും ക്ലാസ്സിൽ കയറാൻ തുടങ്ങി.

തുടർച്ചയായ സംസാരം സാറിന്റെ ആരോഗ്യത്തെ വല്ലാതെ ബാധിച്ചിരുന്നു. സാർ പലപ്പോഴും ക്ലാസ്സെടുക്കാൻ പറ്റില്ലെന്നു പറഞ്ഞപ്പോഴും ഞങ്ങളോടുള്ള ദേഷ്യം കൊണ്ടാണെന്നാണ് കരുതിയത്. സാറിന്റെ കാല് പിടിച്ച് ഞങ്ങൾ വീണ്ടും ക്ലാസ്സ് തുടങ്ങും.

ഒരിക്കൽ അപർണ്ണ വിളിച്ചു പറഞ്ഞു. ക്ലാസ്സില്ല. സാർ ഹോസ്പിറ്റലിലാണ്. ഹാർട്ട് അറ്റാക്ക് ആണ്! ഒരു തരം നിർവികാരത തോന്നി. സാർ തിരിച്ചു വന്നു. പക്ഷെ, ക്ലാസ്സ് നിർത്തി. എന്നാലും എല്ലാവരും പത്താം ക്ലാസ്സ് നല്ല മാർക്കോടെ പാസ്സായി.

പിന്നീട് ഞാനും അപർണയും P.K.M.M.H.S.S ൽ പ്ലസ്ടുവിന് ചേർന്നു. സാറിന്റെ മരുമകളായിരുന്നു ഞങ്ങളുടെ ബോട്ടണി ടീച്ചർ. രശ്മി മിസ്സ്– സാറിനെപ്പോലെത്തന്നെ.

മുടങ്ങാതെ ഞാനും അപർണയും രണ്ട് മാസത്തിലൊരിക്കൽ സാറിനെ കാണാൻ പോയിരുന്നു. ഞങ്ങളായിരുന്നു സാറിന് ആകെയുണ്ടായിരുന്ന അതിഥികൾ പിന്നീട് ഞങ്ങളും പോവാതായി. കാരണം സാറിന്റെ ഭാര്യയിരുന്ന തങ്കടീച്ചറായിരുന്നു. സംസാരിക്കരുതെന്ന്

ഡോക്ടർ പല പ്രാവശ്യം പറഞ്ഞിരുന്നു. പക്ഷേ സാറതൊരിക്കലും ചെവിക്കൊണ്ടിരുന്നില്ല. ഡോക്ടർ പറഞ്ഞതിന്റെ എതിര് ചെയ്യുക എന്നത് സാറിന്റെ ഹോബിയായിരുന്നു. ആരോടോ വാശി തീർക്കുന്നത് പോലെ. തങ്കടീച്ചർ വിലക്കിയതോടെ ഞങ്ങളും പോവാതായി.

മാസങ്ങൾക്കു ശേഷം അപ്രതീക്ഷിതമായ ഒരു ഫോൺകോൾ, അപർണയായിരുന്നു. 'നമ്മുടെ കരുണാകരൻ സാർ മരിച്ചു. നീയറിഞ്ഞോ?' എന്നു പറയണം. ഒരു തരം മരവിപ്പ് തോന്നി. 'ഞാൻ അറിഞ്ഞില്ല.' 'രാവിലെയായിരുന്നു. എനിക്ക് വരാൻ പറ്റില്ല. നീ പോകണം.' അവൾക്ക് കണ്ണൂരിൽ നിന്ന് പെട്ടെന്ന് എത്താൻ പറ്റില്ലായിരുന്നു.

'വെന്റിലേറ്ററിൽ ഒരുപാട് ദിവസം കിടന്നു. അവസാനസമയത്ത് എല്ലാവരേയും കാണാൻ അനുവദിച്ചിരുന്നു.' രശ്മി മിസ്സ് പറഞ്ഞു. അവർ അത് പ്രതീക്ഷിച്ചിരുന്ന മരണമായിരുന്നു.

എന്റെ മരവിപ്പ് കണ്ണുനീരായി മാറിയത് ഞാൻ പോലുമറിഞ്ഞില്ല. അവസാനകാലത്ത് ഒന്നു കാണാൻ പോലും ഞങ്ങൾക്ക് ഭാഗ്യം സിദ്ധിച്ചില്ലല്ലോ.

ഓരോ പ്രാവശ്യം പോവുമ്പോഴും സാറ് ഞങ്ങളെ അനുഗ്രഹിച്ചിരുന്നു. ആ ആശീർവ്വാദം ഒരു ആത്മവിശ്വാസമായിരുന്നു.

ഗേറ്റ് കടന്നു പോകുമ്പോൾ ആരോ കാതിൽ മന്ത്രിക്കുന്നത് പോലെ തോന്നി "നന്നായി വരും."

NAJIYA SAMAD



# WAY TO HORTI

I started my +2 classes aiming at adding 4 letters - M.B.B.S - to my name. I was very angry towards all those who tried to divert me from science group. As a revenge I joined 'Vikas Junior college', Thirupathi. Initially I studied for about 16 hrs but thereafter my mindset was diverted towards the world of films. It was not a complete 'good-bye' from my studies. By God's grace I returned to the correct 'track'.

I gave more emphasis to theory and as a result I lost my command over 'objective questions'. Any way, I was the 3rd among 25 students! I was elected to an elite eight [illegible] called the 'Intensive care batch'. Teachers had lot of expectations from us but, the extra burdens of records, practicals, assignments were too much for my little shoulders. I neglected objectives completely and selected 'release pictures'. As a result, I got a rank which is now I dream to get as my salary - 20,000!

House became a battle field! After continuous scoldings and pressure I joined in P.C. Thomas classes. I started studying with lot more enthusiasm but unfortunately I discovered that the topics here are entirely different

from 'Andhra syllabus'. I had great support only from my Physics teacher - Sasidharan sir. At the final days, I reduced going to exams as I had no full fledge knowledge on topics. A flame of hope was with me and this made me to apply for more than 5 entrance exams and with great determination I wrote Kerala entrance.

My hopes shattered like anything when the results were announced. My rank - 2973 was enough for me in getting a B.D.S seat. But my father were not interested in that course. My brother - as he was an M.B.B.S doctor - compelled me to apply for B.D.S. Anyway I 'cheated' him in the last moment of giving options to courses. He still believes that I gave option to B.D.S - but only I & my father know the truth. After allotment I pretended to cry as though I didn't got B.D.S

At last, with great pleasure & lot of expectations I reached Horti!

P. RIJITH

# നിശബ്ദത

രാത്രി, അതിന്റെ സ്വന്തം ശബ്ദങ്ങൾ പുറപ്പെടുവിക്കാൻ തുടങ്ങി. കാതു തുളച്ചു കയറുന്ന ചീവീടിന്റെ കരച്ചിൽ അസഹ്യമായി അനുഭവപ്പെട്ടപ്പോൾ വരാന്തയിൽ നിന്ന് എഴുന്നേറ്റ് കിടപ്പുമുറിയിലേക്ക് നടന്നു. സ്ട്രീറ്റുലൈറ്റുകൾ പണ്ടേ ഉറങ്ങിയിരിക്കുന്നു. ഇനി അവയെ ഉണർത്താൻ ഒരുപാടു സമയം വേണ്ടിവരും. അതിനാൽ അവരുടെ ഉറക്കത്തെ ശല്യം ചെയ്യാതെ ഗോവണിപ്പടികൾ തപ്പിപ്പിടിച്ച് മുകളിലെത്തി. കൊത്തുപണികൾ നിറഞ്ഞ ആ തേക്കുവാതിലിന്റെ കുറ്റി പതുക്കെ അമർത്തി വാതിൽ തുറന്നു. ബെഡ്‌ലാംപിന്റെ നേർത്ത പ്രകാശം ആ റൂമിൽ തങ്ങിനിന്നിരുന്നു. പണ്ടേ വിരിച്ചിട്ടിരുന്ന കിടക്കവിരി കണ്ടപ്പോൾ കിടക്കുവാൻ തോന്നി. പക്ഷേ ഉറക്കം വന്നതേയില്ല. അടച്ചിട്ട ആ മുറിയിൽ എന്തോ ഒന്ന്.... ഏയ് ഒന്നുമില്ല. ആ നേരിയ പ്രകാശത്തിൽ മുറിയിൽ എന്തെല്ലാമോ കാണാമായിരുന്നു. കാറ്റിൽ കർട്ടനുകൾ ഒന്നിളകി. അപ്പോഴാണ് ജനൽ ചാരിയിരുന്നില്ല എന്നോർത്തത്. വാതിലുകൾ ചാരാനായി അവിടം വരെ ചെന്നപ്പോൾ 'ആകാശം' ഒരു മൈതാനം പോലെ എന്റെ മുൻപിൽ നിന്നു. കണ്ണുചിമ്മുന്ന ആയിരം നക്ഷത്രങ്ങൾ വാരിവിതറിയ ആ കാഴ്ച എത്രനേരം നോക്കിനിന്നു? ചിന്തകൾ മനസ്സിനുള്ളിൽ കുമിഞ്ഞുകൂടി, വെളിപ്പെടുത്താനാവാത്ത സത്യങ്ങളിലേക്ക് ഒരു നിമിഷം മനസ്സു പാഞ്ഞുപോയി.

നേരത്തേ കിടക്കണമെന്നു തീരുമാനിച്ചതാണ് . എങ്കിലല്ലേ നേരത്തേ ഉണരാനൊക്കൂ. വളരെ കഷ്ടപ്പെട്ട് നേടിയെടുത്ത സൗഭാഗ്യമാണത് . സമയത്തിന്റെ പേരിൽ നഷ്ടപ്പെടുത്താനാവില്ലത് . യാത്രയ്ക്കൊരുങ്ങുമ്പോൾ സമയം അതിന്റെ സ്ഥാനം പിടിച്ചിരിക്കണമല്ലോ . കർട്ടൻ നീക്കി വാതിലുകൾക്ക് കൊളുത്തിട്ട് വീണ്ടും കട്ടിലിൽ വന്നിരുന്നു. ഒറ്റയ്ക്കങ്ങനെയിരിക്കുന്നത് ഇഷ്ടമില്ലാത്തതിനാൽ കിടന്നു . പുതപ്പ് വലിച്ച് കാൽമൂടി. ചുട്ടുകാറ്റു നിറച്ചുകൊണ്ട് ഫാൻ കറങ്ങിയിട്ടും , മോർട്ടീൻ തിരികൾ പുകഞ്ഞിട്ടും കൊതുക് അവന്റെ ഇമ്പമുള്ള പശ്ചാത്തലസംഗീതവുമായി അടുത്ത് വന്നുകൊണ്ടേയിരുന്നു രക്തദാനം ചെയ്യാൻ തീരെ താൽപര്യമില്ലാത്ത ഈ ശരീരത്തിൽ നിന്നും ഇങ്ങനെയൊരു ദാനം ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല . പ്രതീക്ഷകൾ എന്ന ഓമനപ്പേരിന് പതിവുസംഭവങ്ങൾ ഉൾപ്പെടാത്തവയാണല്ലോ . സംഭവിക്കാത്ത , സംഭവിക്കുമെന്നു കരുതുന്ന ഒട്ടേറെ സ്വപ്നങ്ങളും സങ്കൽപങ്ങളും മാത്രമാണല്ലോ അവ . രാത്രിയിൽ തളം കെട്ടിനിന്ന 'നിശബ്ദത' അത് നിമിഷങ്ങളെ പിറകിലേയ്ക്ക് വലിയ്ക്കുന്നതായി അനുഭവപ്പെട്ടു . ഒരു നൂറുചിന്തകൾ , ജീവിതത്തിലുടനീളം നിശബ്ദമായി നിന്ന സംഭവങ്ങൾ . അന്നുമുതൽ ഇന്നുവരെ ജീവിതം ഒരു നിശ്ശബ്ദതയുടെ നീണ്ട ശൃംഖലയായിരുന്നു. കൊച്ചുകൊച്ചു ചോദ്യങ്ങൾക്കും മറ്റും നീണ്ട നിശബ്ദത പാലിച്ച് ഒടുവിൽ ജീവിതമെന്ന വലിയ ചോദ്യത്തിനുമുൻപിൽ നിശബ്ദമായി


പകച്ചു നിന്നു. എന്തും കാണുമ്പോൾ, കേൾക്കുമ്പോൾ ഒന്നും തന്നെ പ്രതികരിച്ചില്ല. നീണ്ട നാഴികകൾ മാത്രം മുൻപിൽ, പക്ഷെ............. ക്ലോക്കിന്റെ സൂചിയുടെ ശബ്ദം എന്തോ അസ്വസ്ഥത ഉണ്ടാക്കാൻ തുടങ്ങി. പകൽ ആ ശബ്ദത്തെ അൽപം പോലും ശ്രദ്ധിക്കാതെ കടന്നുപോയപ്പോൾ ചിന്തിച്ചി-ല്ലല്ലോ ഇതൊന്നും. ടാപ്പിന്റെ ലീക്കുമൂലം ഒന്നൊന്നായി വീഴുന്ന വെള്ളത്തുള്ളിയുടെ ശബ്ദവും, നേരത്തെ പറഞ്ഞ ക്ലോക്കിന്റെ ടിക് ടിക്കും, വാഹനങ്ങളുടെ നീണ്ട ഇടവേള വിട്ടുള്ള ഇരമ്പലും ഒരുപാടൊരുപാട് അസ്വസ്ഥതയുടെ വാതിലുകൾ തുറന്നു.

പ്രഭാതത്തിന്റെ പൊൻകതിരുകൾ വീശുമ്പോൾ, ചായ കപ്പുമായി വേലക്കാർ മുറിയിൽ വരുമ്പോൾ, ഈ ലോകത്തിന്റെ അസഹ്യമായ ശബ്ദമതിലുകൾ തകർത്ത് യാത്ര തുടങ്ങിയിരിക്കും. നാം. എല്ലാ ശബ്ദങ്ങളും നീക്കി നനുത്ത നനുത്ത നിശബ്ദതയുടെ നാട്ടിലേയ്ക്കു പോകണം.

അനില എം.എ



SANDHYA


JUSTINA
JANCY
BABITHA
BINCY
APARNA
RANJAN
RESHMA
RESHMIKA
ANIL
SAMEER
RUBEENA
DEEPTHI
SULAKSHANA
SURYA
SRUTHY
VYSAGHAN
SAJEERA
DARSANA
DRISHYA
RIJITH
RANJAN
MRITHUL
ANAGHA
MAHSUMA
SHAMNA
AVALON
ANJHU
PRADEEP
PRAVEEN
NITHIN
NIMISHA
NAYANA
ONIMA
MINNU
SAEED
ABHISHEK
SREEREMYA
RESHMA
MITHU
TEENA
ASHIQUE
ISNA
ASWATHY
RUBEENA
BASIL
MANJU
ASWATHY
ANIL
AJAY
SHAFEEQ
NAHLA
SHANTHI
NEETHU
SANTHI
JINCY
JOSENA
JOSNA
SANDHYA
DANISH
NANU
JAVED